# കാക്കും കരങ്ങൾ

പ്രൊഫ. സി.എം. മാത്യു, ചാന്ത്യം

# കാക്കും കരങ്ങൾ

**പ്രൊഫ. സി.എം. മാത്യു, ചാന്ത്യം**

*റിട്ടയേർഡ് പ്രൊഫസർ*

*എം.എ. കോളേജ് ഓഫ് ആർട്ട്സ്, കോതമംഗലം*

●

ചാന്ത്യം, കോലഞ്ചേരി പി.ഒ.,

കേരളം. പിൻ - 682 311

ഫോൺ: 0484 2760999, 9447744709

●

**COVER DESIGN :**

SWAMINATHAN, COMPUTER PARK

●

**DTP & PRINTED AT :**

MERIN GRAPHICS, EDAPPALLY TOLL, KOCHI - 682 024.

PH: 0484 - 2543458.

●

COPY RIGHT RESERVED

●

# ഉള്ളടക്കം

1. ദമസ്ക്കൊസ് റോഡ്..........................................13

2. യെരീഹോ റോഡ്..........................................34

3. യെരീഹോവിലെ കുരുടൻ.............................50

4. ഉയരം കുറഞ്ഞവനെ ഉയർത്തിയ റോഡ്......63

5. നയിൻ റോഡ്.................................................77

6. കാൽവറി റോഡ്............................................87

7. ദൈവീക കൈമാറ്റം....................................105

8. നല്ല ഇടയൻ.................................................118

# അവതാരിക

പ്രൊഫ. സി.എം. മാത്യു സാറിന്റെ രണ്ടാമത്തെ പുസ്തകമായ "**കാക്കും കരങ്ങളു**"ടെ അവതാരിക എഴുതുവാൻ എന്നോട് ആവശ്യപ്പെട്ടപ്പോൾ ഞാൻ വളരെ അത്ഭുതത്തോടെയാണ് ആ ചുമതല ഏറ്റെടുത്തത്. ബഹു. സാറും ഞാനും ഏതാണ്ട് ഒരേ കാലഘട്ടത്തിലാണ് ദമസ്കൊസ് റോഡിൽ വച്ച് ദൈവശബ്ദം കേൾക്കുവാനിടയായത്. എന്റെ ദമസ്കൊസ് റോഡ് വലമ്പൂർ സെന്റ് മേരീസ് പള്ളിയകമായിരുന്നു. സാറിന്റേത് ബഹു. പ്രൊഫ. എം.വൈ. യോഹന്നാൻ സാറിന്റെ ഭവനത്തോടു ചേർന്നുള്ള പ്രാർത്ഥനാഹാളും.

മനുഷ്യൻ മാനസാന്തരപ്പെടുന്നത് ദൈവവചനം മൂലം – ദൈവശബ്ദം കേട്ടാണ്. അതിനായി ദൈവം തന്റെ

വിശ്വസ്ത ദാസരെ ഉപയോഗിക്കുന്നു. ഞാനും സാറും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രസിഡന്റ് പ്രൊഫ. എം.വൈ. യോഹന്നാൻ സാറിന്റെ നാവിലൂടെ വന്ന തിരുവചനം കേട്ടാണ് മാനസാന്തരപ്പെട്ടത്, 1973–ൽ.

കോതമംഗലം എം.എ. കോളേജിൽ നിന്ന് റിട്ടയർ ചെയ്ത ബഹു. സി.എം. മാത്യുസാർ ഇപ്പോൾ മുഴുവൻ സമയവും സുവിശേഷവേലയിൽ ആണ്. സാറിന്റെ വീടിനോട് ചേർന്നുള്ള പ്രെയർഹാളിൽ മാസത്തെ ഒന്നാമത്തെയും മൂന്നാമത്തെയും ബുധനാഴ്ചകളിൽ യുവാക്കൾക്കുവേണ്ടി മാത്രമുള്ള ബൈബിൾ ക്ലാസു നടക്കുന്നു. ഏതാണ്ട് മുവ്വായിരത്തോളം യുവാക്കൾ അതിൽ സംബന്ധിക്കുന്നു.

എല്ലാ കൂടിവരവിലും ഞാൻ സ്ഥിരം സംബന്ധിക്കുന്ന ആളാണ്. അനേകായിരം യുവാക്കളുടെ മാനസാന്തര അനുഭവങ്ങൾ ഞാൻ കേൾക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും എനിക്കും ഭാഗ്യം ലഭിച്ചിട്ടുണ്ട്. നാടിനും നാട്ടാർക്കും വീട്ടുകാർക്കും സ്ഥാപനങ്ങൾക്കും പ്രശ്നക്കാരായ യുവാക്കൾ ഇന്ന് സാറിന്റെ ശുശ്രൂഷ മുഖാന്തിരം മാനസാന്തരപ്പെട്ട് സ്വർഗ്ഗീയ സന്തോഷം അനുഭവിക്കുന്നു.

എട്ട് അദ്ധ്യായങ്ങൾ ഉള്ള സാറിന്റെ ഈ രണ്ടാമത്തെ പുസ്തകത്തിൽ പ്രധാനമായും തിരുവചനത്തിലെ റോഡുകളെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. പുസ്തകം വായിക്കുമ്പോൾ നാം ആ റോഡിൽ കൂടി പോകുന്നതായി നമുക്ക് തീർച്ചയായും അനുഭവപ്പെടും.

23-ാം സങ്കീർത്തനം ആടുകളും ഇടയനും തമ്മിലുള്ള ആത്മ ബന്ധത്തിന്റെ സങ്കീർത്തനമാണ്. ഈ ഉറ്റ ബന്ധം പ്രദാനം ചെയ്യുന്ന അനുഭവങ്ങളിലൂടെയുള്ള ഒരു തീർത്ഥ യാത്രയിലേക്ക് ഈ പുസ്തകത്തിലെ ഒടുവിലത്തെ അദ്ധ്യായം നമ്മെ നയിക്കുന്നു.

ബഹു. സാർ യുവജനങ്ങൾക്കുവേണ്ടി എടുക്കുന്ന ബൈബിൾ ക്ലാസ് പുസ്തകരൂപത്തിൽ ആക്കണമെന്ന് കഴിഞ്ഞ ദിവസം ഞാൻ സാറിനോട് ആവശ്യപ്പെടുകയുണ്ടായി. അത് നിറവേറ്റുമെന്ന് പ്രത്യാശിക്കുന്നു. ബഹു. സാറിനെ, കൂടുതൽ പുസ്തകങ്ങൾ എഴുതുവാൻ ഇനിയും സർവ്വശക്തനായ ദൈവം തന്റെ കരങ്ങളിൽ ഉപയോഗിക്കട്ടെ എന്നും, ഈ പുസ്തകം വായിക്കുന്നതിലൂടെ അനേകായിരങ്ങൾ യേശുവിനെ കണ്ടുമുട്ടട്ടെ എന്നും പ്രാർത്ഥിക്കുന്നു.

**റവ. ഫാദർ തോമസ് പഴമ്പിള്ളി**

കുമ്മനോട്
15-04-2010

## ആമുഖം

ബ്രിട്ടനിൽ ഈയിടെ ആരംഭിച്ച ഒരു പുതിയ വിപ്ലവത്തെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വന്നു. ഇഷ്‌മുള്ളവരോടൊപ്പം കിടന്നുറങ്ങാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി കലാലയങ്ങളിൽ യുവതീയുവാക്കന്മാർ സമരം ചെയ്യുന്നു. സമ്മർദ്ദത്തിനുവഴങ്ങി പല കോളേജുകളും ഈ സ്വാതന്ത്ര്യം നല്കിക്കഴിഞ്ഞു. ജവഹർലാൽ നെഹ്രുവും രാജീവ്ഗാന്ധിയുമൊക്കെ പഠിച്ച ട്രിനിറ്റി കോളേജ് ഈ സഹശയന സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തുപോലും!

ഇത്തരം വിപ്ലവത്തിന്റെ തീനാളങ്ങൾ ഇന്ത്യയിലും വിശേഷിച്ച് കേരളത്തിലും ആളിപ്പടർന്നുകൊണ്ടിരിക്കുന്നു. മലീമസമായ കാമാതുരസംസ്ക്കാരം നമ്മുടെ ഇടയിൽ അതിവേഗം പച്ചപിടിച്ചുവളരുകയാണ്. ആർഷഭാരത സംസ്ക്കാരത്തിനു മൂല്യച്യുതി സംഭവിച്ചിരിക്കുന്നു. മനുഷ്യൻ മൃഗമായി

അധ:പതിച്ചിരിക്കുന്നു. വിവാഹം കൂടാതെ ഒരുമിച്ചുള്ള താമസവും (Co-habitation) മോഹഭംഗം സംഭവിച്ച ദമ്പതികളും, വിവാഹബന്ധം കൂടാതെ ജനിക്കുന്ന കുട്ടികളും പെരുകിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ മനുഷ്യ സമൂഹത്തെക്കുറിച്ച് ദൈവത്തിനു സാക്ഷിക്കുവാനുള്ളത്:

> "മനുഷ്യൻ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" എന്നാണ്.
>
> 2 തീമൊഥെയോസ് 3: 2–5

ഇതിന്റെ നടുവിൽ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്കമക്കളുമായി ജീവിക്കുവാൻ കർത്താവായ യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിന്റെ അത്ഭുതശക്തിയിൽ അഭയപ്പെട്ടേ മതിയാകൂ. പാപം തരുന്ന എല്ലാ സുഖലാലസകളും വെറുത്തു ഉപേക്ഷിക്കണം. ക്രൂശു വഹിച്ചുനടന്നുപോയ ക്രിസ്തുവിന്റെ പിന്നാലെ തന്റെ ക്രൂശു സന്തോഷത്തോടെ വഹിച്ച് സഹനത്തിന്റെ പാതയിലൂടെ പുഞ്ചിരിയോടെ മുന്നേറണം. ക്രിസ്തുവും ക്രിസ്തുനാമ മഹത്വവും എന്ന ഏകലക്ഷ്യത്തിലേക്ക് ജീവിതം ചുരുങ്ങണം.

## 9

ഈ ആത്മമണവാളനുമായുള്ള മധുര സമ്പർക്കവും ആദ്യ സ്നേഹ ബന്ധവും അണ് ക്രിസ്തീയ ജീവിതത്തിന്റെ ആകെത്തുക. പ്രിയ സുഹൃത്തേ, സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുന്ന ഒരുവനെപ്പോലെ സുരക്ഷിതനായി മറ്റാരുമില്ലെന്ന് മനസ്സിലാക്കുക. കഷ്ടതകളുടെയും പരിശോധനകളുടെയും കൊടുങ്കാറ്റുകൾ ആഞ്ഞടിക്കുമ്പോഴും ആതാങ്ങും കരങ്ങളിലുള്ള ജീവിതം എത്ര സുരക്ഷിതം!

അവൻ നിന്നെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല. അവന്റെ കൈകളിൽ നിന്ന് നിന്നെ പിടിച്ചുപറിപ്പാൻ ആർക്കും കഴിയുകയുമില്ല. നീ ഒരിക്കലും ഇറങ്ങിപ്പോകയില്ല എന്നുറയ്ക്കുകയും ചെയ്താൽ നിത്യഭവനത്തിൽ എത്തുവോളം യേശു നിന്നെ കാത്തു വഴി നടത്തും. പെറ്റ തള്ള നിന്നെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. "ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്കയ്യിൽ വരെച്ചിരിക്കുന്നു" എന്നുള്ളതു അവന്റെ മാറ്റമില്ലാത്ത വാഗ്ദത്തമാണ്. 1 പത്രോസ് 4:7 –ൽ കാണുന്നു: "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ."

ദൈവജനം സ്വർഗ്ഗീയ സീയോൻ പുരിയെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്ന ഒരു തീർത്ഥയാത്രാ സംഘമാണ്. ഈ യാത്ര പല തത്വചിന്തകളിൽ നിന്നും ആരംഭിച്ച് വഴിയും സത്യവും ജീവനും ആയ യേശുക്രിസ്തു എന്ന ഏക ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. വി. യോഹന്നാന്റെ സുവിശേഷം 14:6 –ൽ യേശു തന്നെ അവകാശപ്പെട്ടിരിക്കുന്നു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു." പല വഴികളിൽ ഒന്നല്ല യേശു. യേശു ഏകവഴിയാണ്. Jesus is the only

way. സ്വർഗ്ഗത്തിലേക്ക് മനുഷ്യന് പ്രവേശിക്കുവാൻ കാൽവറിയിൽ യേശുതുറന്ന ഏക വിശുദ്ധവഴി മാത്രമേയുള്ളൂ.

കൃഷിക്കാർക്ക് അറിയാവുന്ന ഒരു നേരുണ്ട്. വിതയ്ക്കപ്പെട്ട നല്ല വിത്തിന്റെ കൂടെ വിതയ്ക്കപ്പെടാത്ത കളയും തനിയെ മുളച്ചു വളർന്നു പൂത്തു വിളയുന്നു. കളകൾ നല്ല ചെടിയെ ഞെരുക്കുന്നു നശിപ്പിക്കുന്നു. അതുപോലെ എപ്പോഴും നല്ലതു മാത്രം ആഗ്രഹിക്കുന്ന മനുഷ്യജീവിതത്തിൽ ഒരിക്കലും ആഗ്രഹിക്കപ്പെടാത്ത ദു:ഖങ്ങളും ദുരിതങ്ങളും ക്ഷണിക്കപ്പെടാത്ത അതിഥികളായി കടന്നു വരുന്നു, മനുഷ്യകുലത്തിൽ ഈ അസുരവിത്തിന്റെ വിളവ് എന്നും നൂറുമേനിയായി തുടരുകയാണ്.

അറിഞ്ഞും അറിയാതെയും മനുഷ്യൻ പാപം വിതക്കുന്നു, വളമിട്ടു വളർത്തുന്നു. ഒടുവിൽ കൊയ്യേണ്ടിവരുന്നതോ വിതച്ചതിന്റെ അനേകമടങ്ങ്. ഇതു പടുമുളയല്ല, വിതച്ചതു തന്നെയാണ്. വിശു. പൗലോസ് പറഞ്ഞു: “മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും.” ഗലാ: 6:7, "As you saw so you reap."

എന്നാൽ ശാപത്തെ അനുഗ്രഹമാക്കി മാറ്റുവാൻ, മാറയെ മധുരമാക്കി മാറ്റുവാൻ ഒരു മാർഗ്ഗമുണ്ട്. അതാണ് ദൈവീക കൈമാറ്റം. (Divine Exchange) കാൽവരിയിലെ മരക്കുരിശിൽ പാപിക്കുവേണ്ടി പിടഞ്ഞു മരിച്ച കർത്താവായ യേശുവിന്റെ രക്തം പുരണ്ട കാൽപ്പാദം കെട്ടിപ്പിടിച്ച് അനുതപിച്ചുകരഞ്ഞാൽ മാറ മധുരമായും ശാപം അനുഗ്രഹമായും മാറും.

മൊളോക്കോയിലെ കുഷ്ഠരോഗികൾക്കായി ജീവിതം മുഴുവൻ സമർപ്പിച്ച ഫാദർ ഡാമിയനെ ലോകം ഇന്നും ആദ

രവോടെ സ്മരിക്കുന്നു. കുഷ്ടരോഗികളുടെ വൃണങ്ങൾ കഴുകിയും, വസ്ത്രം അലക്കിയും, മരിച്ചവരെ മറവുചെയ്തും, അവരോടു കൂടെ ഉണ്ടും ഉറങ്ങിയും വർഷങ്ങൾ ചിലവഴിച്ച ആ പുണ്യപുരുഷനും ഒരിക്കൽ കുഷ്ഠരോഗം പിടിപെട്ടു. 1888–ലെ ഒരു ഞായറാഴ്ച "കുഷ്ഠരോഗികളായ നമ്മൾ" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പ്രസംഗം ആരംഭിച്ചപ്പോൾ ദേവാലയത്തിൽ കൂടി വന്ന കുഷ്ടരോഗികൾ ഇടിമിന്നലേറ്റതുപോലെ ഞെട്ടിവിറച്ചു. തങ്ങളുടെ എല്ലാമായ ഡാമിയനേയും കുഷ്ഠം ബാധിച്ചതറിഞ്ഞ് അവർ വിതുമ്പിക്കരഞ്ഞു. ഡാമിയനോടുള്ള അവരുടെ സ്നേഹവും കടപ്പാടും ഏറെ വർദ്ധിച്ചു.

ഇതുതന്നെയല്ലേ നല്ല ഇടയനായ യേശു പാപകുഷ്ഠം പിടിച്ച നമുക്കുവേണ്ടി ചെയ്തതും, ചെയ്തുകൊണ്ടിരിക്കുന്നതും.

നീറുന്ന ഹൃദയങ്ങൾക്ക് അല്പം ആശ്വാസം പകരാൻ, ചുറ്റും പരക്കുന്ന ഇരുട്ടിനെ അകറ്റി അല്പം വെളിച്ചം പരത്തുവാൻ ഈ ചെറുഗ്രന്ഥം സഹായിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനാണ്.

ദൈവീക മർമ്മങ്ങളുടെ തെളിനീരുറവകൾ തുറന്നുതന്ന എന്റെ ആത്മീയഗുരുവും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ (CRF) പ്രസിഡന്റുമായ ബഹു. പ്രൊഫ. എം.വൈ. യോഹന്നാൻ സാർ, എനിക്കു എല്ലാവിധ പ്രോത്സാഹനങ്ങളും നല്കി അനുഗ്രഹിച്ചത് ഇത്തരുണം നന്ദിയോടെ സ്മരിക്കുന്നു.

ഈ പുസ്തകം രൂപം പ്രാപിക്കുവാൻ പ്രോത്സാഹനം

നല്കുകയും, സ്നേഹവും വാത്സല്യവും നിറഞ്ഞ ഹൃദ്യമായ ഒരു അവതാരിക എഴുതിത്തന്ന് ഈ ഗ്രന്ഥത്തെ ധന്യമാക്കുകയും ചെയ്ത എത്രയും ബഹുമാനപ്പെട്ട റവ: ഫാദർ തോമസ് പഴമ്പിള്ളിയോടുള്ള എന്റെ സ്നേഹവും കൃതജ്ഞതയും നിസ്സീമമാണ്.

ഈ ഗ്രന്ഥത്തിന്റെ പിന്നിൽ പ്രവർത്തിച്ച CRF ലെ എല്ലാ ആത്മീയ സഹോദരങ്ങളോടും വിശേഷാൽ ഇതിന്റെ പ്രസിദ്ധീകരണത്തിന് അദ്ധ്വാനിച്ച എന്റെ ബഹുമാന്യ സുഹൃത്തായ ശ്രീ. എ.ജെ. അബിയോടും ഉള്ള അകമഴിഞ്ഞ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

എല്ലാ തിരുവചന സ്നേഹികൾക്കും ഇതിലെ ആലോചനകൾ ഒരനുഗ്രഹമായി തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, എന്റെ രക്ഷകനായ ക്രിസ്തുയേശുവിന്റെ തൃപ്പാദത്തിൽ ഈ ലഘുഗ്രന്ഥം സാദരം സമർപ്പിക്കുന്നു.

"അവനോ വളരേണം,
ഞാനോ കുറയേണം,
അനുവാചകരോ അനുഗ്രഹം പ്രാപിക്കണം"

കർത്താവിന്റെ വിനീത ദാസൻ
**സി.എം. മാത്യു, ചാന്ത്യം**

കോലഞ്ചേരി
25-04-2010

## വേദപുസ്തകത്തിലെ ചില റോഡുകൾ

വേദപുസ്തകത്തിൽ റോഡുകളിൽ വച്ചു നടന്ന അനേകം സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ചില കാര്യങ്ങളും, അവയിൽ നിന്ന് പഠിക്കേണ്ട ചില ആത്മീയ സത്യങ്ങളുമാണ് ഈ ഭാഗത്തു ധ്യാനവിഷയമാക്കിയിരിക്കുന്നത്.

### ഒന്ന്

## ദമസ്ക്കൊസ് റോഡ്

“ശൗൽ കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കൊലയും നിശ്വസിച്ചു കൊണ്ടു മഹാപുരോഹിതന്റെ അടുക്കൽ ചെന്നു, ദമസ്കൊസിൽ ഈ മാർഗ്ഗക്കാരായ വല്ല പുരുഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചുകെട്ടി യെരുശലേമിലേയ്ക്കു കൊണ്ടു വരുവാന്തക്കവണ്ണം അവിടത്തെ പള്ളികൾക്കു അവനോടു അധികാരപത്രം വാങ്ങി. അവൻ പ്രയാണം ചെയ്തു ദമസ്ക്കൊസിന്നു സമീപിച്ചപ്പോൾ പെട്ടെന്നു ആകാശത്തു നിന്നു ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി; അവൻ നിലത്തു വീണു; ശൗലേ, ശൗലേ, നീ എന്നെ

ഉപദ്രവിക്കുന്നതു എന്ത് എന്ന് തന്നോട് പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാകുന്നു, കർത്താവേ, എന്നു അവൻ ചോദിച്ചതിന്നു: നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ. നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക; നീ ചെയ്യേണ്ടുന്നതു അവിടെ വെച്ചു നിന്നോടു പറയും എന്നു അവൻ പറഞ്ഞു.

അപ്പൊ. പ്രവൃത്തികൾ. 9:1–6

അപ്പോ. പ്രവൃത്തികൾ 22:4–19, 26:12–16 എന്നീ ഭാഗങ്ങൾ വായിക്കുമ്പോഴും ഈ സംഭവത്തെ വിവരിച്ചിരിക്കുന്നതു നമുക്കു കാണാം.

യെരുശലേമിൽ നിന്നു ഇരുന്നൂറ്റിമുപ്പതു കിലോമീറ്റർ ദൂരമുണ്ട് ദമസ്ക്കോസിലേക്ക്. അതേസമയം കാൽനടയായി മരുഭൂമിയിൽ കൂടി യാത്ര ചെയ്യുകയാണെങ്കിൽ ഏകദേശം ആറു ദിവസമെങ്കിലും വേണ്ടി വരും. ശൌൽ പ്രയാണം ചെയ്തു ദമസ്കൊസിനു സമീപിച്ചു എന്നാണ് നാം വായിച്ചത്. പുതിയ നിയമത്തിൽ ശൌലിനെ നാം ആദ്യം കാണുന്നത് സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്ന രംഗത്താണ്.

"അവനെ നഗരത്തിൽ നിന്നു തള്ളി പുറത്താക്കി കല്ലെറിഞ്ഞു. സാക്ഷികൾ തങ്ങളുടെ വസ്ത്രം ശൌൽ എന്നു പേരുള്ള ഒരു ബാല്യക്കാരന്റെ കാല്ക്കൽ വെച്ചു."

അപ്പൊ. പ്രവൃത്തികൾ. 7:58

ആ ദയനീയമായ രംഗം തൊട്ടടുത്തു നിന്നു ശൌൽ കാണുകയായിരുന്നു. ശൌലിന്റെ അനുയായികൾ കോപ പരവശരായി സ്തേഫാനോസിനെ കല്ലെറിയുന്നു; ക്രോധാ വേശത്തോടെ പല്ലു കടിക്കുന്നു, ആക്രോശിക്കുന്നു, ശൌലിനും അതു സമ്മതമായിരുന്നു.

> "അവനെ കൊല ചെയ്തതു ശൌലിനു സമ്മ തമായിരുന്നു."
>
> അപ്പൊ. പ്രവൃത്തികൾ. 8:1

വേദന കൊണ്ടു പുളയുമ്പോഴും സ്തേഫാനോസ് കൃപയും പരിശുദ്ധാത്മാവും നിറഞ്ഞവനായി അവന്റെ മുഖം ദൈവദൂതന്റെ മുഖം പോലെ ശോഭിച്ചു. സ്വർഗ്ഗത്തിലേക്കു ഉറ്റു നോക്കി ക്കൊണ്ടു വിളിച്ചു പറഞ്ഞു.

> "ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യ പുത്രൻ ദൈവത്തിന്റെ വലത്തു ഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു"
>
> അപ്പൊ. പ്രവൃത്തികൾ. 7:56

ശൌലിനു ഉൾക്കൊള്ളുവാനോ അംഗീകരിക്കാനോ അസാദ്ധ്യമായ കാര്യമാണ് അവൻ കേട്ടത്. ക്രൂശിൽ മരിച്ച് കബറടക്കപ്പെട്ട യേശു ദൈവത്തിന്റെ വലതു ഭാഗത്തു നില്ക്കു ന്നതു സ്തേഫാനോസ് വേദനകൊണ്ടു പുളയുന്നതിനിടയിൽ കാണുന്നു. ശൌലിനു അതു വിശ്വസിക്കാൻ പറ്റുന്നില്ല. എന്നാലും കല്ലേറു കൊണ്ട് മുറിഞ്ഞു ചതഞ്ഞു അതി വേദന പ്പെട്ടു മരണത്തോടു മല്ലടിക്കുന്ന ഒരു മനുഷ്യനു ഇല്ലാത്ത

കാര്യം കെട്ടിച്ചമച്ച് പറയുവാൻ സാധിക്കുമോ? മാത്രമല്ല, തന്നെ കല്ലെറിയുന്ന ശത്രുക്കൾക്കു വേണ്ടി നിറഞ്ഞ സ്നേഹ ത്തോടെ പ്രാർത്ഥിക്കുന്ന സ്വരം ശൌൽ കേട്ടു.

> “അവനോ മുട്ടുകുത്തി, കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നില വിളിച്ചു.”
>
> അപ്പൊ. പ്രവൃത്തികൾ. 7:60.

കർത്താവായ യേശുവിന്റെ കരങ്ങളിലേക്കു തന്റെ ആത്മാവിനെ സമർപ്പിച്ചുകൊണ്ടുള്ള സ്തേഫാനോസിന്റെ പ്രാർത്ഥന ശൌൽ കേട്ടപ്പോൾ, ജ്വലിച്ചു പ്രകാശിക്കുന്ന ഒരു ദീപം എരിഞ്ഞടങ്ങുന്ന കാഴ്ചയ്ക്കു ശൌൽ സാക്ഷ്യം വഹി ക്കുകയായിരുന്നു. അതു ശൌലിന്റെ മനസ്സാക്ഷിയിൽ ചില മുറിവുകൾ ഉണ്ടാക്കി എങ്കിലും അതിനെ അത്ര വകവ യ്ക്കാതെ താൻ വിശ്വസിക്കുന്ന തന്റെ പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊണ്ടു ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ മതഭ്രാന്ത് പിടിച്ചവനായി ശൌൽ ഇറങ്ങിത്തിരിച്ചു. സന്നിദ്രീം സംഘ ത്തിന്റെ അധികാരത്തിലുള്ള ചേവകരും ശൌലിന്റെ ഒപ്പമു ണ്ട്. യെരുശലേം ദേവാലയത്തിലെ പോലീസുകാരാണ് ഈ ചേവകർ.

ദമസ്ക്കൊസ് റോഡിൽ ശൌലിനെ കാണുന്നതു വളരെ എരിവേറിയവനും തീഷ്ണതയുള്ളവനുമായിട്ടാണ്. കാരണം യേശു ഉയിർത്തെഴുന്നേറ്റു എന്നു പഠിപ്പിക്കുയും അതു വിശ്വ സിക്കുകയും ചെയ്യുന്നവർ ദൈവവിരോധികളാണെന്നാണ് ശൌൽ ദൃഢമായി വിശ്വസിച്ചിരുന്നത്. കാരണം കുരിശിൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്ന് ആവർത്തനപു

സ്തകത്തിൽ കാണുന്നുണ്ട്.

> "തൂങ്ങി മരിച്ചവൻ ദൈവസന്നിധിയിൽ ശാപ ഗ്രസ്തൻ ആകുന്നു. നിന്റെ ദൈവമായ യഹോവ നിനക്കു അവകാശമായി തരുന്ന ദേശം നീ അശുദ്ധമാക്കരുത്."
>
> ആവർത്തന പുസ്തകം. 21:22

അതുകൊണ്ട് ആ മാർഗ്ഗക്കാരെ മുടിക്കണം, നശിപ്പിക്കണം എന്ന തീഷ്ണതയോടെയാണ് ശൌൽ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. ദൈവനാമം മഹത്വപ്പെടുന്ന വേലയിലാണ് താൻ ആയിരിക്കുന്നത് എന്ന ഉത്തമബോധ്യവും അദ്ദേഹത്തിനു ഉണ്ടായിരുന്നു. മാത്രമല്ല മഹാപുരോഹിതന്റെ അധികാര പത്രവും കയ്യിലുണ്ട്. അങ്ങനെ ക്രിസ്ത്യാനികളെ വേട്ടയാടുവാൻ ശൌൽ പ്രയാണം ആരംഭിച്ചു. ന്യായപ്രമാണത്തിൽ അവഗാഢമായ പാണ്ഡിത്യം ഉണ്ടായിരുന്നിട്ടും ശൌലിന്റെ ആന്തരീക കണ്ണ് കുരുടായിരുന്നു.

ദമാസ്ക്കസിലേക്കു നൂറ്റിനാല്പതു മൈൽ ദൂരം ഉണ്ട്. ഈ റോഡിലൂടെ ശൌൽ കാൽ നടയായി പോവുകയാണ്. യേശുവിന്റെ മുഖ്യ പ്രവർത്തനരംഗമായ ഗലീലയിൽ കൂടിയാണ് ഈ റോഡ് കടന്നുപോകുന്നത്. ശൌൽ നിശബ്ദനായി നടന്നു നീങ്ങുകയാണ്. യേശുവിന്റെ ജനനം വീര്യ പ്രവൃത്തികൾ, ക്രൂശുമരണം, ഉയിർത്തെഴുന്നേല്പ്, സ്തേഫാനോസിന്റെ രക്തസാക്ഷിത്വം തുടങ്ങി അനേകം ചിന്തകൾ അവന്റെ മനസ്സിനെ മഥിക്കുന്നുണ്ട്.

യേശു ഉയിർത്തെഴുന്നേറ്റു എന്നു ഈ മാർഗ്ഗക്കാർ പറ

യുന്നതും വിശ്വസിക്കുന്നതും വാസ്തവമാണോ? താൻ ന്യായ പ്രമാണകല്പനകൾ അറിയാവുന്നവനാണല്ലോ. അറിയുക മാത്രമല്ല, അനേകരെ പഠിപ്പിക്കുകയും, അവ അച്ചട്ടായി തന്റെ ജീവിതത്തിൽ പാലിച്ചു പോരുകയും ചെയ്യുന്നുവല്ലോ. എന്നിട്ടും എന്റെ ഉള്ളം കലങ്ങിയിരിക്കുന്നല്ലോ. ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നു പറകയും, സാക്ഷിക്കുകയും ചെയ്യുന്നവർ അനുഭവിക്കുന്ന സന്തോഷവും സമാധാനവും എന്തുകൊണ്ട് എനിക്ക് ലഭിക്കുന്നില്ല. ദൈവവേലയിൽ എരിവു കാണിക്കുന്ന എനിക്ക് അതു ലഭിക്കേണ്ടതല്ലേ?

ശൌൽ വളരെ അസ്വസ്ഥനാണ്. ഹൃദയത്തിൽ വലിയൊരു പോരാട്ടം നടക്കുകയാണ്. എങ്കിലും സത്യം അംഗീകരിക്കുവാൻ മനസ്സിന്റെ മുൻ ധാരണകൾ അവനെ സമ്മതിക്കുന്നില്ല. സ്തേഫാനോസിന്റെ മരണം മനസ്സിലേക്കു തെളിഞ്ഞു വന്നു. ആ മുഖം ദൈവതേജസ്സു കൊണ്ട് ശോഭിച്ചിരുന്നുവല്ലോ. വശ്യതയാർന്ന ആ പ്രാർത്ഥനാ മൊഴികൾ എത്ര ശ്രേഷ്ഠം!

“കർത്താവേ അവർക്കു ഈ പാപം നിറുത്തരുതേ.....” ഹൃദയത്തിലെ നിഷ്കളങ്ക സ്നേഹമല്ലേ ആ വാക്കുകളിലൂടെ ഒഴുകിയത്. കല്ലേറു കൊണ്ടു ശരീരം തകർന്നുടഞ്ഞ് പ്രാണവേദനയിലായിരിക്കുന്ന ഒരു മനുഷ്യന് ഇപ്രകാരം പ്രാർത്ഥിക്കുവാൻ കഴിയുമോ? യേശു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ദൈവപുത്രൻ തന്നെയോ? ചിന്തകൾ ഓരോന്നായി കടന്നുപോയി. ശൌൽ ദമസ്ക്കോസിനോടു സമീപിച്ചു. വചനത്തിൽ ഇങ്ങനെ കാണുന്നു.

> “ഞാൻ മഹാപുരോഹിതന്മാരുടെ അധികാരത്തോടും ആജ്ഞയോടും കൂടെ ദമസ്ക്കോസി

ലേക്കു യാത്ര പോകുമ്പോൾ രാജാവേ, നട്ടു ച്ചെയ്ക്കു ഞാൻ വഴിയിൽ വെച്ചു സൂര്യന്റെ പ്രകാശത്തെ കവിഞ്ഞോരു വെളിച്ചം ആകാശത്തിൽ നിന്നു എന്നെയും എന്നോടു കൂടെ യാത്ര ചെയ്യുന്നവരെയും ചുറ്റി പ്രകാശിക്കുന്നതു കണ്ടു. ഞങ്ങൾ എല്ലാവരും നിലത്തു വീണപ്പോൾ: ശൌലേ, ശൌലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? മുള്ളിന്റെ നേരെ ഉതെക്കുന്നതു നിനക്കു വിഷമം ആകുന്നു എന്നു എബ്രായ ഭാഷയിൽ എന്നോടു പറയുന്നോരു ശബ്ദം ഞാൻ കേട്ടു. നീ ആരാകുന്നു കർത്താവേ, എന്നു ഞാൻ ചോദിച്ചതിനു കർത്താവു : നീ ഉപദ്രവിക്കുന്ന യേശു തന്നേ ഞാൻ...."

അപ്പോ. പ്രവൃത്തികൾ. 26:12–15

ഈ സംഭവം ശൌലിന്റെ ജീവിതത്തെ തകിടം മറിച്ചു. മതതീക്ഷ്ണതയും ഭക്തിവൈരാഗ്യവുമെല്ലാം യഥാർത്ഥത്തിൽ ദൈവത്തിനും, സുവിശേഷത്തിന്നും എതിരായിരുന്നുവെന്നു ബോദ്ധ്യപ്പെട്ടു. അവ ഒന്നും ദൈവത്തെ പ്രസാദിപ്പിച്ചില്ല എന്നു മാത്രമല്ല ദൈവത്തെ വേദനിപ്പിക്കുന്നതായിരുന്നു എന്നും ശൌലിനു മനസ്സിലായി.

ഇന്നും അനേകർ സുവിശേഷ പ്രവർത്തനം കൊണ്ടു കർത്താവിനെ ഉപദ്രവിക്കുന്നുണ്ട്. ഇത്തരം ദൈവവേലക്കാരുടെ മാനസാന്തരം ആണ് ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ആവശ്യം, മാനസാന്തരപ്പെട്ടവരുടെ മാനസാന്തരം.

ദമസ്ക്കൊസ് റോഡിൽ വെച്ച് ഉയിർത്തെഴുന്നേറ്റു ജീവി

ക്കുന്ന യേശുക്രിസ്തു നേരിട്ടു ശൌലിനോടു ഇടപെട്ടു. ശൌൽ മാനസാന്തരപ്പെട്ടു. അവന് ഒരു പുതിയ രക്ഷകനെ, യജമാനനെ ലഭിച്ചു. ഒരു പുതിയ ജീവിതമാർഗ്ഗം, ജീവന്റെ വഴി അവനു തുറന്നു കിട്ടി.

കർത്താവിന്റെ ബദ്ധശത്രു, കർത്താവിന്റെ ഉറ്റമിത്രമായി മാറി. ക്രിസ്തു മാർഗ്ഗക്കാരെ കൊല്ലുവാൻ ഓടിയ ശൌൽ ക്രിസ്തുവിനു വേണ്ടി ജീവിച്ചു മരിക്കാൻ തയ്യാറായി ഓടി ത്തുടങ്ങി. ശൌൽ വിശുദ്ധ പൗലോസായി, പൗലോസ് ക്രിസ്തുവിലായി. ക്രിസ്തു പൗലോസിലായി. അവൻ പുതിയ സൃഷ്ടിയായി. പഴയതു കഴിഞ്ഞു പോയി. സകലവും പുതു താക്കുന്ന യേശുവിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തി എത്ര അവർണ്ണനീയം! ഈ ശക്തിയാണ് പാപിയായ മനുഷ്യനെ അത്ഭുതകരമായി രൂപാന്തരപ്പെടുത്തി വിശുദ്ധനാക്കുന്നത്.

പൗലോസിന്റെ ലേഖനങ്ങളിൽ പലതിലും തന്റെ മാന സാന്തരത്തെപ്പറ്റി പരാമർശമുണ്ട്.

> "എല്ലാവർക്കും ഒടുവിൽ അകാല പ്രജ പോലെ യുള്ള എനിക്കും പ്രത്യക്ഷനായി"
>
> 1 കൊരിന്ത്യർ 15:8.

> "ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തു വിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരി ജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു."
>
> 2 കൊരിന്ത്യർ 4:6

"എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന്നു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോടു ആലോചിക്കയോ, എനിക്കു മുമ്പെ അപ്പോസ്തലന്മാരായവരുടെ അടുക്കൽ യെരുശലേമിലേക്കു പോകയോ ചെയ്യാതെ നേരെ അറബിയിലേക്കു പോകയും ദമസ്കൊസിലേക്കു മടങ്ങിപ്പോരുകയും ചെയ്തു."

ഗലാത്യർ 1:15–17.

പൗലോസിനെ ക്രിസ്തു സഭയ്ക്കു ലഭിക്കുവാനിടയാക്കിയ മാനുഷിക ഘടകങ്ങൾ സ്തേഫാനോസിന്റെ പ്രാർത്ഥനയും അനന്യാസിന്റെ ഉദാരതയുമാണ്.

ശൌലിന്റെ ആളത്വം മാറിയത് ഗമാലിയേലിന്റെ പാദപീഠത്തിലിരുന്നു പഠിച്ചതുകൊണ്ടോ, മഹാപുരോഹിതന്മാരുമായുള്ള സംസർഗ്ഗം കൊണ്ടോ ആയിരുന്നില്ല, പ്രത്യുത ദമസ്കോസിലേക്കുള്ള വഴിയിൽ യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടി എന്നതായിരുന്നു. ആ സ്വർഗ്ഗീയ വെളിച്ചം ശൌലിന്റെ തനി പ്രകൃതി, മറ മാറ്റി വെളിവാക്കി കൊടുത്തു. അവൻ നിലംപരിചായി വീണു. അവന്റെ സ്വയം തകർന്നു. അവന്റെ പാണ്ഡിത്യം തകർന്നു. അവന്റെ അധികാരം തകർന്നു. അവന്റെ സ്വയനീതി തകർന്നു.

എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ, യിസ്രായേൽ ജാതി

ക്കാരൻ, ബെന്യാമിൻ ഗോത്രക്കാരൻ, എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ, ന്യായപ്രമാണം സംബന്ധിച്ചു പരീശൻ, ഗമാലിയേലിന്റെ പാദപീഠത്തിൽ പഠിച്ചവൻ, റോമാ പൗരൻ എന്നിവയെല്ലാം ശൌലിന്റെ അഭിമാന വിഷയങ്ങളായിരുന്നു. എന്നാൽ യേശുവിനെ രുചിച്ചറിഞ്ഞപ്പോൾ "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ, ഈ മരണത്തിന്നധീനമായ ശരീരത്തിൽ നിന്നു എന്നെ ആരു വിടുവിക്കും" എന്നു ഹൃദയം തകർന്നു അലറിക്കരഞ്ഞു. താൻ പാപികളിൽ ഒന്നാമനാണെന്നും തന്റെ പുണ്യപ്രവൃത്തികൾ ദൈവസന്നിധിയിൽ കറ പുരണ്ട തുണി പോലെയാണെന്നും ശൌലിനു ബോദ്ധ്യമായി.

സത്യ മാനസാന്തരത്തിന്റെ അവസ്ഥ എന്താണെന്ന് ഇവിടെ നമുക്കു മനസ്സിലാക്കാം. ഒരുവന്റെ ശരികളെ പോലും ദൈവഹിതത്തിനു വിട്ടു കൊടുത്തേ തീരൂ. ഹൃദയാന്തർഭാഗത്തു ബഹു നിശ്ചയത്തോടെ ഉളവാകുന്ന മാറ്റവും തീരുമാനവും ആണ് ക്രിസ്തുവിൽ നിലനില്ക്കുന്നത്.

ഹൃദയം മാറിയാൽ വായിലെ വാക്കുകൾ മാറും. കൈകളുടെ പ്രവൃത്തികൾ മാറും. പാപത്തോടുള്ള വെറുപ്പ്, വിശുദ്ധിക്കുവേണ്ടിയുള്ള ദാഹം, ദൈവയിഷ്ടം ചെയ്യുവാനുള്ള ഉൽക്കടമായ ആഗ്രഹം,കർത്താവിന്റെ വേലയ്ക്കുവേണ്ടിയുള്ള തീഷ്ണത, ദൈവസ്നേഹത്തിൽ നിറയുവാനുള്ള കൊതി ഇവയെല്ലാം സത്യമാനസാന്തരത്തിന്റെ ലക്ഷണങ്ങളാണ്.

കർത്താവിനെ ഒറ്റിക്കൊടുത്ത യൂദ അനുതപിക്കുകയും, തെറ്റ് മഹാപുരോഹിതന്മാരോടു ഏറ്റു പറഞ്ഞു മുപ്പതു വെള്ളിക്കാശു മടക്കിക്കൊണ്ടുവരികയും ചെയ്തെങ്കിലും ആ ദുഃഖം മാനസാന്തരത്തിലേക്ക് വഴി നടത്തിയില്ല.

> "അവനെ ശിക്ഷയ്ക്കു വിധിച്ചു എന്നു അവനെ കാണിച്ചുകൊടുത്ത യൂദ കണ്ടു അനുതപിച്ചു. ആ മുപ്പതു വെള്ളിക്കാശ് മഹാ പുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടു വന്നു, ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അതു ഞങ്ങൾക്കു എന്തു? നീ തന്നേ നോക്കിക്കൊൾക എന്നു അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞ് ചെന്നു കെട്ടിഞ്ഞാന്നു ചത്തുകളഞ്ഞു."
>
> മത്തായി 27: 3–5.

യോഹന്നാൻ സ്നാപകൻ നീതിയും വിശുദ്ധിയും ഉള്ള പുരുഷൻ എന്നു ഹെരോദാവ് അറിഞ്ഞു. അവനെ ഭയപ്പെടുകയും കാത്തുകൊൾകയും ചെയ്തു. അവന്റെ വചനം കേട്ട് ഹെരോദാവ് വളരെ കലങ്ങിയെങ്കിലും സന്തോഷത്തോടെ കേട്ടു പോന്നു. പക്ഷേ ഒരു സമയമായപ്പോൾ ഹെരോദാവ് പുറപ്പെടുവിച്ച കല്പന എന്തായിരുന്നു?

> "രാജാവു അതിദുഃഖിതനായി എങ്കിലും ആണയെയും വിരുന്നുകാരെയും വിചാരിച്ച് അവളോടു നിഷേധിപ്പാൻ മനസ്സില്ലാഞ്ഞു. ഉടനെ രാജാവു ഒരു അകമ്പടിയെ അയച്ചു. അവന്റെ തല കൊണ്ടുവരുവാൻ കല്പ്പിച്ചു. അവൻ പോയി തടവിൽ അവനെ ശിര:ഛേദം ചെയ്തു. അവന്റെ തല ഒരു തളികയിൽ

കൊണ്ടുവന്നു ബാലെക്കു കൊടുത്തു. ”

മർക്കൊസ് 6:26–28.

ഏശാവിനും ഇതേ അനുഭവം തന്നെയാണ് ഉണ്ടായത്. അവൻ പിന്നത്തേതിൽ യാക്കോബിൽ നിന്നും അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു, വളരെ വേദനയോടെ കരഞ്ഞു അപേക്ഷിച്ചു എങ്കിലും തള്ളപ്പെട്ടതായി നാം കാണുന്നു.

> “ഒരു ഊണിനു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന്നു ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ”

എബ്രായർ 12:16,17

‘മാനസാന്തരം’, ചെയ്തു പോയ തെറ്റിനെക്കുറിച്ചുള്ള ദുഃഖം മാത്രമല്ല പാപവഴികളെ ഉപേക്ഷിച്ച് ദൈവത്തിങ്കലേക്കു തിരിയുന്നതാണ്. ദൈവ വചനപ്രകാരം ജീവിതം രൂപാന്തരപ്പെടുകയും വേണം. കുറ്റബോധം മാത്രം രക്ഷയിലേക്കു വഴി നടത്തുകയില്ല. ചില വേദഭാഗങ്ങൾ ശ്രദ്ധിക്കൂ.

> “തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവനു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും.”

സങ്കീർത്തനങ്ങൾ 50:23

യെശയ്യാ പ്രവാചകൻ പറയുന്നു:

"ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ, അവൻ അവനോടു കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും."

യെശയ്യാവു 55:7

"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു."

മർക്കൊസ് 1:15.

"നീയോ ദൈവത്തിന്റെ മനഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ , സൗമ്യത എന്നിവയെ പിന്തുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക."

1 തിമൊഥെയോസ് 6:11–12

ഇവിടെ പൗലോസ് ശ്ലീഹാ മൂന്നു കാര്യങ്ങൾ തിമൊഥെയോസിനോടു ആവശ്യപ്പെടുന്നുണ്ട്.

ഒന്ന് – വിടുക – Flee

രണ്ട് – പിൻതുടരുക – Follow

മൂന്ന് – പൊരുതുക – Fight

ദമസ്ക്കൊസിന്റെ പടിവാതിൽക്കൽ വെച്ച് ശൌൽ എല്ലാം വിട്ടു യേശുവിനെ പിൻതുടർന്നു. വിശ്വാസത്തിനു വേണ്ടി പൊരുതി ശൌൽ അവിടെ വെച്ച് ക്രിസ്തുവിൽ പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേറ്റു. പഴയ മനുഷ്യൻ അവിടെ വെച്ച് മരിച്ചു.

കണ്ണിൽ നിന്നും ചെതുമ്പൽ വീണു, പുതിയ കാഴ്ചപ്പാടു കിട്ടി. ശൌൽ റോഡിൽ തന്നേ കിടന്നുകൊണ്ട് കർത്താവി നോടു ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.

> "കർത്താവേ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചതിനു കർത്താവു എന്നോടു, എഴുന്നേറ്റു ദമസ്ക്കൊസിലേക്കു പോക, നീ ചെയ്യേണ്ടതിന്നു വിധിച്ചിരിക്കുന്നതെല്ലാം അവിടെ നിന്നോടു പറയും എന്നു കല്പ്പിച്ചു."
>
> അപ്പൊ. പ്രവൃത്തികൾ. 22:10.

ജീവിതത്തിന്റെ ചുക്കാൻ കർത്തൃകരങ്ങളിൽ ഏല്പിച്ച് ദൈവഹിതത്തിനു വേണ്ടിയുള്ള സമ്പൂർണ്ണ സമർപ്പണമായി രുന്നു ആ വാക്കുകൾ. ഇനി മുതൽ പൗലോസിനു സ്വന്ത ഇഷ്ടമില്ല, ദൈവത്തിന്റെ ഇഷ്ടം മാത്രം നടന്നാൽ മതി. ക്രിസ്തീയ ചരിത്രത്തിലെ ഏറ്റവും വലിയ ഒരു സംഭവമാണ് ശൌലിന്റെ മാനസാന്തരം.

ലോകം കണ്ടതിലേക്കും വച്ച് ഏറ്റവും വലിയ മിഷനറി യായ വി. പൗലോസിനെ മാനസാന്തരത്തിലേക്കു നയിച്ചതു സ്തേഫാനോസിന്റെ സാക്ഷ്യമരണമാണ്. രക്തസാക്ഷികളുടെ

രക്തമാണ് എല്ലാ കാലത്തും സഭയെ വളർത്തിയിട്ടുള്ള വളക്കൂറുള്ളമണ്ണ്.

ന്യായപ്രമാണ കല്പനകളിൽ അവഗാഢമായ ജ്ഞാനവും അത് ഉപദേശിക്കുന്നതിൽ ശുഷ്കാന്തിയും അനുഷ്ഠിക്കുന്നതിൽ എരിവും കാണിച്ച ഒരു ബാല്യക്കാരനാണ് ശൌൽ. അദ്ദേഹത്തിന്റെ സ്വാർത്ഥതാല്പര്യങ്ങളും സ്വന്തനീതിയും അതിനു പിൻബലമേകി. എന്നാൽ രക്ഷയുടെ നായകനും കേന്ദ്രവുമായ ക്രിസ്തുവിനെ തിരസ്ക്കരിച്ചുകൊണ്ടുള്ള മതഭക്തിയും ആത്മീയതയും പ്രതിഷ്ഠിച്ചതാണ് ശൌലിന്റെ ഏറ്റവും വലിയ തെറ്റായിപ്പോയത്. സഭയുടെ ജീവൻ ക്രിസ്തുവാണ്. ക്രിസ്തുവിനെ കൂടാതെ സഭയില്ല. സഭയോടും ദേവാലയത്തോടും ഉള്ള കൂറ് നല്ലതു തന്നെ. എന്നാൽ അത് ഭക്ത്യാഭാസമായി അധഃപതിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പൗലോസിന്റെ 'ഞാൻ' സ്വയം ക്രൂശിക്കപ്പെട്ടു. 'ഞാൻ' എന്ന സ്ഥാനത്തു ക്രിസ്തു ജീവിക്കുവാൻ തുടങ്ങി. മനുഷ്യന്റെ സ്വയം അഥവാ ഞാനെന്ന ഭാവം മരിക്കുക എന്നതു ഏറ്റവും വിഷമമേറിയതാണ്. അതിന്റെ അർത്ഥം തന്നെത്താൻ ത്യജിക്കുക, ക്രൂശെടുക്കുക, ക്രിസ്തുവിനെ അനുഗമിക്കുക എന്നൊക്കെയാണ്.

> "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്ത് കൊണ്ട് എന്നെ അനുഗമിക്കട്ടെ."
>
> മർക്കൊസ് 8:34

‘‘തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.”

ലൂക്കോസ് 14:27.

യേശുവിനെ ദൈവം മരണപാശങ്ങളിൽ നിന്നു വിടുവിച്ച് ഉയിർത്തെഴുന്നേല്പിച്ചതിന്റെ ഉദ്ദേശം മനുഷ്യന്റെ മാനസാന്തരമാണ്. യിസ്രായേലിനു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലംകൈയ്യാൽ ഉയർത്തിയിരിക്കുന്നുവെന്നു അപ്പോസ്തല പ്രവൃത്തികളിൽ നാം കാണുന്നു.

നമ്മുടെ കൂട്ടായ്മകൾ, ആരാധനാസ്ഥലങ്ങൾ ഇവയൊക്കെ ദമസ്ക്കൊസിന്റെ പടിവാതിലായി മാറണം. കാരണം കൂട്ടായ്മകളുടെയും, ബൈബിൾ കോളേജുകളുടെയും, പള്ളികളുടെയും, സഭാ നേതാക്കന്മാരുടെയും, ക്രിസ്തീയ പ്രസിദ്ധീകരണങ്ങളുടെയും എണ്ണം ദിനംപ്രതി കൂടി വരുന്നുണ്ടെങ്കിലും മാനസാന്തരപ്പെട്ടവരുടെ എണ്ണം വളരെ കുറവാണ്. കേരളത്തിലും, ഭാരതത്തിലും ക്രിസ്ത്യാനികൾ ന്യൂനപക്ഷമാണ്. എങ്കിലും മദ്യപാനികളിലും, ജയിൽപുള്ളികളിലും, ഭവനഭേദനം നടത്തുന്നവരിലും, വേശ്യാവൃത്തിയിൽ പിടിക്കപ്പെടുന്നവരിലും ഭൂരിപക്ഷം ക്രിസ്ത്യാനികളാണ്.

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

“ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ”

1 കൊരിന്ത്യർ 11:1

ഇതു പറയുവാൻ പ്രാഗത്ഭ്യമുള്ള വിശുദ്ധന്മാർ നമ്മുടെ ഇടയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. പത്രോസ് ശ്ലീഹാ പറയുന്നത് നോക്കുക.

പത്രോസ് യോഹന്നാനോടു കൂടെ അവനെ ഉറ്റു നോക്കി. ഞങ്ങളെ നോക്കൂ എന്നു പറഞ്ഞു. (അപ്പൊ. പ്രവൃത്തികൾ 3:4)

ഇതു പറഞ്ഞ പത്രോസിനെയും യോഹന്നാനെയും പോലെ വിശുദ്ധിയിലും സ്നേഹത്തിലും നിറഞ്ഞ ദൈവവേലക്കാർ എഴുന്നേറ്റു വരണം. അവരുടെ വാക്കിൽ മുടന്തന്മാർ തുള്ളിച്ചാടി സ്തുതിക്കും.

> "ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നു വെച്ച് പിൻതുടരുന്നതേയുള്ളൂ."
>
> ഫിലിപ്പിയർ 3:12

ദമസ്ക്കൊസ് റോഡിൽ വച്ച് ശൌൽ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടു. ക്രിസ്തു മാർഗ്ഗക്കാരെ പിടിച്ചു തടവിലാക്കാൻ ഇറങ്ങി പുറപ്പെട്ടവനെ, ക്രിസ്തു പിടിച്ചു തന്റെ വേലക്കാരനാക്കി. ദൈവത്തിനെതിരായി, ദൈവത്തെ ഉപദ്രവിച്ചുകൊണ്ട് ഒരുവൻ ഓടുമ്പോഴും അവന്റെ പിന്നാലെ തേടി വരുന്ന ദൈവസ്നേഹമാണ് യേശുക്രിസ്തു. മകനേ, നിന്റെ പിന്നാലെ പേർ ചൊല്ലി വിളിച്ചുകൊണ്ടു വരുന്ന യേശുവിന്റെ സ്നേഹ ശബ്ദം ഒന്നു കേൾക്കുമോ?

ഏതു കൊടുംപാപിയുടെയും രക്ഷകനാണ് യേശുക്രിസ്തു. Jesus Christ is the saviour of the uttermost . മദ്യപിച്ച് കൂത്താടിയും നാട്ടിലും വീട്ടിലും ഭാരവിഷയമായും നിന്റെ നാളുകൾ നീ നഷ്ടപ്പെടുത്തി കളഞ്ഞു. ദൈവപൈതലേ, തെറ്റുകൾ നിനക്ക് ഏറെ സംഭവിച്ചു. പല ദോഷങ്ങളും നിന്റെ ജീവിതത്തിൽ വന്നു. ഒരിക്കലും തിരുത്താനാവാത്ത തെറ്റുകൾ നിന്റെ ജീവിതത്തിൽ വന്നു. പ്രേമക്കുരുക്കുകളിലും മ്ലേഛമായ മോഹങ്ങളിലും കുടുങ്ങി നിന്റെ ആരോഗ്യം നീ തകർത്തു കളഞ്ഞു. ഭർത്താവിനെ അനുസരിക്കാതെ അഹങ്കാരത്തോടെ സംസാരിച്ചു. ഭാര്യയോട് അവിശ്വസ്തത കാണിച്ചു. അവളെ സംശയിച്ചുപോയി.

പ്രിയപ്പെട്ടവരേ, നിങ്ങളേ സ്നേഹിക്കുന്ന യേശു വിളിക്കുന്ന ശബ്ദമാണ് നിങ്ങൾ കേൾക്കുന്നത്. ശൌലേ, ശൌലേ എന്നു വിളിച്ചവൻ ഇന്നു നിന്നെയും പേർ ചൊല്ലി വിളിക്കുന്നു. മകനേ പാപത്തോടു യാത്ര പറഞ്ഞ് ഒരു പുതിയ ജീവിതത്തിനായി മടങ്ങി വരിക.

> “മുമ്പെ നമ്മെ ഉപദ്രവിച്ചവൻ താൻ മുമ്പെ മുടിച്ച വിശ്വാസത്തെ ഇപ്പോൾ പ്രസംഗിക്കുന്നു എന്നു മാത്രം അവർ കേട്ടു എന്നെ ചൊല്ലി ദൈവത്തെ മഹത്വപ്പെടുത്തി.”
>
> ഗലാത്യർ 1:23,24.

മുമ്പെ ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്ന ശൌൽ ഇന്നു യേശുവിനെ മഹത്വപ്പെടുത്തുന്നവനായി മാറി. സഹോദരാ നിനക്കും രൂപാന്തരപ്പെടാം. സഹോദരീ നിന്നെയും മാറ്റുവാൻ യേശുവിനു കഴിയും. അവൻ ആരെയും വെറുക്കുന്നി

ല്ല. യേശുവിന് ആരോടും വെറുപ്പില്ല. അവൻ നിന്നെ അനുഗ്രഹിക്കാനാണ് വിളിക്കുന്നത്. നിന്റെ തകർന്നു ഉടഞ്ഞുപോയ ജീവിതം പുതുക്കി മെനഞ്ഞു തരാമെന്നാണ് അവൻ പറയുന്നത്. സ്നേഹിതരെ, അടുത്തു വരിക. പാപത്തോടു യാത്ര പറയുക. ഒരു പുതിയ ജീവിതം തുടങ്ങുക. ദൈവനാമം ദുഷിച്ചവരുടെ മാനസാന്തരം കണ്ട്, അവരുടെ രൂപാന്തരം കണ്ട് ഇന്നും അനേകർ ദൈവനാമത്തെ മഹത്വപ്പെടുത്തട്ടെ.

ശൌലിന്റെ ജീവിതത്തിൽ പ്രകടമായ പാപങ്ങളോ, പാപവഴികളോ ഉണ്ടായിരുന്നില്ല. ആർക്കും ഒരു തെറ്റും പറയാൻ കഴിയാത്ത മാന്യമായ ഒരു ജീവിതം അദ്ദേഹത്തിനു ഉണ്ടായിരുന്നു. ശൌൽ 'ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ' എന്നാണ് വേദപുസ്തകം പറയുന്നത് . അതിനാൽ പ്രകടമായ പാപപ്രവൃത്തിയിൽ നിന്നുള്ള ഒരു മാനസാന്തരമല്ല ശൌലിനു ആവശ്യമായിരുന്നത്.

ശൌലിന്റെ ജീവിതത്തിൽ പാപ പ്രകൃതിയിൽ നിന്നുള്ള മോചനമാണ് വേണ്ടിയിരുന്നത്.

'മഹാനായ അലക്സാണ്ടർ പറഞ്ഞു "ഒരു വലിയ നദിയിലെ വെള്ളം അഴുക്കാണെന്നല്ല, അതിന്റെ ഉത്ഭവസ്ഥാനത്തു ചെന്നിട്ടു അതിന്റെ ഉറവിടം തൊട്ടേ മലിനമാണെന്നു ഏറ്റു പറഞ്ഞേ തീരു."

സ്നേഹിതാ, നിന്റെ ജീവിതത്തിന്റെ ഉറവയും ഒഴുക്കും ഒരുപോലെ മലിനമാണെന്നു സമ്മതിച്ചുകൊണ്ടു ദൈവസന്നിധിയിൽ ഏറ്റുപറയുക. "Not what I have done is wrong , but I am wrong. Not my doing but my very being is sinful"

സഹോദരാ, ഇതു വായിച്ചതിന്റെ വെളിച്ചത്തിൽ നീ നിന്നെത്തന്നെ ശോധന ചെയ്യൂ. നിന്റെ മാനസാന്തരം യഥാർത്ഥമാണോ, മകനേ, നീ പല പാപ പ്രവൃത്തികളി ലേക്കും പോകുന്നില്ല. നല്ലതു തന്നെ, പക്ഷേ നിന്റെ പാപ ത്തിന്റെ പ്രകൃതി മാറിയോ? മകളേ, നിന്റെ ഹൃദയത്തിന്റെ അവസ്ഥ എന്താണ്? ഹൃദയം വിശുദ്ധമാണോ? അവിടെ കാപട്യം ഇല്ലേ? വഞ്ചനയില്ലേ? പലരോടു ഇഷ്ടക്കുറവും നീര സവും ഇല്ലേ? പകയും പിണക്കവും ഇല്ലേ? അശുദ്ധ വികാര ങ്ങൾ ഇല്ലേ? മലീമസമായ ചിന്തകൾ ഇല്ലേ? കോപാവേശവും പ്രതികാരേച്ഛയും ഇല്ലേ? നിന്റെ കണ്ണു മാനസാന്തരപ്പെട്ടുവോ? നിന്റെ നാവു മാനസാന്തരപ്പെട്ടുവോ? പ്രിയരേ, നിങ്ങളെ തന്നെ ശോധന ചെയ്യുവിൻ.

പ്രിയനേ, നിന്റെ പാപത്തിന്റെ പ്രകൃതി മാറ്റി ദൈവ ത്തിന്റെ സ്വരൂപവും സാദൃശ്യവും നല്കുവാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ച് ഉയിർത്തെഴു ന്നേറ്റു ജീവിക്കുന്നത്. അവൻ പാപത്തിന്മേൽ ജയോത്സവം കൊണ്ടാടിയവനാണ്. അവനെ ഹൃദയത്തിലേക്കു ക്ഷണിക്കൂ. അവൻ കടന്നു വന്നാൽ പാപം മാറും. ഉറവ നന്നായാൽ ഒഴുക്കും നന്നാവും. യേശു അകത്തുണ്ട് എങ്കിൽ യേശുവിന്റെ സ്വഭാവം പുറത്തേക്ക് വരും.

സ്നേഹിതരേ, നിങ്ങൾ പിശാചിനോടും, അവന്റെ പ്രവൃ ത്തിയായ പാപത്തോടും യാത്ര പറയുക. യേശുവിനെ ഹൃദ യത്തിലേക്ക് സ്വീകരിക്കുക. യേശുവിന്റെ കാല്ക്കൽ വീണ് അവനോടു ഉടമ്പടി പറയുക.

നാഥാ ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി, നിങ്ങൾ പ്രാർത്ഥിക്കൂ. യേശുവേ , നീ എന്റെ ഹൃദയത്തിലേക്ക് കടന്നു

വരണമെ. കരിക്കട്ടയായ എന്നെ തീക്കട്ടയാക്കി മാറ്റേണമേ, എന്റെ പാപം മാറ്റി എന്നെ ഒരു വിശുദ്ധനാക്കണമേ. യേശുവിന്റെ സ്വഭാവം എനിക്കു തരണമേ. ശൌലിനെ വി. പൗലോസാക്കി മാറ്റിയ യേശുവേ, എന്നേയും ഒരു പുതിയ സൃഷ്ടിയാക്കി രൂപാന്തരപ്പെടുത്തണമേ.

തീരുമാനം എടുത്ത മക്കൾക്കായി നിന്നെ സ്തോത്രം ചെയ്യുന്നു. ആണിപ്പാടുള്ള കരം നീട്ടി അവരെ അനുഗ്രഹിക്കണമേ. അവരുടെ പാപക്കറകളെ കഴുകണമേ. ബന്ധനങ്ങളെ അഴിക്കണമേ. പുതിയ ജീവിതം കൊടുക്കണമേ. രണ്ടാമത്തെ വരവിനു വേണ്ടി ഒരുക്കണമേ. എല്ലാ നന്മകളാലും നിറയ്ക്കണമേ.

## രണ്ട്

## യെരുശലേം – യെരീഹോ റോഡ്

“ഒരു മനുഷ്യൻ യെരുശലേമിൽ നിന്നു യെരിഹോവിലേക്കു പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു. അവർ അവനെ വസ്ത്രം അഴിച്ചു മുറിവേല്പ്പിച്ചു അർദ്ധപ്രാണനായി വിട്ടേച്ചു പോയി. ആ വഴിയായി യദൃച്ഛയാ ഒരു പുരോഹിതൻ വന്നു അവനെ കണ്ടിട്ടു മാറി കടന്നുപോയി. അങ്ങനെ തന്നെ ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി. അവനെ കണ്ടിട്ടു മാറി കടന്നു പോയി. ഒരു ശമര്യാക്കാരനോ വഴി പോകയിൽ അവന്റെ അടുക്കൽ എത്തി, അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്നു എണ്ണയും വീഞ്ഞും പകർന്നു അവന്റെ

മുറിവുകളെ കെട്ടി അവനെ തന്റെ വാഹന ത്തിൽ കയറ്റി വഴിയമ്പലത്തിലേക്കു കൊണ്ടു പോയി രക്ഷ ചെയ്തു."

ലൂക്കൊസ് 10: 30–34.

കർത്താവായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ യോട് ബന്ധപ്പെട്ട് യേശു പല പ്രാവശ്യം കടന്നു ചെന്ന ഒരു പട്ടണമാണ് യെരീഹോ. പല അത്ഭുതങ്ങളും, അടയാളങ്ങ ളും, വീര്യപ്രവർത്തികളും നടന്ന സ്ഥലമാണ് യെരിഹോ. തിമാ യിയുടെ മകനായ ബർത്തിമായി എന്ന കുരുടനായ ഭിക്ഷ ക്കാരനു യേശു കാഴ്ച്ച കൊടുത്തത് യെരിഹോവിൽ വെച്ചാ ണ്. യെരിഹോവിന്റെ തെരുവിൽ വച്ചാണ് ചുങ്കക്കാരനായ സക്കായി യേശുവിനെ കണ്ടു മുട്ടിയത്. കണ്ടുമുട്ടുക മാത്രമ ല്ല, യേശു അവന്റെ വീട്ടിൽ പാർക്കുകയും ആ ഭവനത്തിനു രക്ഷ വരികയും ചെയ്തു.

വേദത്തിലെ അനേക മർമ്മങ്ങൾ വെളിപ്പെടുത്തിക്കൊ ടുക്കുവാൻ യേശുക്രിസ്തു ധാരാളം ഉപമകൾ സ്വീകരിച്ചി ട്ടുണ്ട്. യേശുവിന്റെ ഉപമകളിൽ വളരെ പ്രാധാന്യം അർഹി ക്കുന്ന ഒന്നാണ് നല്ല ശമര്യക്കാരന്റെ ഉപമ. ഈ ഉപമയും യെരിഹോവിന്റെ പശ്ചാത്തലത്തിലാണ്.

ഒരു മനുഷ്യൻ യെരുശലേമിൽ നിന്നു യെരിഹോവി ലേക്കു യാത്ര ചെയ്യുന്നു. യാത്രയിൽ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു പോയി. ആ കവർച്ചാ സംഘം അവന്റെ വസ്ത്രം അഴിച്ചു, സമ്പത്തെല്ലാം അപഹരിച്ചു. അവനെ അടിച്ചു മുറി വേല്പിച്ചു. അർദ്ധപ്രാണനായ അവനെ കള്ളന്മാർ വഴിയിൽ ഉപേക്ഷിച്ച് കടന്നുപോയി. ഈ മനുഷ്യൻ ചേതനയറ്റ്, ഊർദ്ധ

ശ്വാസം വലിച്ചുകൊണ്ട് വഴിയോരത്തു കിടന്നു.

അപ്പോൾ ആ വഴിയേ ഒരു പുരോഹതൻ കടന്നു വന്നു, മുറിവേറ്റവനെ കണ്ടിട്ടു മാറി കടന്നുപോയി. പിന്നാലെ ഒരു ലേവ്യനും കടന്നുവന്നു, അവനും വഴി മാറി കടന്നുപോയി. പുരോഹിതനും, ലേവ്യനും ദൈവത്തോട് അടുത്തവരും സമൂഹത്തിൽ ഉന്നതസ്ഥാനമാനങ്ങൾ ഉള്ളവരും ആണ്.

അവർക്കു പിന്നാലെ ഒരു ശമര്യാക്കാരൻ അതു വഴി വന്നു. ശമര്യാക്കാരൻ മുറിവേറ്റവനെ കണ്ടിട്ടു മനസ്സലിഞ്ഞു, അരികെ ചെന്നു, എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവുകളെ കെട്ടി, അവനെ തന്റെ വാഹനമൃഗത്തിൽ കയറ്റി വഴിയമ്പലത്തിൽ കൊണ്ടുപോയി രക്ഷ ചെയ്തു.

യഹൂദന്മാർ ആരും തന്നെ ശമര്യയിൽ കൂടി കടന്നുപോകാറില്ല. കാരണം ശമര്യയെ നിഷിദ്ധപട്ടണമായിട്ടാണ് അവർ കരുതിയിരുന്നത്. ശമര്യാക്കാരുമായി ഒരു വിധത്തിലും യഹൂദന്മാർ സമ്പർക്കം പുലർത്തിയിരുന്നില്ല. യഹൂദന്മാരെ സംബന്ധിച്ച് ശമര്യാക്കാർ നിന്ദിക്കപ്പെട്ടവരും വെറുക്കപ്പെട്ടവരും ആയിരുന്നു. മാത്രമല്ല, നായ്ക്കളെന്നും, മഹാപാപികളെന്നും വിളിച്ച് യഹൂദന്മാർ അവരെ നിന്ദിച്ച് അകറ്റിയിരുന്നു. സമൂഹത്തിൽ നിന്ദിതരെങ്കിലും ശമര്യാക്കാരന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെയും കരുണയുടെയും ആർദ്രഭാവങ്ങൾ നമുക്ക് ദർശിക്കുവാൻ കഴിയുന്നുണ്ട്.

യെരുശലേമിൽ നിന്ന് യെരീഹോവിലേക്കു ഏകദേശം ഇരുപതു മൈൽ ദൂരം ഉണ്ട്. യെരുശലേം മലമേൽ ശോഭിക്കുന്ന ഒരു രാജനഗരമാണ്. സമുദ്ര നിരപ്പിൽ നിന്ന് രണ്ടായിരത്തിമുന്നൂറ് അടിയോളം ഉയരത്തിലാണ് ഈ പട്ടണം സ്ഥിതി

ചെയ്യുന്നത്. ഇതിന്റെ നടുനായകമായി ശോഭിക്കുന്നതു യെരുശലേം ദേവാലയമാണ്. അതു കൊണ്ടു തന്നെ ഇതു വിശുദ്ധ നഗരവുമാണ്.

ഇവിടെ യാഗങ്ങളുണ്ട്, ബലികളുണ്ട്. ഇവിടെ ഉത്സവങ്ങളുണ്ട്, പെരുന്നാളുകളുണ്ട് മാത്രമല്ല അർപ്പണവുമുണ്ട്, ആരാധനയുണ്ട്, പരീശന്മാരുണ്ട്, വേദശാസ്ത്രികളുണ്ട്, രാജാക്കന്മാർ ഉണ്ട്, രാജകൊട്ടാരങ്ങൾ ഉണ്ട്. ഇങ്ങനെ എല്ലാ തരത്തിലും ശ്രേഷ്ഠവും സമുല്ലസിതവും ആയ മനോഹര നഗരമാണ് യെരുശലേം.

യെരുശലേമിൽ നിന്നാണ് ഈ മനുഷ്യൻ യെരീഹോവിലേക്കു പോകുന്നത്. സമുദ്ര നിരപ്പിൽ നിന്നും ആയിരത്തിമുന്നൂറു അടി താഴ്ചയുള്ള സ്ഥലമാണ് യെരിഹോ. ലോകത്തിലെ ഏറ്റവും താണ സ്ഥലമായ ചാവുകടലിന്റെ വടക്കേക്കരയിലാണ് യെരിഹോ സ്ഥിതി ചെയ്യുന്നതു. മനുഷ്യവാസത്തിനു ഒട്ടും യോജിക്കാത്ത പ്രദേശമാണിത്. 'ശാപത്തിന്റെ നാട്' എന്ന പേരിലാണ് ബൈബിളിൽ യെരിഹോ അറിയപ്പെടുന്നത്.

> "അക്കാലത്തു യോശുവ ശപഥം ചെയ്തു. ഈ യെരിഹോ പട്ടണത്തെ പണിയുവാൻ തുനിയുന്ന മനുഷ്യൻ യഹോവയുടെ മുമ്പാകെ ശപിക്കപ്പെട്ടവൻ; അവൻ അതിന്റെ അടിസ്ഥാനമിടുമ്പോൾ അവന്റെ മൂത്ത മകൻ നഷ്ടമാകും. അതിന്റെ കതകു തൊടുക്കുമ്പോൾ ഇളയമകനും നഷ്ടമാകും എന്നു പറഞ്ഞു."
>
> യോശുവ 6:26.

യെരുശലേമിൽ നിന്നു പുറപ്പെട്ട ഈ മനുഷ്യൻ മൂവായിരത്തിയറുന്നൂറു അടി താഴെയുള്ള യെരിഹോവിലേക്കാണ് യാത്ര ചെയ്യുന്നതു. അനുഗ്രഹത്തിന്റെ നാട്ടിൽ നിന്നു ശാപത്തിന്റെ നാട്ടിലേക്ക്, നന്മയിൽ നിന്നു തിന്മയിലേക്ക്, ഉയർച്ചയിൽ നിന്ന് താഴ്ചയിലേക്ക്, സമൃദ്ധിയിൽ നിന്നു ക്ഷാമത്തിലേക്ക്, അവൻ സ്വയം ഇറങ്ങിപ്പോകുകയാണ്.

യെരുശലേം യെരിഹോ റോഡ് കുപ്രസിദ്ധമാണ്. പാറക്കെട്ടുകളും മലയോരങ്ങളും നിറഞ്ഞ വിജനമായ പാത, മുന്നോട്ടുള്ള ഗമനത്തെ മറച്ചു പിടിക്കുന്ന കൊടുംവളവുകൾ, കിഴക്കാം തൂക്കായ പാറക്കെട്ടുകൾ, ഇവയെല്ലാം വഴിയോരത്തെ കള്ളന്മാരുടെ ഒളിസങ്കേതങ്ങൾക്കു ആക്കം കൂട്ടുന്നു. ഈ റോഡ് രക്തപാത Red ways, Bloody way എന്നൊക്കെ അറിയപ്പെട്ടിരുന്നു. കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട യാത്രക്കാരുടെ മുറിവുകളിൽ നിന്നും വാർന്നൊലിച്ച രക്തക്കറകൾ ഈ റോഡിൽ അവിടവിടെ കാണാമായിരുന്നു. അതിനാൽ ഈ വഴിയിലൂടെയുള്ള യാത്ര ഏറ്റവും ഭീതിജനകവും ദുർഘടവുമായിരുന്നു.

അനുഗ്രഹിക്കപ്പെട്ട യെരുശലേം പട്ടണത്തിൽ നിന്നും അപകടം നിറഞ്ഞ പാതയിലൂടെ ശാപഗ്രസ്തമായ യെരിഹോവിലേക്കു യാത്ര ചെയ്യുന്ന ഈ മനുഷ്യൻ ഇന്നത്തെ സമുഹത്തിന്റെ അഥവാ വ്യക്തികളുടെ പ്രതീകമാണ്.

മഹാപരിശുദ്ധനും സർവ്വശക്തനുമായ ദൈവം മനുഷ്യനെ ദൈവത്തിന്റെ ഛായയിലും സ്വരൂപത്തിലും സൃഷ്ടിച്ചു. ദൈവത്തിന്റെ പ്രമോദമായി സൃഷ്ടിച്ചു. ദൈവീക സംസർഗ്ഗത്തിനു വേണ്ടി സൃഷ്ടിച്ചു. ഈ പ്രപഞ്ചത്തെയും അതിലുള്ളതിനെയും അടക്കി വാഴുവാൻ സൃഷ്ടിച്ചു.

എന്നാൽ ദൈവസൃഷ്ടിയായ മനുഷ്യൻ അറുപ്പാനും, മുടിപ്പാനും, മോഷ്ടിപ്പാനും വരുന്ന ദുഷ്ടപിശാചിന്റെ ആലോചനയ്ക്ക് ഇടം കൊടുത്ത് ശാപത്തിൻ കീഴിൽ അമർന്നുപോയിരിക്കുകയാണ്. ദൈവീക സ്വഭാവത്തിനു കൂട്ടവകാശിയായി ജീവിക്കേണ്ട മനുഷ്യൻ പിശാചിന്റെ കയ്യിലെ കളിപ്പാവയായി അധഃപതിച്ചിരിക്കുന്നു.

ശത്രുക്കളെ സ്നേഹിപ്പിൻ, ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ എന്ന് പഠിപ്പിക്കുകയും പ്രമാണിക്കുകയും ചെയ്ത ഗുരുവിന്റെ ശിഷ്യന്മാർ എന്നവകാശപ്പെടുന്ന ക്രിസ്ത്യാനികൾ ഇന്നു ശത്രുവിന്റെ കഴുത്തറക്കാൻ മടിക്കാത്ത ചൂഷകരായി മാറിയിരിക്കുകയാണ്. പണത്തിനും പൊന്നിനും വേണ്ടി കൊല്ലും കൊലയും നടത്തുന്നു. അതേ കൈ കൊണ്ടു തന്നേ കുരിശു വരയ്ക്കുകയും ചെയ്യുന്നു.

ഏറ്റവും ഹീനവും വികൃതവും ആയ ലൈംഗീകത ഇന്നു സമൂഹത്തെ കാർന്നു തിന്നുകയാണ്. എല്ലാ രംഗത്തും മനുഷ്യൻ ദൈവിക പ്രകൃതിയുടെ സമുന്നത നിലവാരത്തിൽ നിന്നു പൈശാചിക പ്രകൃതിയിലേക്കു കൂപ്പു കുത്തി വീണു കൊണ്ടിരിക്കയാണ്. പരിശുദ്ധാത്മാവിന്റെ നിറവിൽ ആത്മാവാകുന്ന ദൈവത്തെ സത്യത്തിലും, ആത്മാവിലും വിശുദ്ധിയിലും ആരാധിക്കേണ്ട ക്രിസ്ത്യാനികൾ നരകത്തിന്റെ പാനീയമായ മദ്യലഹരിയിൽ ആറാടുകയാണ്.

പള്ളികളുടെയും, കുരിശിൻ തൊട്ടികളുടെയും, പെരുന്നാളുകളുടെയും, കൂട്ടായ്മയുടേയും ഉപദേഷ്ടാക്കന്മാരുടെയും, മിഷ്യനറി സമൂഹത്തിന്റെയും എണ്ണം നാൾക്കുനാൾ പെരുകി വരുന്നു. എന്നാൽ വിശുദ്ധന്മാരുടെ എണ്ണം നന്നേ

കുറഞ്ഞുകൊണ്ടിരിക്കുന്നു. വേദശാസ്ത്ര പണ്ഡിതന്മാരെയോ, വാഗ്മികളെയോ അല്ല ഇന്ന് ആവശ്യം,. പരിശുദ്ധാത്മാവിൽ തീപിടിച്ച വിശുദ്ധന്മാരെയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം.

യെരിഹോവിലേക്കു യാത്ര പുറപ്പെട്ട ഈ മനുഷ്യൻ ആധുനിക മനുഷ്യനെ പ്രതിധാനം ചെയ്യുന്നു. അവൻ മുറിവേറ്റവനാണ്. ശാരീരികമായും, മാനസികമായും ആത്മീയമായും തകർന്നവനാണ്. ദൈവീക സംസർഗ്ഗത്തിൽ നിന്നും അകന്നുപോകുന്ന ഒരു പാപിയെയാണ് ഈ മനുഷ്യൻ വിരൽ ചൂണ്ടുന്നത്. അപ്പന്റെ സ്നേഹമുള്ള ഹൃദയത്തെ മുറിവേല്പ്പിച്ച് വീടുവിട്ടിറങ്ങുന്ന മുടിയനായ പുത്രന്റെ ചിത്രമാണ് ഇവിടെ ദൃശ്യമാകുന്നത്.

ദൈവത്തെ വിട്ടുപോകുന്ന മനുഷ്യനെ സാത്താൻ കടന്നുപിടിച്ച് ആക്രമിക്കുകയും മുറിവേല്പിക്കുകയും ചെയ്യുന്നു. സാത്താൻ അവന്റെ നീതിയിൻ വസ്ത്രം ഉരിഞ്ഞുകളഞ്ഞ് അവനെ അർദ്ധപ്രാണനായി വിട്ടേച്ചു പോകുന്നു. അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനും വരുന്ന പിശാച് അവന്റെ ജീവിത്തിലെ വിലയേറിയതെല്ലാം കവർന്നു കളയുന്നു.

വിശുദ്ധ നഗരമായ യെരുശലേമിൽ നിന്നാണ് ഈ മനുഷ്യൻ യാത്ര ആരംഭിക്കുന്നത്. മുടിയൻ പുത്രനെപ്പോലെ അപ്പന്റെ ഭവനത്തിലെ സമൃദ്ധിയിൽ നിന്നാണ് ഇറങ്ങിപ്പോകുന്നത്. ദൈവം ആദാമിനെ ആക്കിവച്ച ഏദെൻ തോട്ടത്തിന്റെ അനുഭവത്തിൽ നിന്നാണ് ദൂരെ പോകുന്നത്. യൂദായെപ്പോലെ സത്യവെളിച്ചമായ ക്രിസ്തുവിനെ ഉപേക്ഷിച്ച് ഇരുട്ടിലേക്ക് യാത്ര ചെയ്യുകയാണ്.

അപ്പന്റെ അടുക്കൽ നിന്ന് പന്നികളുടെ കൂട്ടത്തിലേക്ക് എന്നപോലെ ഏറ്റവും ശാപഗ്രസ്തവും വൃത്തിഹീനവും ആയ യെരിഹോവിലേക്ക് അവൻ ഇറങ്ങിപ്പോയി. പാപ വഴിയിലൂടെ യാത്ര ചെയ്യുന്ന മനുഷ്യനെ സാത്താൻ ആക്രമിച്ച് മുറിവേല്പിച്ചു. സമ്പത്ത് അപഹരിച്ച് വെറും ചണ്ടിയാക്കി അവനെ വഴിയോരത്ത് തള്ളി. അവൻ നിസ്സഹായകനായി, എല്ലാം നഷ്ടപ്പെട്ടവനായി, അർദ്ധപ്രാണനായി, വഴിയിൽ കിടക്കുകയാണ്.

ആ സമയം ഒരു പുരോഹിതൻ അതു വഴി കടന്നു വന്നു. ദൈവിക ശുശ്രൂഷക്കായി നിയമിക്കപ്പെട്ട അഭിഷിക്തൻ. രക്തം വാർന്നും വേദനിച്ചും മരണത്തോടു മല്ലടിക്കുന്ന പാവം മനുഷ്യൻ ആശയോടെ സഹായത്തിനായി ആ പുരോഹിതനെ നോക്കി. എന്നാൽ പുരോഹിതൻ അവനെ കണ്ടിട്ടും കാണാത്തവനെപ്പോലെ കടന്നുപോയി.

വീണ്ടും അവൻ ആശയോടെ നോക്കുകയാണ്. ഭാഗ്യം! ഒരു ലേവ്യൻ വരുന്നുണ്ട്. നിശ്ചയമായും ഈ ലേവ്യൻ തന്നെ സഹായിക്കും എന്ന ആശയോടെ വീണ്ടും നോക്കി. കഷ്ടം! കനിവൊരു കണികയും കാണിക്കാതെ ലേവ്യനും അവനെ കണ്ടിട്ട് മാറി കടന്നുപോയി. മരിക്കാൻ കിടക്കുന്നവന് ഒരു തുള്ളി വെള്ളം പോലും കൊടുക്കാതെ യാഗം കഴിക്കാൻ കടന്നു പോകുന്നവർ .ശത്രുവിന്റെ മുറിവേറ്റു അർദ്ധപ്രാണനായി കിടക്കുന്നവനെ കണ്ടിട്ടു മുഖം മറച്ചു കളയുന്ന മതഭക്തിയുടെ മുഖം മൂടി അണിഞ്ഞ കപടഭക്തിക്കാർ. അത്യാവശ്യക്കാരനെ കണ്ടിട്ടു തനിക്കേതുമില്ല എന്ന ഭാവത്തോടെ കടന്നുപോകുന്ന മതതീക്ഷ്ണതയുള്ളവർ. കണ്ണു കൊണ്ടു കാണുന്ന സഹോദരനെ സ്നേഹിക്കുവാൻ കഴിയാതെ കണ്ണു

കൊണ്ടു കാണാത്ത ദൈവത്തെ പ്രസാദിപ്പിക്കുവാൻ വെമ്പൽ കാണിക്കുന്ന ശുശ്രൂഷക്കാർ.

ബാഹ്യമായ ആചാരങ്ങളോ, അനുഷ്ഠാനങ്ങളോ, ഭക്തി പ്രകടനങ്ങളോ, ഒന്നുമല്ല ഒരുവനെ ആത്മീയനാക്കുന്നത്. യഥാർത്ഥ ആത്മീയതയുടെ അളവുകോൽ ബന്ധങ്ങളാണ്. നിർവ്യാജസ്നേഹത്തിന്റെ ബന്ധങ്ങൾ, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും.

എല്ലാവരാലും പരിത്യജിക്കപ്പെട്ട വി. പൗലോസ് ഹൃദയ വേദനയോടെ ഇപ്രകാരം പറഞ്ഞു:

> "ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ട് എന്നെ വിട്ടു തെസ്സലോനിക്കയിലേക്കു പോയി. ക്രേസ്കേസ് ഗലാതൃക്കും തീതോസ് ദല്മാത്യെക്കും പോയി; ലൂക്കൊസ് മാത്രമേ എന്നോടു കൂടെ ഉള്ളൂ; മർക്കൊസ് എനിക്കു ശുശ്രൂഷയ്ക്കായി ഉപയോഗമുള്ളവൻ ആകയാൽ അവനെ കൂട്ടിക്കൊണ്ടു വരിക. തിഹിക്കൊസിനെ ഞാൻ എഫെസോസിലേക്കു അയച്ചിരിക്കുന്നു. ഞാൻ ത്രോവാസിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടു വരിക. ചെമ്പു പണിക്കാരൻ അലെക്സന്തർ എനിക്കു വളരെ ദോഷം ചെയ്തു."
>
> 2 തിമൊഥിയോസ് 4:10–14.

വീണ്ടു വായിക്കാം.

> “എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല; എല്ലാവരും എന്നെ കൈവിട്ടു, അതു അവർക്കു കണക്കിടാതിരിക്കട്ടെ. കർത്താവോ എനിക്കു തുണ നിന്നു പ്രസംഗം എന്നെക്കൊണ്ടു നിവർത്തിപ്പാനും സകല ജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചു.”
>
> 2 തിമൊഥിയോസ് 4:16–17

ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിക്കുന്നതു ശ്രേഷ്ഠമെന്നു മനസ്സിലാക്കിയ സാധു കൊച്ചുകുഞ്ഞ് ഉപദേശി തന്റെ ജീവിതാനുഭവത്തിൽ നിന്നും ഇങ്ങനെ പാടി.

> “ആരും സഹായമില്ലെല്ലാവരും പാരിൽ
> കണ്ടും കാണാതെയും പോകുന്നവർ
> എന്നാലെനിക്കൊരു സഹായകൻ വാനിൽ
> ഉണ്ടെന്നറിഞ്ഞതിൽ ഉല്ലാസമേ”

സഹായം തരുമെന്ന് പ്രതീക്ഷിച്ചവർ കണ്ടില്ല എന്നു നടിച്ച് നടന്നകലുമ്പോൾ സ്വർഗ്ഗത്തിലെ സഹായകൻ ഇറങ്ങി വന്ന് കണ്ണീർ തുടയ്ക്കുന്നതു ഉപദേശിയുടെ വ്യക്തിപരമായ അനുഭവമായിരുന്നു.

> “ഒരു ശമര്യക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി; അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്നു, എണ്ണയും വീഞ്ഞു

പകർന്നു അവന്റെ മുറിവുകളെ കെട്ടി, അവനെ തന്റെ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷ ചെയ്തു."

ലൂക്കൊസ് 10:33–34.

വഴിയിൽ മരണാസന്നനായി കിടക്കുന്ന വഴിപോക്കന്റെ അരികിലേക്കു നല്ല ശമര്യാക്കാരൻ ഇറങ്ങിച്ചെന്നു. അവനും ആ വഴി പോകുന്ന ഒരു യാത്രക്കാരൻ തന്നെ ആയിരുന്നു. നഗ്നനായി, മുറിവേറ്റവനായി, അർദ്ധപ്രാണനായി കിടക്കുന്ന മനുഷ്യനെ കണ്ടിട്ടു ഈ ശമര്യാക്കാരന്റെ മനസ്സലിഞ്ഞു. അരികെ ചെന്നു എണ്ണയും വീഞ്ഞും പകർന്നു മുറിവുകളെ കെട്ടി. തന്റെ വാഹനമൃഗത്തിൽ കയറ്റി, വഴിയമ്പലത്തിൽ കൊണ്ടുപോയി രക്ഷചെയ്തു.

ഈ നല്ല ശമര്യക്കാരനാണ് പാപികളുടെ രക്ഷകനായ യേശുക്രിസ്തു. പാപത്താൽ മുറിവേറ്റ മൃതപ്രായനായ മനുഷ്യനെ തേടി സ്വർഗ്ഗസൗഭാഗ്യങ്ങൾ വിട്ടു ഭൂമിയിലേക്ക് ഇറങ്ങിവന്നവനാണ് യേശു. തന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ പരിശുദ്ധ രക്തത്താൽ പാപത്തിന്റെ മുറിവുകൾ വെച്ചുകെട്ടി സൗഖ്യം നല്കി. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണം പാപികൾക്കു പാപമോചനവും പാപത്തിന്മേലുള്ള ജയവും നേടിത്തന്നു. മാനവജാതിയുടെ പാപം പോക്കാൻ യേശു ക്രൂശിൽ പാപമാക്കപ്പെട്ടു. പാപത്തിന്റെ ശമ്പളമായ മരണം പോക്കാൻ യേശു ക്രൂശിൽ മരണം രുചി നോക്കി.

നാശക്കുഴിയിൽ കിടക്കുന്ന മനുഷ്യനെ മറ്റൊരു കര

ത്തിന്നും രക്ഷിക്കുവാൻ സാദ്ധ്യമല്ല. വലിയ പാപിയുടെ വലിയ രക്ഷകനാണ് യേശു. അവൻ തന്റെ രക്തത്താൽ നമ്മുടെ മുറിവുകളെ കെട്ടി, പരിശുദ്ധാത്മാവു ആകുന്ന എണ്ണ പകർന്നു തന്ന്, നീതിയിൽ വസ്ത്രം കൊണ്ട് നമ്മെ പൊതിഞ്ഞു രക്ഷ ചെയ്യുന്നു. ഇനി അധികം നന്മയായതു ചെയ്യുവാൻ അവൻ മടങ്ങിവരും.

യേശുക്രിസ്തു നമുക്ക് എന്തു ചെയ്തു എന്നോർത്ത് നന്ദിയോടെ അവനെ സ്തുതിച്ചും സേവിച്ചും ശിഷ്ടായുസ്സ് കഴിക്കുന്നവരാണ് ദൈവമക്കൾ. അവൻ നമ്മോടു കാണിച്ച സ്നേഹത്തെ ഓർത്താൽ ഇനി പാപം ചെയ്യാൻ തോന്നുകില്ല. ദൈവസ്നേഹത്താൽ ഹൃദയം നിറയുമ്പോൾ പാപത്തിന്റെ ചിന്തകൾ പോലും ഹൃദയത്തിൽ നിന്ന് മാറിപ്പോകും.

ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന നിലവാരത്തിനു താഴെയായി പോകുന്നതാണ് പാപം.

> "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ
> അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു."
>
> 1 യോഹന്നാൻ 2:6

യേശുവിനെ, യേശുവിന്റെ മനോഭാവങ്ങളെ, വികാരങ്ങളെ കാഴ്ചപ്പാടുകളെ സ്വന്തം ജീവിതത്തിലേക്കു പകർത്തുവാൻ നമുക്കു സാധിക്കണം.

> "ഗുരുവിനെ പോലെയാകുന്നതു ശിഷ്യനു മതി;
> യജമാനനെപ്പോലെയാകുന്നതു ദാസനും മതി"
>
> മത്തായി 10:25.

"യേശുവൽക്കരണം" അതാണ് യഥാർത്ഥ ദൈവാനുഭവം.

കർത്താവായ യേശുക്രിസ്തു എന്ന നല്ല ശമര്യാക്കാരൻ ഇന്നും ജീവിക്കുന്നു. ഇനി നാം വിശുദ്ധ നഗരമായ യെരുശലേമിൽ നിന്നു നാശപട്ടണമായ യെരിഹോവിലേക്കു പോകുന്നവരുടെ കൂട്ടത്തിലല്ല, പാപപ്രകൃതിയിൽ നിന്നും ദൈവസ്വഭാവത്തിലേക്കു ജീവിക്കുന്നവരുടെ കൂട്ടത്തിൽ ആകുന്നു. ലോകത്താലുള്ള യാതൊന്നിനാലും കളങ്കം പറ്റാത്ത ഒരാളത്വത്തിന്റെ ഉടമയായി ജീവിക്കാം.

> "യേശു അവനോടു നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന രണ്ടാമത്തേതു അതിനോടു സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം."
>
> മത്തായി 22:37–39.

ശമര്യക്കാരന്റെ ഉപമയിലൂടെ കർത്താവു "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം." എന്ന അടിസ്ഥാന കല്പനയെ അനാവരണം ചെയ്തു സ്നേഹത്തിന്റെ പ്രായോഗികതയെ വെളിവാക്കുന്നു. യഥാർത്ഥ സ്നേഹത്തിന്റെ ലക്ഷണം അതു ത്യാഗാത്മകമായിരിക്കണമെന്നതാണ്. യഥാർത്ഥ സ്നേഹം തക്കസമയത്ത് ആവശ്യക്കാർക്കു കരുണയായി ഒഴുകും. ദൈവമക്കൾക്കു ദൈവത്തോടു കടപ്പാടു ഉള്ളതുപോലെ മനുഷ്യരോടും കടപ്പാടു ഉണ്ട്. ഇവ നിറവേറ്റാൻ നാം ബാദ്ധ്യസ്ഥരാണ്.

ക്രിസ്തുവിന്റെ കാരുണ്യം ദൈവമക്കളുടെയും കാരുണ്യ മാകണം. കരുണയുടെ കരസ്പർശം ഏൽക്കാതെ ഒരു ആവ ശ്യക്കാരനും ദൈവമക്കളെ കടന്നുപോകാനിടവരാതിരിക്കട്ടെ. നാം പ്രവൃത്തിയിൽ സ്നേഹം കാണിക്കണമെന്നാണ് വചനം പറയുന്നത്.

> "കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവി നാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക."
>
> 1 യോഹന്നാൻ 3:18.

ദൈവത്തേയും ദൈവജനത്തേയും സ്നേഹിക്കുക എന്ന താണ് ക്രിസ്തു നല്കുന്ന മാതൃക. ജാതിക്കും മതത്തിനും അതീതമായ ത്യാഗോജ്ജ്വല സ്നേഹമാണ് ക്രിസ്തുവിന്റെ സ്നേഹം.

യഹൂദ മത മേധാവികൾക്കുള്ള ശക്തമായ ഒരു സന്ദേശം കൂടി ശമര്യക്കാരന്റെ ഉപമയിലുണ്ട്. ആ ന്യായശാ സ്ത്രിക്കു പ്രായോഗിക സ്നേഹത്തിന്റെ സ്വഭാവം വെളി വാക്കി കൊടുക്കുന്നതിനോടൊപ്പം പുറജാതിക്കാരനായ ഒരു ശമര്യാക്കാരൻ ദൈവരാജ്യത്തോടു എത്ര മാത്രം അടുത്ത വൻ എന്നും കൂടി കാണിച്ചു കൊടുക്കുകയാണ്.

കല്പനകൾ പാലിക്കുവാൻ കഴിയാതെ പോകുന്നതു അതിനെക്കുറിച്ച് അറിവില്ലാത്തതു കൊണ്ടല്ല പ്രത്യുത സ്നേഹം വറ്റിപ്പോയതു കൊണ്ടാണ്. പുതിയ അറിവല്ല, പുതിയ ഹൃദയമത്രേ വേണ്ടത് എന്നു കർത്താവു പരോക്ഷ മായി പരാമർശിക്കുന്നു.

യെരുശലേമിൽ നിന്ന് യെരിഹോവിലേക്കുള്ള റോഡ് നമ്മുടെ ഓരോരുത്തരുടേയും ഭവനത്തിന്റെ മുന്നിലൂടെയാണ് കടന്നുപോകുന്നത്. ആ വഴിയിൽ നിസ്സാഹായരായി, ആശയറ്റവരായി, വൃണിതരായി വീണുകിടക്കുന്നവർ പലരും ഉണ്ട്. അവരെ കണ്ടെത്താനുള്ള കണ്ണും അവരുടെ അടുക്കൽ ഇറങ്ങിച്ചെല്ലാനുള്ള മനസ്സും നമുക്കു വേണം. മാത്രമല്ല, അവരെ എണ്ണ പുരട്ടി, തോളിലേന്തി, സത്രത്തിലെത്തിച്ചു ശുശ്രൂഷിക്കുവാനുള്ള സഹിഷ്ണുതയും നാം പുലർത്തേണ്ടതാണ്. അതാണ് ദിവ്യവും പരമവുമായ കാരുണ്യം. ഈ കാരുണ്യം നെഞ്ചേറ്റുന്ന നല്ല അയൽക്കാരാകുവാൻ കർത്താവ് ഇന്നു നിന്നോടു ആവശ്യപ്പെടുന്നു. കവർച്ച ചെയ്യുന്ന മനോഭാവത്തിന്റെ മാറ്റമാണ് കാലഘട്ടത്തിന്റെ ആവശ്യം.

കർത്താവു വീണ്ടും പറഞ്ഞു:

> “ശിഷ്യൻ എന്നു വെച്ചു ഈ ചെറിയവരിൽ ഒരുത്തനു ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവനു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.”
>
> മത്തായി 10:42.

ആകയാൽ നമുക്ക് ക്രിസ്തുവിനെ സ്നേഹിക്കാം. ക്രിസ്തു കാണിച്ചു തന്ന മാതൃകയെ പിൻതുടരാം. ക്രിസ്തുവിന്റെ മനസ്സും ഭാവവും ഉള്ളവരായി ജീവിക്കാം. ശത്രുവിനെ സ്നേഹിക്കാം. ശപിക്കുന്നവരെ അനുഗ്രഹിക്കാം. ദ്വേഷിക്കുന്നർക്ക് നന്മ ചെയ്യാം. പീഢിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാം. നമ്മുടെ നോട്ടത്തിൽ, ചലനത്തിൽ, സംസാരത്തിൽ

പ്രവർത്തനങ്ങളിൽ എല്ലാം യേശുവിനെ മറ്റുള്ളവർ അറിയുവാൻ തക്കവണ്ണം യേശുവിനെ നോക്കി ജീവിക്കാം. നമ്മെ കാണുന്നവർ യേശുവിനെ കാണുവാൻ തക്കവണ്ണം ലജ്ജിപ്പാൻ വകയില്ലാത്ത സാക്ഷിയായി ജീവിക്കാം.

## മൂന്ന്

## യെരിഹോവിലെ കുരുടൻ

‘‘അവൻ അടുക്കെ വന്നപ്പോൾ: ഞാൻ നിനക്കു എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവേ, എനിക്കു കാഴ്ച കിട്ടേണം എന്നു അവൻ പറഞ്ഞു. യേശു അവനോടു: കാഴ്ച പ്രാപിക്ക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു ദൈവത്തെ മഹത്വീകരിച്ചും കൊണ്ടു അവനെ അനുഗമിച്ചു. ജനം എല്ലാം കണ്ടിട്ടു ദൈവത്തിനു പുകഴ്ച കൊടുത്തു.’’

ലൂക്കൊസ് 18:41–43.

"ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി."

2 കൊരിന്ത്യർ 4:4

"കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിനു മുമ്പെ അവയുടെ അകം വെടിപ്പാക്കുക."

മത്തായി 23:26.

കുരുടാവസ്ഥ പ്രാകൃത മനുഷ്യന്റെ അജ്ഞതയേയും അന്ധകാരത്തെയും സൂചിപ്പിക്കുന്നതാണ്. ഞാൻ ലോകത്തിന്റെ വെളിച്ചമാണെന്നു പ്രഖ്യാപിച്ച യേശുക്രിസ്തുവിനു മാത്രമേ മനുഷ്യനെ പ്രകാശിപ്പിക്കുവാൻ സാധിക്കയുള്ളൂ. ക്രിസ്തു ആകുന്ന വെളിച്ചത്താൽ പ്രകാശിപ്പിക്കപ്പെട്ടവരാണു വെളിച്ചത്തിന്റെ മക്കൾ.

ആത്മീയ സംതൃപ്തിയും, അലംഭാവവും, ധനസമൃദ്ധിയിലുമുള്ള ആശ്രയവും, സ്വന്തം അവസ്ഥയെക്കുറിച്ചുള്ള അജ്ഞതയും, ലവൊദിക്ക്യ സഭയെ കുരുടാക്കി എന്നു കാണുന്നു. കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപം വിലയ്ക്കു വാങ്ങുവാൻ സഭയെ ബുദ്ധി ഉപദേശിക്കുകയും ചെയ്യുന്നു. പരീശനെ നോക്കി കർത്താവു 'കുരുടനായ പരീശനേ' എന്നു സംബോധന ചെയ്തതായിട്ടും കാണുന്നു.

ആത്മാവിൽ അന്ധരായവർക്കു കാഴ്ച കൊടുപ്പാനും കാഴ്ചയുള്ളവരെന്നു സ്വയം കരുതുന്നവരെ, തങ്ങൾ അന്ധ

രാണെന്നു ബോദ്ധ്യപ്പെടുത്തുവാനും ആണ് യേശു ലോകത്തിലേക്കു വന്നത്.

> "കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു എന്നു യേശു പറഞ്ഞു."
>
> യോഹന്നാൻ 9:39.

യേശു യെരീഹോ വിട്ടു യെരുശലേമിലേക്കു ഒടുവിലായി യാത്ര ചെയ്യുമ്പോൾ – യെരുശലേം യെരിഹോ റോഡിൽ വച്ചു നടക്കുന്ന അത്ഭുതമാണ് കുരുടനു കാഴ്ച ലഭിച്ച സംഭവം. ബർത്തിമായി എന്ന കുരുടൻ യെരിഹോ റോഡിന്റെ ഓരത്ത് ഇരുന്നു ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുകയാണ്.

കരുണ നിറഞ്ഞ കർത്താവിനെക്കുറിച്ച് അവൻ കേട്ടിട്ടുണ്ട്. കർത്താവ് അനേകർക്കു സൗഖ്യം കൊടുത്തതായും അവന്നു അറിവുണ്ട്. ഈ യേശുവിനെ ഒന്നു അരികത്ത് കിട്ടിയിരുന്നെങ്കിൽ എന്ന് അവൻ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. യേശു ഇതു വഴി ഒന്നു കടന്നുവന്നിരുന്നെങ്കിൽ! അവന്റെ ഉള്ളം കൊതിച്ചുകൊണ്ടിരുന്നു.

അവന്റെ ഉള്ളത്തിന്റെ ആഗ്രഹം സ്വർഗ്ഗം കണ്ടു. ഒരു ദിനം യേശു അതു വഴി കടന്നുവന്നു. പ്രിയപ്പെട്ടവരേ, പറയട്ടെ, നിങ്ങൾ യേശുവിനെ കാണുവാൻ ആഗ്രഹിച്ചാൽ നിങ്ങളുടെ അരികിലേക്ക് ഇറങ്ങിവരുന്നവനാണ് യേശു.

ധാരാളം ആളുകൾ യെരിഹോ റോഡിലൂടെ നടന്നു

നീങ്ങുന്ന കാലൊച്ച ബർത്തിമായി കേട്ടു. എന്താണ് ഈ തിരക്ക്? അവൻ തിരക്കി 'യേശു കടന്നു പോകുന്നു.' എന്ന് ആളുകൾ പറഞ്ഞു. ബർത്തിമായിക്ക് സന്തോഷമായി. അവന്റെ ഉള്ളം ത്രസിക്കാൻ തുടങ്ങി.

സഹോദരങ്ങളേ, യേശു കടന്നുവരുന്ന രംഗത്തു ഇരിക്കുവാൻ സാധിക്കുന്നതു വലിയ ഭാഗ്യമാണ്. യേശു കടന്നു വരുന്ന ആരാധനാസ്ഥലങ്ങൾ, യേശു കടന്നു വരുന്ന കൂട്ടായ്മകൾ എല്ലാം അനുഗ്രഹിക്കപ്പെട്ട രംഗങ്ങളാണ്. അവിടെ കടന്നു വന്നിരിക്കുന്നതു അനുഗ്രഹമാണ്.

പക്ഷേ യേശു വരുന്ന സ്ഥലത്ത് ഇരുന്നാൽ മാത്രം പോരാ, യേശു വന്നിട്ടുണ്ട് എന്ന് അറിഞ്ഞതുകൊണ്ടും ആയില്ല, കിട്ടിയ സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളണം. നമുക്കുള്ളതെല്ലാം യേശുവിനു കൊടുക്കാനും യേശുവിനുള്ളത് നമ്മുടേതാക്കാനും നാം തയ്യാറാകണം.

ബർത്തിമായി എന്ന കുരുടൻ യേശു അതു വഴി കടന്നു പോകുന്നു എന്നറിഞ്ഞപ്പോൾ "യേശുവേ ദാവീദു പുത്രാ എന്നോടു കരുണ തോന്നേണമേ." എന്നു നിലവിളിക്കുവാൻ തുടങ്ങി. മുൻ നടക്കുന്നവർ മിണ്ടാതിരിപ്പാൻ ശാസിച്ചു. എങ്കിലും 'ദാവീദു പുത്രാ എന്നോടു കരുണ തോന്നേണമേ." എന്ന് അവൻ ഏറ്റവും അധികം നിലവിളിച്ചു.

മകനേ, നിന്നോടു പറയട്ടെ, നീ ഒരു അത്യാവശ്യക്കാരനാണെങ്കിൽ ആരു വിലക്കിയാലും യേശുവിനെ വിളിക്കുന്നതിൽ നിന്നു നീ പിൻമാറുകയില്ല.

ബർത്തിമായിയുടെ ജീവിതത്തിലെ അനേക നാളത്തെ

ആഗ്രഹം ഇന്നു സാധിച്ചു കിട്ടിയ ദിവസമാണ്. യേശു ഇതു വഴി കടന്നു വരുന്നു. യേശു എന്റെ അരികിലൂടെ കടന്നു പോകുന്നു. അവൻ ചിന്തിച്ചു. കാനാവിലെ കല്ല്യാണ വീട്ടിൽ വെള്ളം വീഞ്ഞാക്കിയവൻ, യായിറോസിന്റെ മകളെ ഉയർപ്പിച്ചവൻ, അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോക്ഷിപ്പിച്ചവൻ, കുഷ്ഠരോഗിയെ തൊട്ടു സൗഖ്യം കൊടുത്തവൻ, കനാന്യ സ്ത്രീയുടെ മകളുടെ ഭൂതബാധ മാറ്റിക്കൊടുത്തവൻ, രക്ത സ്രവക്കാരി സ്ത്രീക്ക് രോഗസൗഖ്യം കൊടുത്തവൻ... നിശ്ച യമായും എനിക്കും സൗഖ്യം തരും. അവന്റെ ഉള്ളം വിശ്വ സിച്ചു. ഹൃദയത്തിൽ വിശ്വാസം ഉറച്ചപ്പോൾ അവൻ അധികം ഉച്ചത്തിൽ വിളിക്കാൻ തുടങ്ങി.

"യേശുവേ, ദാവീദു പുത്രാ, എന്നോടു കരുണ തോന്നേണമേ." അവന്റെ പ്രാർത്ഥന യേശു കേട്ടു. യേശു നിന്നു. ആവശ്യക്കാരന്റെ ഹൃദയം നൊന്തുള്ള വിളിയാണ് യേശുവിന്റെ കാലിലെ ബ്രേക്ക്. സമൂഹത്തിൽ മാന്യതയില്ലാത്തവൻ എന്നു മാത്രമല്ല, സമൂഹത്തിൽ നിന്ന് അറപ്പും വെറുപ്പും, അവഗണനയും, ശാസനയും മാത്രം ഏറ്റുവാങ്ങിയ ഒരു ഭിക്ഷക്കാരന്റെ നിലവിളി കേട്ടു സ്രഷ്ടാവ് അവിടെ നിന്നു. അതി മനോഹരമായ വാക്യം.

> "യേശു നിന്നു, അവനെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ കല്പിച്ചു."
>
> ലൂക്കൊസ് 18:40.

അത്യാവശ്യക്കാരന്റെ നിലവിളിയെ അവഗണിച്ചു കടന്നു പോകുവാൻ മനസ്സലിവുള്ള യേശുവിനു സാദ്ധ്യമല്ല. ദൈവം

എല്ലാവർക്കും നല്കിയിട്ടുള്ള കാലങ്ങളും സമയങ്ങളും തക്കത്തിൽ ഉപയോഗിച്ചു കൊള്ളണം.

പ്രിയപ്പെട്ടവനേ, ഇതു നിന്റെ സന്ദർശനകാലമാണ്. നിന്റെ സമാധാനത്തിനുള്ളത് നീ പ്രാപിക്കുവാൻ സ്വർഗ്ഗം ഒരുക്കിയിരിക്കുന്ന സമയം. ഇന്നു യേശു നിന്നെ സന്ദർശിക്കുന്നുണ്ട്. ഇന്ന് അവൻ കൃപാസനത്തിലിരിക്കുന്ന സമയമാണ്. മകളെ നിനക്കും നിന്റെ തലമുറെക്കും സമാധാനത്തിനുള്ള വക നീ പ്രാപിച്ചുകൊൾക.

പണം നീക്കി ബാക്കി വെയ്ക്കാം. ഇന്നത്തെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ളത് നാളത്തേക്കു വെയ്ക്കാം. എന്നാൽ സമയം അങ്ങനെയല്ല. ഇന്നത്തെ സമയം ഇന്നത്തേക്കു മാത്രമേ ഉപകരിക്കൂ. അതിനാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളണം. സമയം വൃഥാ നഷ്ടപ്പെടുത്തുന്നവർ സമയത്തിന്റെ ഘാതകരാണ്. കൊല്ലപ്പെടുന്ന സമയം പിന്നെ ഒരിക്കലും തിരിച്ചു കിട്ടുകയില്ല. ദൈവം നമുക്കുതരുന്ന ഓരോ സെക്കന്റുകൾക്കും നാം കണക്കു ബോധിപ്പിക്കേണ്ടവരാണ് എന്ന് ഓർക്കണം.

ഇംഗ്ലണ്ടിലെ സുപ്രസിദ്ധ ഡോക്ടർ ആയിരുന്നു ഡോ: ലാറൻസ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു സംഭവം കേട്ടിട്ടുണ്ട്. അദ്ദേഹം രോഗികൾക്കു പ്രിയങ്കരനും ചികത്സയിൽ അതിനിപുണനും ആയിരുന്നു. അദ്ദേഹത്തെ നേരിൽ കണ്ടു ചികിത്സ നേടുക വളരെ ദുഷ്ക്കരമായിരുന്നു.

ഒരു ദിവസം അദ്ദേഹം സ്വയം സവാരിക്കു പോയപ്പോൾ, വലിയ കാറ്റും മിന്നലും മഴയും ഉണ്ടായി. അദ്ദേഹം റോഡരി

കിലുള്ള ഒരു വീടിന്റെ വരാന്തയിൽ കയറി നിന്നു. മുക്കാൽ മണിക്കൂറോളം അദ്ദേഹത്തിന് അവിടെ കാത്തു നില്ക്കേണ്ടി വന്നു. ആ വീട്ടിലെ മാതാവു ഏറെ നാളുകളായി ഈ ഡോക്ടറെ കണ്ട് ചികിത്സ നേടുവാൻ കാത്തിരിക്കുന്ന ഒരു രോഗിയായിരുന്നു. മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു കാർ വന്നു, ഡോക്ടർ അതിൽ കയറി. സ്ത്രീയോടു നന്ദി പറഞ്ഞു. കാർ നീങ്ങാൻ തുടങ്ങിയപ്പോൾ സ്ത്രീ ചോദിച്ചു. "നിങ്ങൾ ആരാണെന്നു പറഞ്ഞില്ലല്ലോ." മറുപടി, "ഞാൻ ഡോക്ടർ ലാറൻസ്."കാർ വിട്ടുപോകുകയും ചെയ്തു.

പ്രതീക്ഷയോടെ നാളുകളായി കാണാൻ കാത്തിരുന്ന ഡോക്ടർ തന്റെ ഭവനത്തിന്റെ വരാന്തയിൽ നാല്പ്പത്തിയഞ്ചു മിനിറ്റു സമയം ഉണ്ടായിരുന്നിട്ടും പ്രയോജനപ്പെടുത്താൻ കഴിയാതെ പോയത് ഈ ഡോക്ടറെ തിരിച്ചറിഞ്ഞില്ല എന്നതു കൊണ്ടാണ്. ഇന്നും ഇതുപോലെ നമ്മുടെ മുന്നിലൂടെ കടന്നു പോകുന്ന യേശുവിനെ അനേകരും തിരിച്ചറിയുന്നില്ല.

യേശുവിനെ വിളിക്കുവാൻ നാം ഒരിക്കലും സമയം മാറ്റി വെയ്ക്കരുത്. നാളത്തെ സമയം നമുക്കുണ്ടാകുമെന്ന് ഉറപ്പില്ല. ദൈവവചനം പറയുന്നു: "ഇപ്പോഴാകുന്നു സുപ്രസാദകാലം, ഇന്നു തന്നെയാണ് രക്ഷാ ദിവസം."

യേശുവിന്റെ കരുണയ്ക്കായി നിലവിളിക്കുന്ന ബർത്തിമായിയോട് മുൻപേ നടക്കുന്നവർ മിണ്ടാതിരിപ്പാൻ ശാസിക്കുന്നതായി നാം വായിക്കുന്നു. അതു ദുഃഖകരമാണ്. യേശുവിന് ഒപ്പം നടക്കുന്നവർ തന്നെയാണ് മിണ്ടാതിരിപ്പാൻ ശാസിക്കുന്നത്.

"മുൻ നടക്കുന്നവർ അവനെ മിണ്ടാതിരിപ്പാൻ ശാസിച്ചു, അവനോ, ദാവീദുപുത്രാ എന്നോടു കരുണ തോന്നേണമേ എന്നു ഏറ്റവും അധികം നിലവിളിച്ചു."

ലൂക്കൊസ് 18:39.

ഇന്നും ക്രിസ്ത്യാനികൾ തന്നെയാണ് ക്രിസ്തീയ സഭയുടെ പ്രധാന ശത്രുക്കൾ. സത്യ സുവിശേഷത്തിന്റെ പ്രചരണത്തിന്നു തടസ്സം നില്ക്കുന്നതു നാമധേയ ക്രിസ്ത്യാനികളാണ്.

എന്നാൽ കുരുടനായ ബർത്തിമായി അത്യാവശ്യക്കാരനാണ്. അവനു കാഴ്ച ലഭിക്കണം. യേശു മുന്നിലൂടെ കടന്നുപോകുകയാണ്. ഈ അവസരം പാഴാക്കാനൊക്കുകയില്ല. എതിർപ്പിനെ അവഗണിച്ച് അധികം ശക്തിയോടെ "യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നണമെന്നു ഏറ്റവും അധികം അവൻ നിലവിളിക്കുവാൻ തുടങ്ങി.

സ്വർഗ്ഗത്തിന്റെ പ്രവർത്തത്തെ തടയുക എന്നതു എപ്പോഴും പിശാചിന്റെ തന്ത്രമാണ്. വിശ്വാസികൾ ഒരു കാര്യം ഗ്രഹിച്ചിരിക്കണം. എതിർപ്പുകൾ ഒരുക്കുന്ന പാതയിലൂടെ തന്നെയാണ് അത്ഭുതവും കടന്നു വരുന്നത്" അതുകൊണ്ടു എതിർപ്പുകൾ എത്രമാത്രം ശക്തമോ അത്രമാത്രം വിശ്വാസത്തിന്റെ വിളിയും ഉയരണം.

ബർത്തിമായിയെ ആർക്കും പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. അത്രയ്ക്കു അത്യാവശ്യക്കാരനായി, കണ്ണു കാഴ്ച ലഭിക്കും എന്ന വിശ്വാസത്തോടെയാണ് അവൻ വീണ്ടും വീണ്ടും വിളി

ച്ചപേക്ഷിച്ചത്. യേശു ബർത്തീമായിയുടെ വിളി കേട്ടു. “യേശു നിന്നു” ആ ദേശത്തെ ഭരണാധികാരിയുടെയോ, ആത്മീയ നേതാവിന്റെയോ വിളി കേട്ടല്ല യേശു നിന്നത്. ലോകത്തിൽ ഒരു വിലയും ഇല്ലാത്ത ഒരു പിച്ചക്കാരന്റെ വിളി കേട്ടാണ് യേശു നിന്നത്.

വിശ്വാസത്തിന്റെ വിളിയുടെ മുന്നിൽ സ്വർഗ്ഗം മുഴുവൻ നില്ക്കും. ഒരു നിസ്സാര വിശ്വാസിയുടെ കരച്ചിൽ വലിയവനായ ദൈവത്തിനു വിലയേറിയതാണ്. മടുത്തു പോകാതെ പ്രാർത്ഥിപ്പാനും, തുറക്കുന്നതുവരെ മുട്ടിക്കൊണ്ടിരിപ്പാനും കർത്താവ് പഠിപ്പിക്കുന്നുണ്ട്.

> “ദൈവമോ, രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു”
>
> ലൂക്കൊസ് 18:7,8

നിശ്ചയദാർഢ്യത്തോടും ആന്തരീക ദാഹത്തോടും കൂടിയുള്ള അർത്ഥനയ്ക്ക് അനുഭവം ഉണ്ടാകും. വിശ്വാസത്തോടു കൂടിയുള്ള പ്രാർത്ഥനയ്ക്കു തീർച്ചയായും മറുപടി ഉണ്ട്. സത്യമായും തന്നെ വിളിച്ചപേക്ഷിക്കുന്നവർക്കു യഹോവ സമീപസ്ഥനാണ്. നമ്മുടെ ബുദ്ധിമുട്ടൊക്കെയും തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തു യേശുവിൽ പൂർണ്ണമായി തീർത്തു തരുന്ന ദൈവം എത്ര നല്ലവനാണ്.

മകനെ, നിന്റെ നിലവിളിക്കു ചെവി ചായിച്ചു തരുന്നവനാണു യേശു. ഏതു പാപിക്കും നിസ്സാരനും യേശുവിന്റെ സന്നിധിയിൽ തങ്ങളുടെ ആവശ്യവുമായി സമീപിക്കുവാൻ ഭയപ്പെടേണ്ടതില്ല.

ബർത്തിമായി തനിക്കു ലഭിച്ച അവസരം നഷ്ടപ്പെടുത്താതെ ഉപയോഗപ്പെടുത്തി. മുൻപേ നടക്കുന്നവൻ ശാസിച്ചെങ്കിലും അവൻ പിന്മാറിയില്ല. ആ അവസരം നഷ്ടപ്പെടുത്തിയിരുന്നെങ്കിൽ പിന്നീട് ബർത്തിമായിക്ക് ഒരു അവസരം ലഭിക്കുക എന്നത് സാദ്ധ്യമായിരുന്നില്ല. കാരണം പിന്നെ യേശു യെരിഹോവിലൂടെ സഞ്ചരിക്കുന്നതായി കാണുന്നില്ല. ലഭിക്കുന്ന അവസരങ്ങൾ നാം ഒരിക്കലും പാഴാക്കരുത്.

കർത്താവിനെ ഒരു പ്രാവശ്യം വിളിച്ചിട്ടു നിന്നില്ലെങ്കിൽ നിൽക്കുന്നതുവരെയും വിളിക്കണം. കാരണം നമ്മുടെ പ്രശ്നത്തിനു പരിഹാരം തരുവാൻ കഴിയുന്നവൻ യേശു മാത്രമാണ്. ദൈവവചനം പറയുന്നു.

> "യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും;
> അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും;
> മുട്ടുവിൻ, എന്നാൽ നിങ്ങൾക്ക് തുറക്കും."
>
> ലൂക്കൊസ് 11:9.

യേശു ബർത്തിമായിയെ തന്റെ അടുക്കലേക്കു വിളിച്ചു. "ഞാൻ നിനക്ക് എന്തു ചെയ്തു തരേണം." എന്നു യേശു ചോദിച്ചു.

"എനിക്ക് കാഴ്ച കിട്ടേണം." എന്ന് ബർത്തിമായി

പറഞ്ഞു.

യേശു അവനോടു: "കാഴ്ച പ്രാപിക്ക" എന്നു പറഞ്ഞു. ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു. അവൻ ആദ്യമായി മുന്നിൽ നില്ക്കുന്ന യേശുവിനെ കൺകുളിർക്കെ നോക്കിക്കണ്ടു. ബർത്തിമായിയുടെ വിശ്വാസത്തിനു ഫലം കണ്ടെത്തി.

നിന്റെ ആവശ്യങ്ങൾ എല്ലാം കർത്താവിന്നു അറിയാം. എല്ലാം അവൻ കാണുന്നു എന്നു പറഞ്ഞു നടക്കാതെ മകനേ, നിന്റെ ആവശ്യങ്ങൾ കർത്താവിനോടു വിശ്വാസത്തോടെ തുറന്നു പറയൂ. വലിയ കാര്യങ്ങൾ യേശുവിനോടു ചോദിച്ചു വാങ്ങാൻ മടിക്കരുത്. മകനേ, മകളേ, "ഞാൻ നിനക്കു എന്തു ചെയ്തു തരേണം." എന്നുള്ള യേശുവിൻ ശബ്ദം നീ കേൾക്കുന്നുണ്ടോ? വിശ്വാസത്തോടെ നിന്റെ ആവശ്യങ്ങൾ യേശുവിനോടു തുറന്നു പറയൂ. അല്പം പോലും മടി വേണ്ടാ.

ബർത്തീമായി നമുക്കൊരു മാതൃകയാണ്. അവനെ നോക്കി അനേക കാര്യങ്ങൾ നമുക്കു പഠിക്കുവാനുണ്ട്. അവന്റെ വിശ്വാസത്തിന്റെ പടികൾ ശ്രദ്ധിക്കൂ. വിശ്വാസത്തോടെ ഉള്ള വിളി, എതിർപ്പുകളെ അവഗണിച്ചു കൊണ്ടുള്ള നിലവിളി, പുതപ്പു ഉപേക്ഷിച്ചുകൊണ്ടുള്ള ഓട്ടം, തന്റെ ആവശ്യം വളരെ വ്യക്തതയോടും കൃത്യതയോടും യേശുക്രിസ്തുവിനെ അറിയിക്കുന്നത്, എല്ലാമെല്ലാം കാഴ്ച ലഭിപ്പാൻ കാരണമായിത്തീർന്നു. കാഴ്ച ലഭിച്ച അവൻ ദൈവത്തെ മഹത്വപ്പെടുത്തുന്നതായി കാണുന്നു. യേശുവിനെ അനുഗമിക്കുന്ന ജനം ദൈവത്തിനു പുകഴ്ച കൊടുക്കുന്നു.

ബർത്തീമായി തന്റെ വിശ്വാസം പ്രവൃത്തിയാൽ തെളിയിച്ചു. അവന്റെ എല്ലാമായിരുന്ന പുതപ്പ് അവൻ എറിഞ്ഞുകളഞ്ഞു. ഇനി പഴയ അവസ്ഥയിലേക്കു മടങ്ങിപ്പോകുവാനുള്ള എല്ലാ പഴുതുകളും അതോടെ അടച്ചു കളയുകയായിരുന്നു. യേശുവിന്റെ കൂടെയുള്ള പിരിയാത്ത യാത്രയ്ക്കു തുടക്കം കുറിക്കുന്നതായിരുന്നു. അത്. യേശുവിനെ മഹത്വപ്പെടുത്തിക്കൊണ്ടുള്ള പുതിയ യാത്ര അവൻ ആരംഭിച്ചു.

"നിക്കോളൊ" എന്ന തത്വചിന്തകൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. "ആദർശലോകവും, പ്രായോഗിക ലോകവും തമ്മിൽ വലിയൊരു വിടവ് ഉണ്ട്. ആയിരിക്കേണ്ട അവസ്ഥയും ആയിരിക്കുന്ന അവസ്ഥയും രണ്ടും രണ്ടാണ്." യഹോവ മനുഷ്യന്റെ സ്ഥിതി മാറ്റുന്നു. അതിന്റെ പിന്നിൽ വിശ്വാസത്തിന്റെ വിളി ഉയരണം.

കുരുടനായ ബർത്തീമായി കണ്ണു തുറന്നപ്പോൾ യേശുവിന്റെ തേജസ്സേറിയ പൊന്നുമുഖം കണ്ടു. ആ മുഖത്തു നിന്നും കണ്ണു പറിക്കാതെ അവൻ നിന്നു. യേശുവിന്റെ മുഖത്തേക്കു സൂക്ഷിച്ചു നോക്കുന്നതു എത്രയോ ശ്രേഷ്ഠം! എത്രയോ ആനന്ദപ്രദം! സങ്കീർത്തനക്കാരൻ പറയുന്നു. "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല" സഹോദരങ്ങളെ, ഞാൻ പറയട്ടെ. യേശുവിങ്കലേക്കു തിരിഞ്ഞാൽ ജീവിതത്തിലെ ലജ്ജ മാറിപ്പോകും. ജീവിതത്തിലെ വേദനകൾ മാറിപ്പോകും. കഷ്ടതകളുടെ നടുവിൽ സ്വർഗ്ഗീയ ശാന്തിയും സമാധാനവും നമുക്ക് അനുഭവിക്കാം.

ബർത്തീമായിക്കു കാത്തിരിക്കേണ്ടിവന്നില്ല. ക്ഷണ

ത്തിൽ അവൻ കാഴ്ച പ്രാപിച്ചു. (ലൂക്കോ 18:43.) അവൻ നന്ദിയുള്ളവനായിരുന്നു. ബർത്തിമായി ദൈവത്തെ മഹത്വപ്പെടുത്തി. കരുണ കാണിച്ച യേശുവിനെ വിട്ട് അകന്നു പോകുവാൻ അവനു സാധിച്ചില്ല. അവൻ യേശുവിനെ അനുഗമിച്ചു.

ഇരുട്ടിൽ തപ്പിത്തടഞ്ഞവൻ ഇപ്പോൾ വെളിച്ചത്തിൽ നടക്കുന്നു. ഭിക്ഷക്കാരുടെ കൂട്ടത്തിലിരുന്നവൻ യേശുവിനോടും ശിഷ്യന്മാരോടും ചേർന്നു നടക്കുന്നു. ഫലമോ, ജനം എല്ലാം കണ്ടിട്ട് ദൈവത്തിനു പുകഴ്ച കൊടുത്തു. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ വന്ന മാറ്റം കണ്ടിട്ട് അനേകർ ദൈവത്തിങ്കലേക്കു തിരിയുവാൻ ഇടവരട്ടെ.

## നാല്

## ഉയരം കുറഞ്ഞവനെ ഉയർത്തിയ റോഡ്

“അവൻ യെരിഹോവിൽ എത്തി കടന്നുപോകുമ്പോൾ ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സക്കായി എന്നു പേരുള്ളോരു പുരുഷൻ, യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ശ്രമിച്ചു, വളർച്ചയിൽ കുറിയവൻ ആകകൊണ്ടു പുരുഷാരം നിമിത്തം കഴിഞ്ഞില്ല. എന്നാറെ അവൻ മുമ്പോട്ടു ഓടി, അവനെ കാണേണ്ടതിന്നു ഒരു കാട്ടത്തിമേൽ കയറി. യേശു ആ വഴിയായി വരികയായിരുന്നു. അവൻ ആ സ്ഥലത്തു എത്തിയപ്പോൾ മേലോട്ടു നോക്കി, സക്കായിയേ, വേഗം ഇറങ്ങിവാ; ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ട

താകുന്നു എന്നു അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. കണ്ടവർ എല്ലാം അവൻ പാപിയായോരു മനുഷ്യനോടു കൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു. സക്കായിയോ നിന്നു, കർത്താവിനോടു: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുണ്ട്, വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കി കൊടുക്കുന്നുഎന്നു പറഞ്ഞു. യേശു അവനോടു: ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്നു ഈ വീടിന്നു രക്ഷ വന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു എന്നു പറഞ്ഞു."

ലൂക്കൊസ് 19:1–10.

ലൂക്കൊസിന്റെ സുവിശേഷത്തിൽ യെരിഹോ റോഡിൽ വച്ചു നടക്കുന്ന മൂന്നാമത്തെ സംഭവമാണിത്.

യേശു യെരിഹോവിൽ എത്തി. യെരിഹോ ഈന്തപ്പനയുടെ നാടാണ്. റോമാക്കാരായ അനേകം ഉദ്യോഗസ്ഥന്മാരും സൈനീകരും, ധാരാളം ചുങ്കം പിരിവുകാരും യെരിഹോവിൽ പാർക്കുന്നവരിൽ ഉൾപ്പെടും. ചുങ്കക്കാരിൽ പ്രമാണിയായ സക്കായിയും യെരിഹോവിലെ താമസക്കാരനായിരുന്നു.

വേദപുസ്തകത്തിൽ നാം സക്കായിയെ കാണുന്നത് ലൂക്കൊസിന്റെ സുവിശേഷം പത്തൊൻപതാമദ്ധ്യായത്തിന്റെ ആദ്യഭാഗത്താണ്. സകലരാലും വെറുക്കപ്പെട്ടവനായിരുന്നു

സക്കായി. Zacchaeus was the most hated man in that District. സക്കായി വലിയ ധനികനായിരുന്നെങ്കിലും സംതൃപ്തനായിരുന്നില്ല. Zacchaeus was wealth but was not happy.

ഭൗതികമായി അവനു ഒന്നിനും കുറവു ഉണ്ടായിരുന്നില്ല. എന്നാൽ പണത്തിനും പ്രൗഢിക്കും നികത്താൻ സാധിക്കാത്ത ഒരു ശൂന്യത അവനു അനുഭവപ്പെട്ടിരുന്നു. അങ്ങനെ സക്കായി അസ്വസ്ഥനായി കഴിയുമ്പോഴാണ് 'പാപികളുടെ സ്നേഹിതനായ യേശു' യെരിഹോവിൽ കൂടി കടന്നുപോകുന്നു എന്ന ശ്രുതി സക്കായിയുടെ ചെവിയിൽ എത്തിയത്.

സക്കായി യേശുവിനെക്കുറിച്ച് കേട്ടിട്ടുണ്ട്. മരിച്ച് നാല് ദിവസത്തിനു ശേഷം ലാസറിനെ ഉയിർപ്പിച്ചെന്നും കുരുടന്മാർക്കു കാഴ്ച കൊടുത്തെന്നും, കുഷ്ഠരോഗികളെ തൊട്ടു സൗഖ്യമാക്കിയെന്നും, പന്ത്രണ്ടു സംവത്സരം രക്തസ്രാവക്കാരിയായ സ്ത്രീ യേശുവിനെ തൊട്ടു സൗഖ്യം പ്രാപിച്ചെന്നും ഒക്കെ സക്കായിക്ക് അറിയാം.

യേശുവിനു മുമ്പേ വന്ന സ്നാപകയോഹന്നാനെ കുറിച്ചും സക്കായി കേട്ടിട്ടുണ്ട്. അനേക ചുങ്കക്കാർ സ്നാപകയോഹന്നാനാൽ സ്നാനം ഏറ്റതും, സ്നാപകൻ അവർക്കു കൊടുത്ത പ്രബോധനവും ഇന്നും സക്കായിയുടെ ഹൃദയത്തിൽ പച്ചപിടിച്ചു നില്പുണ്ട്.

> "ചുങ്കക്കാരും സ്നാനം ഏല്പാൻ വന്നു. ഗുരോ, ഞങ്ങൾ എന്തു ചെയ്യേണം എന്നു അവനോടു ചോദിച്ചു. നിങ്ങളോടു കല്പിച്ചതിൽ അധികം ഒന്നും പിരിക്കരുത് എന്നു

അവൻ പറഞ്ഞു.”

ലൂക്കൊസ് 3:12,13.

“നിങ്ങളോടു കല്പിച്ചതിൽ അധികമായതൊന്നും പിരിക്കരുത്” എന്ന വാക്യം സക്കായിയുടെ ഹൃദയത്തിൽ ജ്വലിച്ചു നിന്നിരുന്നു. ആ വചനം സക്കായിയുടെ മനസാക്ഷിയെ കുത്തി നോവിക്കാൻ തുടങ്ങി. എങ്കിലും യേശു എങ്ങനെയുള്ളവൻ എന്നു കാണാനുള്ള വാഞ്ഛ അവന്റെ പാദങ്ങളെ മുന്നോട്ടു ഓടുമാറാക്കി.

യേശു ചുങ്കക്കാരെയും പാപികളെയും തേടി വന്നവനാണെന്നും അവരോടു കൂടെ തിന്നുകയും കുടിക്കുകയും ചെയ്യുന്നവനാണെന്നും ഒക്കെ സക്കായിക്ക് നല്ല പോലെ അറിയാം. യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവനായ ലേവി ഒരു ചുങ്കക്കാരനായിരുന്നുവെന്നും സക്കായി കേട്ടിട്ടുണ്ട്.

സമൂഹം ചുങ്കക്കാരെ വെറുക്കുന്നു. ചുങ്കക്കാരുടെ സ്നേഹിതനായ യേശുവിനെ കാണുവാനുള്ള ആഗ്രഹം സക്കായിയുടെ ഹൃദയത്തിൽ വളർന്നു വന്നു. സക്കായി തന്റെ ഓഫീസിലെ കസേരയിൽ നിന്ന് എഴുന്നേറ്റു. അവൻ യേശുവിനെ കാണുവാൻ ഇറങ്ങി പുറപ്പെട്ടു. യേശുവിന്റെ സ്നേഹമാണ് സക്കായിയെ ആകർഷിച്ച് പുറപ്പെടുവിച്ചത്.

പ്രിയപ്പെട്ടവരേ, സക്കായിയെ ആകർഷിച്ച് പുറപ്പെടുവിച്ച സ്നേഹം ഇന്നു നിന്നെയും ആകർഷിച്ചിരിക്കുകയാണ്. നിന്റെ അടുക്കലേക്കും യേശു ഇറങ്ങിവരുകയാണ്. ആയിരിക്കുന്ന അവസ്ഥയിൽ നിന്നു നീയും ഇറങ്ങിപ്പുറപ്പെടുമോ? പാപത്തോടു യാത്ര പറഞ്ഞ് എഴുന്നേല്ക്കുമോ? മദ്യഷാപ്പിലെ ഇരുപ്പ് നീ അവസാനിപ്പിക്കുമോ? അശുദ്ധിയുടെ അംഗങ്ങ

ളോടു അതിവേഗം യാത്ര പറയുമോ? ചീട്ടുകളി സംഘ ങ്ങളിലെ ഇരിപ്പു വേണ്ടാ എന്നുവെയ്ക്കുമോ? സിനിമയോ ടുള്ള കമ്പം ഉപേക്ഷിക്കുമോ?

മകനേ, എഴുന്നേല്ക്കുക. യേശു നിന്നെ വിളിക്കുന്നു. അവൻ ആശയോടെ കാത്തു നില്ക്കുന്നു. അവന്റെ അരികി ലേക്കു നീ ഓടി അണയുക. മുടിയനായ പുത്രനെ സന്തോഷത്തോടെ ആലിംഗനം ചെയ്തു സ്വീകരിച്ചവൻ നിന്റെയും മടങ്ങിവരവിന്നായി കാത്തിരിക്കുകയാണ്.

സക്കായി അവന്റെ നിലയും വിലയും മറന്നു. അവനു ഒരു ചിന്ത മാത്രം,. യേശുവിനെ കാണണം. പാപികളുടെ സ്നേഹിതനായ യേശുവിനെ കാണണം. കുരുടർക്കു കാഴ്ച കൊടുക്കുന്ന യേശുവിനെ കാണണം. കുഷ്ട രോഗിയെ തൊട്ടു സൗഖ്യം കൊടുക്കുന്ന യേശുവിനെ കാണണം. മരി ച്ചവനെ ഉയിർപ്പിക്കുന്ന യേശുവിനെ കാണണം. ഭൂതത്തെ ശാസിച്ച് സൗഖ്യമാക്കുന്ന യേശുവിനെ കാണണം.

സക്കായിയുടെ കാലുകൾക്കു വേഗത കൂടി. അവൻ യേശുവിന്റെയും സംഘത്തിന്റെയും സമീപത്തെത്തി. എന്നാൽ സക്കായിയുടെ ഉയരക്കുറവും യേശുവിനെ പൊതിഞ്ഞു നില്ക്കുന്ന ജനക്കൂട്ടവും നിമിത്തം യേശുവിനെ കാണുവാൻ സക്കായിക്കു കഴിഞ്ഞില്ല.

മകനേ, യേശുവുമായി ബന്ധപ്പെടാൻ നിനക്കു തടസ്സമാ യിരിക്കുന്നതു നിന്റെ തന്നെ ചില കുറവുകളാണ്. അഥവാ പാപങ്ങളാണ്. യെശയ്യാ പ്രവാചകൻ ഇപ്രകാരം പറയുന്നു:

> “നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങ ളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ

ഭിന്നിപ്പിച്ചിരിക്കുന്നത്, നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത്."

യെശയ്യാവു 59:2

നമ്മുടെ വ്യക്തിപരമായ ജീവിതത്തിലെ കുറവുകളെക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം. നമ്മെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിക്കുന്ന അകൃത്യങ്ങൾക്കു നീക്കുപോക്കു വരുത്തണം. ദൈവത്തിന്റെ മുഖത്തെ മറച്ചു കളയുന്ന പാപങ്ങളെ നാം ഉപേക്ഷിക്കണം.

യേശുവിനെ ചുറ്റിപ്പറ്റി നില്ക്കുന്നവർ തന്നെ മറ്റുള്ളവർ യേശുവിനെ കാണുന്നതിനു തടസ്സം സൃഷ്ടിക്കുന്നു എന്നാണ് നാം ഇവിടെ കണ്ടത്. ഇന്നും അനേകർ യേശുവിനെ കാണുന്നതിനു തടസ്സമായി നില്ക്കുന്നതു സാക്ഷ്യമില്ലാത്ത ഒരു കൂട്ടം ക്രിസ്തീയ പ്രവർത്തകരാണ്. അവർ രക്ഷയുടെ സന്തോഷത്തിലേക്കു കടക്കുന്നുമില്ല, മറ്റുള്ളവരെ കടക്കാൻ സമ്മതിക്കുന്നുമില്ല.

ഒരിക്കൽ സാധു സുന്ദർസിംങ്ങ് പറഞ്ഞു: "ഞാൻ കർത്താവിനെ നേരിൽ രുചിച്ചില്ലായിരുന്നു എങ്കിൽ ചില മിഷണറിമാരുടെ ജീവിതം കണ്ടപ്പോൾ ക്രിസ്തു മാർഗ്ഗം ഉപേക്ഷിച്ച് പഴയതിലേക്കു പോകുമായിരുന്നു" എന്ന്. ക്രിസ്ത്യാനികളുടെ ജീവിതത്തിലെ സാക്ഷ്യമില്ലായ്മ അനേകർ ക്രിസ്തുവിനെ കാണുന്നതിന് പ്രതിബന്ധമായി നില്ക്കുന്നു.

എങ്കിലും സക്കായി നിരാശപ്പെട്ടില്ല; പിൻമാറിയതുമില്ല. അവൻ സകല ശക്തിയും സംഭരിച്ച് മുന്നോട്ട് ഓടി. കാരണം

അവൻ ആവശ്യക്കാരനാണ്, അല്ല അത്യാവശ്യക്കാരനാണ്. വാതിലുകൾ പലതും അടഞ്ഞാലും അത്യാവശ്യക്കാരന്റെ മുന്നിൽ പുതുവഴികൾ തുറക്കും. യേശു നടന്നു വരുന്ന വഴിയോരത്ത് സക്കായി, നല്ല ഇലത്തഴപ്പുള്ള ഒരു കാട്ടത്തിമരം കണ്ടു. സക്കായി കാട്ടത്തിമേൽ കയറി. ഇലകളുടെ മറവിൽ യേശുവിനെ കാണുവാൻ തക്കവണ്ണം ഒളിച്ചിരുന്നു. ഉന്നതനായ ഒരു സെയിൽസ് ടാക്സ് ഓഫീസർ തരം താണവനെപ്പോലെ മരത്തിൽ തപ്പിപ്പിടിച്ച് കയറി.

ഇന്ന് അനേകർക്കു തങ്ങളുടെ ഉർന്ന വിദ്യാഭ്യാസ യോഗ്യതയും കുലമഹിമയും സമൂഹത്തിലെ സ്ഥാനമാനങ്ങളും മറ്റും ദൈവത്തോടും ദൈവജനത്തോടും ചേരുന്നതിന് വിഘ്നം സൃഷ്ടിക്കാറുണ്ട്. ദൈവത്തെ പാടുന്നതും പ്രകീർത്തിക്കുന്നതും തരം താണ ഒന്നായി അവർ കണക്കാക്കുന്നു. തങ്ങളുടെ അന്തസ്സിനും ആഭിജാത്യത്തിനും ചേർന്നതല്ല എന്നും അക്കൂട്ടർ കരുതുന്നു. എന്നാൽ പ്രിയപ്പെട്ടവരേ, ഞാൻ പറയട്ടെ, ഈ ഭൂമിയിൽ ഒരു മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും വലിയ പദവി ദൈവജനത്തോടു ചേർന്ന് ദൈവത്തെ സത്യത്തിലും ആത്മാവിനാലും ആരാധിക്കുക എന്നതാണ്.

യേശുവിനെ കാണുക എന്ന തീക്ഷ്ണമായ ആഗ്രഹത്തിൽ നിന്ന് സക്കായിയെ പിൻതിരിപ്പിക്കാൻ തന്റെ തന്നെ ഉയരക്കുറവിനോ, യേശുവിന്റെ കൂടെയുള്ളവരുടെ ശാസനയ്ക്കോ, കഴിഞ്ഞില്ല. കാരണം സ്വർഗ്ഗത്തിന്റെ വശീകരണ ശക്തി സക്കായിയെ കടന്നു പിടിച്ചിരുന്നു. സ്വർഗ്ഗത്തിന്റെ ആകർഷണം സക്കായിയെ ഉദ്യമിപ്പിച്ചു. യേശുവിന്റെ ആ വഴിയിലൂടെയുള്ള വരവിന്റെ ഉദ്ദേശം തന്നെ സക്കായിയുടെയും അവന്റെ ഭവനത്തിന്റെയും രക്ഷ ആയിരുന്നു.

യേശു നടന്ന് കാട്ടത്തിയുടെ അരികത്തെത്തി. യേശു മേലോട്ടു നോക്കി, സക്കായിയെ കണ്ടു. പേർ ചൊല്ലി വിളിച്ചു കൊണ്ട് യേശു പറഞ്ഞു : "സക്കായിയേ, വേഗം ഇറങ്ങി വാ, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു." സക്കായി ബദ്ധപ്പെട്ടു ഇറങ്ങിവന്നു.

യേശുവിന്റെ അടുക്കലേക്ക് നീ ഒരടി വയ്ക്കുമ്പോൾ നിന്റെ അടുക്കലേക്ക് പത്തടി വച്ച് അടുത്തുവരുന്നവനാണ് യേശു. യേശുവിനു വേണ്ടിയുള്ള മനുഷ്യഹൃദയത്തിലെ ദാഹം യേശു അറിയുന്നു. പാപത്തെ വെറുക്കുന്നുവെങ്കിലും യേശു പാപിയെ സ്നേഹിക്കുന്നു. യേശു പാപിയെ മാനസാന്തരത്തിനായി വിളിക്കുന്നു.

മരക്കൊമ്പിൽ മറഞ്ഞിരിക്കുന്ന സക്കായിയെ യേശു കണ്ടു. സഹോദരാ, നീ എവിടെ മറഞ്ഞിരുന്നാലും നിന്നെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന രണ്ടു കണ്ണുകളുണ്ട്. നിന്റെ ആഗ്രഹങ്ങൾ അവൻ അറിയുന്നു. നിന്റെ വേദനകളും നെടുവീർപ്പുകളും അവൻ അറിയുന്നു. അവൻ നിന്റെ രക്ഷകനാണ് അവന്നു നിന്നോടു സ്നേഹമാണ്.

യേശുവിന്റെ വിളികേട്ട് സക്കായി ബദ്ധപ്പെട്ട് ഇറങ്ങി വന്നു. മനുഷ്യജീവിതത്തിൽ സമയമെടുത്ത് ആലോചിച്ച് ചെയ്യേണ്ട അനേക കാര്യങ്ങൾ ഉണ്ട്. എന്നാൽ യേശുവിന്റെ വിളി കേൾക്കുമ്പോൾ ഇടം വലം നോക്കാതെ ഇറങ്ങിപ്പുറപ്പെടുന്നതു ഭാഗ്യമാണ്. സഹോദരാ, നീ എത്ര ഉന്നതമായ കൊമ്പത്തിരുന്നാലും യേശുവിന്റെ വിളി കേട്ട് ഇറങ്ങിവരാൻ കഴിഞ്ഞാൽ അതു മഹാഭാഗ്യമാണ്.

സക്കായി യേശുവിനെ സന്തോഷത്തോടെ

കൈക്കൊണ്ടു - not out of compulsion but out of conviction. യേശുവിനെ കണ്ട മാത്രയിൽ സക്കായിയുടെ ജീവിതത്തിൽ സന്തോഷം ആരംഭിച്ചു. 'സക്കായിയെ വേഗം ഇറങ്ങിവാ.. ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്ന' എന്ന ശബ്ദം അവന്റെ ഹൃദയഭിത്തിയെ ഭേദിച്ച് അകത്തു കടന്നു. ആ വചനം അവന്റെ ഹൃദയത്തിൽ ക്രിയ ചെയ്തു. ആ സ്നേഹമോലുന്ന ശബ്ദം സക്കായിയുടെ ഹൃദയത്തെ മാർദ്ദവമുള്ളതാക്കിത്തീർത്തു. സക്കായി മരത്തിൽ കയറിയതു മാനസാന്തരം ഇല്ലാത്തവനായിട്ടാണ്, എന്നാൽ ഇറങ്ങി വന്നതു മാനസാന്തരപ്പെട്ടവനായിട്ടാണ്.

യേശു സക്കായിയോടു പറഞ്ഞു : "ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതു ആകുന്നു" തന്നെ കാണാൻ ആഗ്രഹിച്ച വ്യക്തിയോടു കൂടെ പാർക്കാൻ പോകുന്നവനാണ് യേശു. മകനെ, നീ നിനയ്ക്കുന്നതിലും, ആഗ്രഹിക്കുന്നതിലും ആത്യന്തം പരമായി നിനക്ക് ചെയ്തു തരുന്നവനാണ് യേശു.

സഹോദരാ, പറയട്ടെ, നിന്നിൽ നിന്നുകൊണ്ട് നിന്റെ ഭവനത്തിലേക്ക് കടന്നു വരാൻ യേശുവിനു താലപര്യമുണ്ട്. സഹോദരീ, നിന്നിൽ നിന്നുകൊണ്ട് നിന്റെ കുഞ്ഞുങ്ങളെയും, മാതാപിതാക്കളെയും അനുഗ്രഹിപ്പാൻ യേശുവിനു കൊതിയുണ്ട്. മകനെ നിന്നിൽ ചവുട്ടി നിന്നുകൊണ്ട് നിന്റെ ഇടവകയെ ഉണർത്തുവാൻ യേശുവിനു ആഗ്രഹമുണ്ട്. പ്രിയപ്പെട്ടവനേ, നിന്നിലൂടെ നിന്റെ ദേശത്തിനു സൗഖ്യം വരുത്തുവാൻ യേശുവിനു മനസ്സുണ്ട്.

യേശു പോയത് എല്ലാവരാലും വെറുക്കപ്പെട്ട പണക്കൊതിയന്റെ വീട്ടിലേക്കാണ്. യേശു അവനോടൊത്ത് ഭക്ഷണം

കഴിക്കുന്നതും, സമയം ചെലവഴിക്കുന്നതും കണ്ട് ചിലർ ആശ്ചര്യപ്പെട്ടു. മറ്റു ചിലർ പിറുപിറുത്തു. പാപികളുടെ മാനസാന്തരത്തിൽ പിറുപിറുക്കുന്ന ഒരു കൂട്ടർ എക്കാലത്തും ഉണ്ട്, ഇന്നും ഉണ്ട്. മദ്യപാനത്തിലും വെറിക്കൂത്തിലും ജീവിക്കുന്നതു കാണുന്നത് ആർക്കും ഒരു വിഷയമല്ല. എന്നാൽ മാനസാന്തരപ്പെട്ട് വീട്ടിൽ സ്വർഗ്ഗീയ ആരാധന ആരംഭിക്കുമ്പോൾ വീട്ടുകാർക്കും, നാട്ടുകാർക്കും, ഭരണക്കാർക്കും, സഭയ്ക്കും പ്രശ്നമായി.

യേശു നടന്നു നീങ്ങുമ്പോൾ സക്കായി നില്ക്കുകയാണ്.

സക്കായി നിന്നു കർത്താവിനോട്:

> "കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു."
>
> ലൂക്കൊസ് 19:8

ഞാൻ ഉന്നത ഉദ്യോഗസ്ഥനാണ്, ഞാൻ നല്ലവനാണ് പള്ളിയിൽ ദശാംശം കൊടുക്കുന്നവനാണ്. പ്രാർത്ഥിക്കുന്നവനാണ്.അതുകൊണ്ട് യേശു എന്റെ വീട്ടിൽ വരുവാൻ ഞാൻ യോഗ്യനാണ്, എന്നല്ല സക്കായിക്കു തോന്നിയത്. സക്കായിക്കറിയാം, ഈ അവസ്ഥയിൽ യേശു തന്റെ ഭവനത്തിലേക്കു വരുവാൻ താൻ യോഗ്യനല്ല എന്ന്.

ഒരു ശതാധിപന്റെ കാര്യം ലൂക്കോസിന്റെ സുവിശേഷത്തിൽ തന്നെ നാം വായിക്കുന്നുണ്ട്.

> "യേശു അവരോടു കൂടെ പോയി, വീടിനോടു അടുപ്പാറായപ്പോൾ ശതാധിപൻ സ്നേഹിതന്മാരെ അവന്റെ അടുക്കൽ അയച്ചു. കർത്താവേ, പ്രയാസപ്പെടേണ്ടാ, നീ എന്റെ പുരെക്കകത്തു വരുവാൻ ഞാൻ പോരാത്തവൻ. അതുകൊണ്ട് നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്നു എനിക്കു തോന്നീട്ടില്ല. ഒരു വാക്ക് കല്പ്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും."
>
> ലൂക്കൊസ് 7:6,7

"എനിക്കു യാതൊരു യോഗ്യതയുമില്ല" എന്ന ബോധ്യമാണ് യേശു ഒരു വ്യക്തിയിലേക്കും, കുടുംബത്തിലേക്കും കടന്നു വരുവാനുള്ള ഏറ്റവും വലിയ യോഗ്യത. സ്വയ നീതി എപ്പോഴും യേശുവിനെ അകറ്റി നിർത്തുന്നു.

സക്കായി യേശുവിനോടു ചേർന്നു നടന്നപ്പോൾ അവന്റെ ഉള്ളത്തിൽ അനുതാപാഗ്നി ആളിക്കത്തി, അവനു പാപബോധമുണ്ടായി. അവന്റെ ഹൃദയം നുറുങ്ങി. തകർന്നും നുറുങ്ങിയതുമായ ഹൃദയം അനുഗ്രഹം പ്രാപിക്കുന്നതിനുള്ള ഒരു നല്ല തുടക്കമാണ്. Christianity begins with a sense of sin.

സക്കായിയുടെ പ്രകൃതം മാറി. പണം വാരിക്കൂട്ടണം എന്നു മാത്രം ആഗ്രഹിച്ച് നടന്ന സക്കായിക്കു നാലിരട്ടി മടക്കി കൊടുക്കണം എന്ന മനോഭാവം ആയി. പണം അവന്റെ ദൈവമായിരുന്നു. ഇപ്പോൾ ആ സ്ഥാനത്ത് യേശു സക്കായിയുടെ കർത്താവായി മാറി. യേശുവിനെ വിലയേറിയവനായി അവൻ കണ്ടു. സക്കായി നീക്കുപോക്കുകൾ വരുത്തി. ന്യായപ്രമാണം

അനുശാസിക്കുന്നതിലും അധികം സക്കായി മടക്കിക്കൊടുത്തു. പഴയതു കഴിഞ്ഞുപോയി എന്നു പറയുവാൻ തക്കവണ്ണം സക്കായി പുതിയ സൃഷ്ടിയായി മാറി. തന്റെ മാനസാന്തരം അവൻ പ്രവൃത്തികളാൽ തെളിയിച്ചു.

'യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുന്നു' എന്ന വചനം എത്ര സത്യം. യേശുവിനെ കൈക്കൊണ്ടാൽ വ്യക്തികളുടെ സ്ഥിതി മാറും. ഭവനങ്ങളുടെ സ്ഥിതി മാറും, ദേശത്തിന്റെ സ്ഥിതി മാറും. ദൈവത്തോടു സ്നേഹം വരുമ്പോൾ പാപത്തോടു അറപ്പും, വെറുപ്പും സ്വഭാവികമായി തന്നെ വരും. യേശുവിനെ സ്നേഹിക്കുന്നവൻ പാപത്തെ വെറുക്കുക തന്നെ ചെയ്യും. സക്കായിയുടെ ഹൃദയത്തിൽ ദൈവസ്നേഹം നിറഞ്ഞു വന്നു.

ഒന്നാമത് യേശുവുമായുള്ള ബന്ധം ശരിയാക്കണം. യഥാസ്ഥാനപ്പെടണം, പുതിയ സൃഷ്ടിയാകണം, ഹൃദയം രൂപാന്തരപ്പെടണം. പോരാ മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുകയും വേണം. അനേകർ ഇന്നും യേശുവിനെ കാണുവാൻ സക്കായിയുടെ മാനസാന്തരം മുഖാന്തിരമായി.

അനേകരെ വേദനിപ്പിച്ച് അന്യായമായി പിരിച്ചെടുത്ത പണക്കെട്ടും, അസ്വസ്ഥമായ മനസ്സുമായി വീട്ടിലെത്താറുള്ള സക്കായി ഇന്നു സുസ്മേര വദനനായി സമാധാനപ്രഭുവായ യേശുരക്ഷനുമൊത്ത് ആമോദത്തോടെ കടന്നു വരുന്ന കാഴ്ച എത്ര മനോഹരമാണ്!

സക്കായിയുടെ ഭവനത്തിൽ അനേകം ഉന്നതന്മാർ കടന്നുവന്നിട്ടുണ്ട്. എന്നാൽ ഇന്നു യേശു വന്നപ്പോൾ ഭവനത്തിന്നു രക്ഷയും വന്നു. യേശു പറഞ്ഞു: " ഇവനും അബ്രാഹാമിന്റെ മകനാകയാൽ ഇന്നു ഈ ഭവനത്തിനു രക്ഷ വന്നു."

രക്ഷ വരണമെങ്കിൽ ഏകരക്ഷകനായ യേശു കടന്നുവരണം. സഹോദരാ, ആദ്യം രക്ഷ അനുഭവിക്കേണ്ടതു നീ തന്നെയാണ്. നീ രക്ഷിക്കപ്പെട്ടാൽ നിന്റെ ഭവനത്തിന്നും കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കും രക്ഷ വരും.

Augustus Hape പറഞ്ഞു "Before the fall Paradise was man's Home. Since the fall Home has been his paradise" ജീവിതക്രമത്തിന്റെ താളം തെറ്റിയ അനേകം കുടുംബങ്ങളെ ഇന്നു നാം കാണുന്നുണ്ട്. അനേകരുടെ കുടുംബബന്ധങ്ങൾ തകർച്ചയുടെ വക്കിലും, മഹാ കഷ്ടത്തിലും ആണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യവും ഒരു മനസ്സും ആണ് ഒരു കുടുംബത്തിന്റെ കെട്ടുറപ്പ്. കുടുംബത്തിന്റെ തകർച്ച മൂലം കുഞ്ഞുങ്ങൾ അസ്വസ്ഥരാകുന്നു. അവരുടെ ഭാവി നഷ്ടപ്പെടുന്നു.

സഹോദരീ നിന്റെ ഭർത്താവുമായുള്ള ബന്ധം എങ്ങനെയിരിക്കുന്നു? നിന്റെ ഭാര്യയുമായി ഒരു നല്ല മനസ്സാണോ? നിങ്ങൾ പരസ്പരം കരുതുന്നവരാണോ? നിങ്ങളുടെ കുഞ്ഞുങ്ങളുമായുള്ള ബന്ധം എങ്ങനെയാണ്? മക്കളേ, നിങ്ങൾ മാതാപിതാക്കളെ ബഹുമാനിക്കയും അനുസരിക്കുകയും ചെയ്യുന്നവരാണോ? ഒരു കുടുബം എന്ന നിലയിൽ ഒന്നിച്ചു ആരാധനയുണ്ടോ? നിങ്ങളുടെ ഭവനം ഒരു കൊച്ചു സ്വർഗ്ഗമാണ് എന്ന് പറയുവാൻ തക്കവണ്ണം ഐക്യത്തിലും സ്നേഹത്തിലും ആണോ പരസ്പരം വർത്തിക്കുന്നത്? എല്ലാവർക്കും ഒരു മനസ്സാണോ?

സഹോദരാ, പറയട്ടെ, മറിയ യേശുവിനെ ഭവനത്തിൽ കൈക്കൊണ്ടതുപോലെ നീയും യേശുവിനെ കൈക്കൊ

ണ്ടാൽ, കർത്താവും നാഥനുമായി സ്വീകരിച്ചാൽ ഭവനത്തിന്റെ സ്ഥിതി മാറും. യേശു വന്നാൽ ഭവനം സ്വർഗ്ഗമാകും.

മകനേ, നീക്കുപോക്കു വരുത്തുവാൻ നിനക്ക് മനസ്സാണോ? എങ്കിൽ നിന്റെ പാപജീവിതത്തോടു യാത്ര പറയൂ. ദൈവത്തോടു നിരപ്പു പ്രാപിക്കൂ. മടക്കിക്കൊടുക്കേണ്ടത് മടക്കിക്കൊടുക്കൂ. എറിഞ്ഞു കളയേണ്ടതു എറിഞ്ഞു കളയൂ. കുഴിച്ചു മൂടേണ്ടതു കുഴിച്ചു മൂടൂ. കൊടുത്തു തീർക്കാനുള്ളതു കൊടുത്തു തീർക്കൂ. മാപ്പു പറയേണ്ടതു മാപ്പു പറയൂ. ക്ഷമ ചോദിക്കേണ്ടവരോടു ക്ഷമ ചോദിക്കൂ. സാത്താനോടു യാത്ര പറയൂ. ക്രിസ്തുവിനു ജീവിതം സമർപ്പിക്കൂ.

പുതിയ ജീവിതം തുടങ്ങുവിൻ. യേശുവിനെ കാണുവാൻ ആഗ്രഹിച്ച സക്കായിയുടെ ഭവനത്തിലേക്കു പാർക്കുവാൻ ചെന്ന് ഭവനത്തിനു രക്ഷ നല്കിയ യേശു നിന്റെ സമർപ്പണവും കണ്ട് നിന്റെ ഭവനത്തിന് രക്ഷ നല്കട്ടെ. തലമുറകൾ അനുഗ്രഹം പ്രാപിക്കട്ടെ.

## അഞ്ച്

## നയിൻ റോഡ്

“പിറ്റെന്നാൾ അവൻ നയിൻ എന്ന പട്ടണത്തിലേക്കു പോകുമ്പോൾ അവന്റെ ശിഷ്യന്മാരും വളരെ പുരുഷാരവും കൂടെ പോയി. അവൻ പട്ടണത്തിന്റെ വാതിലോടു അടുത്തപ്പോൾ മരിച്ചുപോയ ഒരുത്തനെ പുറത്തുകൊണ്ടുവരുന്നു, അവൻ അമ്മെയ്ക്കു ഏകജാതനായ മകൻ; അവളോ വിധവ ആയിരുന്നു. പട്ടണത്തിലെ ഒരു വലിയ പുരുഷാരവും അവളോടുകൂടെ ഉണ്ടായിരുന്നു. അവളെ കണ്ടിട്ടു കർത്താവു മനസ്സലിഞ്ഞു അവളോടു: കരയേണ്ടാ എന്നു പറഞ്ഞു. അവൻ അടുത്തു

> ചെന്നു മഞ്ചം തൊട്ടു ചുമക്കുന്നവർ നിന്നു. ബാല്യക്കാരാ എഴുന്നേല്ക്ക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു അവൻ പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റു ഇരുന്നു സംസാരിപ്പാൻ തുടങ്ങി. അവൻ അവനെ അമ്മെയ്ക്കു ഏല്പിച്ചുകൊടുത്തു. എല്ലാവർക്കും ഭയം പിടിച്ചു: ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വീകരിച്ചു."
>
> ലൂക്കൊസ് 7:11–16.

കഫർന്നഹൂമിൽ നിന്ന് ഇരുപത്തിയഞ്ചു മൈൽ ദൂരമുണ്ട് നയിനിലേക്ക്. ഇത് ഏകദേശം ഒരു ദിവസത്തെ വഴി കാണും. ഗലീലാ നാട്ടിൽ താബോർ മലയ്ക്കു തെക്കും ഗലീലാക്കടലിൽ നിന്നു ഏകദേശം പത്തുമൈൽ പടിഞ്ഞാറുമായിട്ടാണ് നയിൻ സ്ഥിതി ചെയ്യുന്നത്. നസറേത്തിനു അടുത്താണ് നയിൻ പട്ടണം. യേശു നയിനിലേക്കു പോകുന്നതു ആരും ആവശ്യപ്പെട്ടിട്ടല്ല.

നാമിവിടെ രണ്ടു ജനക്കൂട്ടത്തെ കണ്ടു മുട്ടുന്നു. ഒരു കൂട്ടം നയിൻ പട്ടണത്തിലേക്കു നടന്നു നീങ്ങുന്നു. ആ കൂട്ടത്തിന്റെ നേതൃസ്ഥാനത്ത് യേശുവാണ്. ശിഷ്യന്മാരും ഒരു വലിയ പുരുഷാരവും യേശുവിനോടൊപ്പം ഉണ്ട്. അവർ തലേ ദിവസം ശതാധിപന്റെ പ്രിയ ദാസൻ സൗഖ്യം പ്രാപിച്ചത് കണ്ടതാണ്. ആ സന്തോഷ ലഹരിയിൽ ആർത്തുല്ലസിച്ച പുരുഷാരത്തിന്റെ അകമ്പടിയോടെ യേശുവും ശിഷ്യന്മാരും നയിൻ

പട്ടണ വാതില്ക്കലേക്കു നടന്നു നീങ്ങുന്നു.

മറ്റൊരു കൂട്ടം പട്ടണവാതിലിനു പുറത്തേക്കാണ് വരുന്നത്. മരിച്ചു പോയ ഒരുത്തന്റെ ശവമഞ്ചവും വഹിച്ചാണ് ആ കൂട്ടം വരുന്നത്. മരിച്ചുപോയവൻ അമ്മയ്ക്കു ഏകജാതൻ ആയിരുന്നു. അവളോ വിധവ ആയിരുന്നു. പട്ടണത്തിലെ വലിയ പുരുഷാരവും അവളോടു കൂടെ ഉണ്ടായിരുന്നു. വിലപിക്കുന്ന സമൂഹത്തിന്റെ അകമ്പടിയോടെ മരണ ദൂതന്റെ നേതൃത്വത്തിൽ മരിച്ചവരുടെ ഇടയിലേക്കു നടന്നടുക്കുന്ന വിധവയും മഞ്ചൽ ചുമട്ടുകാരും.

മനുഷ്യവർഗ്ഗത്തെ രണ്ടു വിഭാഗമായി തിരിക്കാം. ഒരു വിഭാഗം യേശുവിനോടു ചേർന്നു യാത്ര ചെയ്യുന്നവരാണ്. യേശുവിനെ അനുഗമിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. അവർക്കു സ്വന്തമായി ഒന്നും ഇല്ല. യേശുവിന്റെ വചനം കേട്ട് അനുസരിക്കുന്നതിലും യേശുവിനെ എപ്പോഴും അനുഗമിക്കുന്നതിലും മാത്രം അവർ ഉത്സുകരാണ്. അവർ സ്വർഗ്ഗീയ കനാൻ നാടിനെ ലക്ഷ്യം വച്ച് യാത്ര ചെയ്യുന്നവരാണ്. ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിലേക്കു യാത്ര ചെയ്യുന്ന സീയോൻ സഞ്ചാരികളാണവർ.

രണ്ടാമത്തെ വിഭാഗം പാപത്തിൽ മരിച്ചവർ ആണ്. ജഡത്തിൽ അവർക്കു ജീവൻ ഉണ്ട്. എങ്കിലും പാപത്തിന്റെ ഫലമായി അവരുടെ ആത്മാവ് മരിച്ചു. അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനും വരുന്ന ദുഷ്ടപിശാച് കണ്ണു കുത്തിപ്പൊട്ടിച്ച്, സുബോധം നഷ്ടപ്പെടുത്തി, വരിഞ്ഞു മുറുക്കിക്കെട്ടി, നരകത്തീയുടെ അത്യഗാധഗർത്തത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടു

പോകപ്പെടുന്നവർ.

രണ്ടു വിഭാഗക്കാരും തമ്മിൽ നയിൻ പട്ടണ വാതിൽക്കൽ വച്ചു കണ്ടു മുട്ടി. ജീവന്റെ ഉടയവനും ഒടുക്കത്തെ ശത്രുവായ മരണവും തമ്മിൽ ഏറ്റു മുട്ടുകയാണ്. ജീവന്റെ വെളിച്ചവും മരണത്തിന്റെ അന്ധകാരവും തമ്മിൽ ഏറ്റുമുട്ടുകയാണ്. സന്തോഷത്തിന്റെ ഘോഷയാത്രയും കണ്ണുനീരിന്റെ വിലാപയാത്രയും തമ്മിൽ കണ്ടുമുട്ടുകയാണ്. അവിടെ മഹാത്ഭുതം നടന്നു. യൂദായുടെ സിംഹമായവൻ സാത്താനെ തന്റെ കാല്ക്കീഴേ ചവിട്ടിമെതിച്ച് ജയോത്സവം കൊണ്ടാടി. വിലാപയാത്ര ആർപ്പിന്റെ ആഘോഷമായി മാറി. യേശുവിനെ കണ്ടുമുട്ടിയാൽ വിലാപം നൃത്തമായി മാറും.

വിധവയുടെ മകനെ ഉയിർപ്പിച്ച സംഭവം ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ശൂനേംകാരിയുടെ മകനെ ഏലീശാ ഉയിർപ്പിച്ച സ്ഥലത്തിനടുത്തു തന്നെയാണ് നയിൻ പട്ടണം സ്ഥിതി ചെയ്യുന്നത്.

മനുഷ്യജീവിതത്തിൽ ദുഃഖങ്ങൾക്ക് അറുതിയില്ല. കടൽത്തിര പോലെ ഒന്നു മാറി ഒന്നു വന്നുകൊണ്ടിരിക്കും.

മരിച്ച മകൻ ഏകജാതനാണ്. അമ്മയോ വിധവ, ഭർത്താവു മരിച്ചവൾ, ഭർത്താവു മരിച്ചപ്പോൾ അന്തിക്കൂട്ടിനു ഒരു മകൻ ഉണ്ടല്ലോ എന്നായിരുന്നു ആ വിധവയുടെ ഏക ആശ്വാസം. ഇപ്പോൾ അവനും മരിച്ചു. വേറെ മക്കളും ഇല്ല. അവൾ നിരാശയോടെ കല്ലറയിലേക്കു ശവമഞ്ചത്തോടു ചേർന്നു പ്രാഞ്ചിപ്രാഞ്ചി നടക്കുകയാണ്.

ഇതിനു മുൻപ് ഒരിക്കൽ വിലാപയാത്രയായി അവൾ

ഈ വഴിയിലൂടെ നടന്നിട്ടുണ്ട്. ഭർത്താവിന്റെ ശവമഞ്ചത്തിന്റെ കൂടെ. അന്നു കരം പിടിക്കുവാനും ആശ്വാസവാക്കു പറയാനും മകൻ ഉണ്ടായിരുന്നു. ഭർത്താവിന്റെ ശവസംസ്ക്കാരം കഴിഞ്ഞു മടങ്ങുമ്പോൾ ഒരു മകൻ അന്തിക്കൂട്ടിനുണ്ടല്ലോ എന്നോർത്തു മനസ്സ് അല്പം ആശ്വാസം കൊണ്ടു. ആ കാര്യങ്ങളെല്ലാം ഇന്നും അവളുടെ ഓർമ്മകളിൽ പച്ചപിടിച്ചു നില്ക്കുന്നുണ്ട്.

എന്നാൽ ഇപ്പോൾ ആശയെല്ലാം അസ്തമിച്ചു. പ്രത്യാശയുടെ കൂമ്പ് കരിഞ്ഞുണങ്ങി. ആശയറ്റ അവൾ ദു:ഖം സഹിക്കാനാകാതെ ഇടയ്ക്ക് ഓരോന്നും പുലമ്പി മാറത്തടിച്ച് കരയുന്നുണ്ട്. കൂടെ ഉണ്ടായിരുന്നവരിൽ ചിലർ അവളെ താങ്ങിപ്പിടിച്ചിട്ടുണ്ട്. ആ വിലാപയാത്ര കല്ലറയോട് സമീപിക്കുകയാണ്. മരിച്ച മകൻ, കരയുന്ന അമ്മ, ദുഖാർത്തരായ ഒരു വലിയ പുരുഷാരം. ഈ കാഴ്ച കണ്ടപ്പോൾ പരമ കാരുണ്യവാനായ യേശുവിന്റെ മനസ്സലിഞ്ഞു.

ഇതു തന്നെയാണ് യോഹന്നാന്റെ സുവിശേഷത്തിലും നാം കാണുന്നത്.

> “അവൾ കരയുന്നതും അവളോടു കൂടെ വന്ന യെഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ടു ഉള്ളം നൊന്തുകലങ്ങി, അവനെ വെച്ചതു എവിടെ എന്നു ചോദിച്ചു. കർത്താവേ, വന്നു കാൺക എന്നു അവർ അവനോടു പറഞ്ഞു. യേശു കണ്ണുനീർ വാർത്തു.”

യോഹന്നാൻ 11:33–35.

മരിച്ച ലാസർ, കരയുന്ന സഹോദരിമാർ, വിലപിക്കുന്ന യഹൂദന്മാർ ഇതു കണ്ട് യേശുവിന്റെ ഉള്ളം നൊന്തു കലങ്ങി. യേശു കണ്ണുനീർ വാർത്തു. യേശു കരയുന്നവരോടു ഒപ്പം ചേർന്ന് കരയുന്നവനാണ്. ദൈവപൈതലേ, ഒരു കാര്യം ഉറപ്പായി വിശ്വസിച്ചുകൊൾക, കരയാൻ രണ്ടു കണ്ണുകളുണ്ടെങ്കിൽ കാണാൻ രണ്ടു കണ്ണുകളുണ്ട്.

മകളെ, നിന്റെ കണ്ണുനീർ കാണുന്ന ഒരു യേശു ഉണ്ട്. നിന്റെ മുഖം വാടിയാൽ അവൻ അറിയും. നിന്റെ ഹൃദയത്തിന്റെ തേങ്ങലുകൾ ഒരു പക്ഷേ ആരും മനസ്സിലാക്കി എന്നുവരില്ല. യേശു അതു നന്നായി അറിയുന്നു. നിന്റെ ചുടു നെടുവീർപ്പുകൾ അവൻ ശ്രദ്ധിക്കുന്നുണ്ട്. നിന്റെ കണ്ണുനീർ തുടച്ചു തരുവാൻ അവനു മനസ്സാണ്. നിന്നോടു ചേർന്നു നടപ്പാൻ അവനു കൊതിയാണ്. നിന്റെ കടത്തിന്റെ കാര്യം, ഭർത്താവിന്റെ കാര്യം, രോഗത്തിന്റെ കാര്യം, മക്കളുടെ കാര്യം എല്ലാം ഏറ്റെടുത്തു നിന്നെ കരം പിടിച്ചു നടത്തുവാൻ അവൻ മനസ്സുള്ളവനാണ്. മകളെ, യേശു എല്ലാറ്റിനും മതിയായവനാണ്. "വിശ്വാസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും."

അബ്രാഹാമിന്റെ ഭവനത്തിൽ നിന്ന് ഇറക്കിവിട്ട് മരുഭൂമിയിൽ കുട്ടിയുടെ മരണം എനിക്കു കാണേണ്ട എന്നു പറഞ്ഞ് കരഞ്ഞ ഹാഗാറിന്റെ മുന്നിൽ നീരുറവ തുറന്നവനാണ് നമ്മുടെ ദൈവം. അബ്രാഹാമിന്റെ ഭവനത്തിലെ സമൃദ്ധിയുടെ കാലത്തല്ല, പകരം ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ എല്ലാവരാലും, പരിത്യജിക്കപ്പെട്ട് മരണത്തോടു മല്ലടിക്കുന്ന കുഞ്ഞിനെ കണ്ട് ഹൃദയം പൊട്ടികരയുന്ന ഹാഗാറിന്റെ അടുക്കലേക്ക് ഇറങ്ങിവരുന്ന ദൈവസ്നേഹം എത്രയോ ശ്രേഷ്ഠം!

"യേശു കണ്ണുനീർ വാർത്തു." പ്രിയരേ മറ്റുള്ളവരുടെ വേദനയിൽ നാമും പങ്കുചേരണം. "കരയുന്നവരോടു കൂടി കരയുകയും സന്തോഷിക്കുന്നവരോടു കൂടി സന്തോഷിക്കുകയും ചെയ് വിൻ." എന്നാണ് ദൈവവചനം പറയുന്നത്. കരയുന്നവന്റെ കണ്ണുനീർ തുടച്ച് സാന്ത്വനപ്പെടുത്തുന്ന ഗുരുവിന്റെ മനസ്സലിവ് അവനെ പിന്തുടരുന്നവരും അനുകരിക്കേണ്ടതാണ്.

ഈ മനസ്സലിവിൽ ഒരു എടുക്കലും ഒരു കൊടുക്കലും ഉണ്ട്. എടുക്കുന്നതു മറ്റുള്ളവരുടെ വേദനയും ദുഃഖവുമാണ്. കൊടുക്കുന്നതു ആശ്വാസവും ശുശ്രൂഷയുമാണ്. ആശ്വാസവും ശുശ്രൂഷയും ഒഴുകുമ്പോൾ അതു പണമായി ഒഴുകും. ഭക്ഷണം ആയി ഒഴുകും. സുവിശേഷം ആയും ഒഴുകും.

മരിച്ചപോയ മൂന്നു പേർക്ക് കർത്താവ് ജീവൻ കൊടുത്ത് ഉയിർപ്പിച്ചതായി സുവിശേഷങ്ങളിൽ നാം വായിക്കുന്നു.

ഒന്ന് : പള്ളി പ്രമാണിയായ യായിറോസിന്റെ മകൾ മരിച്ച ഉടനെ വീട്ടിൽ വച്ച് അവളെ ഉയിർപ്പിക്കുന്നു. (ലൂക്കൊസ് 8:49–56.)

രണ്ട് : നയിനിലെ വിധവയുടെ മകനെ മരിച്ച് അല്പ നേരം കഴിഞ്ഞ് അന്നു തന്നെ വഴിയിൽ ഉയിർപ്പിച്ചു. (ലൂക്കൊസ് 7:11–17.)

മൂന്ന് : മാർത്തയുടെയും മറിയയുടെയും സഹോദരൻ ലാസർ മരിച്ച് നാലുദിവസം കഴിഞ്ഞ് നാറ്റം വച്ചു തുടങ്ങിയപ്പോൾ കല്ലറയിൽ വച്ച് ഉയിർപ്പിച്ചു. (യോഹന്നാൻ 11:11–44.)

സഹോദരാ, നീ പാപത്തിൽ മരിച്ചിട്ട് എത്ര നാളായെങ്കിലും, ചീഞ്ഞു നാറ്റം വച്ച അവസ്ഥയിലാണെങ്കിലും ഉള്ളം നൊന്തു യേശുവിന്റെ സന്നിധിയിൽ ഒന്നു കരഞ്ഞാൽ നിശ്ചയമായും ജീവന്റെ ഉടയവൻ കരുണയോടെ നിന്റെ അടുത്തു വന്ന് നിന്നെ വിടുവിക്കും. കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്നവനാണ് അവൻ. ഏകജാതനെ ഓർത്തു വിധവ കരഞ്ഞതുപോലെ നമ്മുടെ ആത്മീയ മരണത്തിന്നു കാരണമായ പാപത്തെ ഓർത്തു അനുതാപത്തോടെ കരയുമ്പോൾ യേശു നമ്മിൽ അത്ഭുതം പ്രവർത്തിക്കും.

യേശു അവളെ കണ്ടിട്ടു മനസ്സലിഞ്ഞു എന്നാണ് നാം വായിക്കുന്നത്. യേശു അവളോടു കരയേണ്ടാ എന്നു പറഞ്ഞു. അവൻ അടുത്ത് ചെന്ന് മഞ്ചം തൊട്ടു. ബാല്യക്കാരാ എഴുന്നേല്ക്ക എന്നു പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റിരുന്നു സംസാരിപ്പാൻ തുടങ്ങി. മരിച്ച ബാല്യക്കാരനു ജീവൻ നല്കി യേശു കരയുന്ന അമ്മയുടെ പക്കൽ ഏല്പ്പിച്ചു. സ്ത്രീക്കു മരിച്ച മകനെ ജീവനോടെ കിട്ടി. അവളുടെ വിലാപം സന്തോഷമായി മാറി.

ഇന്നു പാപവഴികളിൽ നടക്കുന്ന മക്കളെ ഓർത്ത് കരയുന്ന മാതാപിതാക്കൾ ഏറെയാണ്. അനേകം കുടുംബങ്ങൾ നരകയാതനയിലാണ്. അമ്മയപ്പന്മാരെ കണ്ണുനീരു കുടിപ്പിക്കുന്ന മക്കളെ കർത്താവു തൊട്ടാൽ അവരുടെ കരച്ചിൽ നൃത്തമായി മാറും. യേശു തൊട്ടാൽ സകല തിന്മയും മാറും.

മരണത്തിന്റെ ജയഭേരി മുഴക്കിയ സാത്താന്റെ മേൽ യേശു ജയോത്സവം കൊണ്ടാടി. ദുഃഖവും നിരാശയും പേറി ശവക്കല്ലറയിലേക്കു നടന്നു നീങ്ങിയ വിലാപയാത്ര

സംഘത്തെ നയിൻ റോഡിൽ വച്ച് ഉല്ലാസത്തിന്റെയും ആർപ്പു വിളികളുടെയും ഘോഷയാത്രയാക്കി യേശു മാറ്റി. മരണം ജീവനായി മാറി. വിലാപഭവനം ഉല്ലാസഭവനമായി മാറി. മൂകത തളം കെട്ടിയ ഭവനം നന്ദിസ്തുതികളാൽ മുഖരിതമായി മാറി.

പാപത്തിൽ വീണ് സ്വർഗ്ഗീയ ശാന്തിയും സമാധാനവും നഷ്ടപ്പെട്ട് നിരാശ മുറ്റിപ്പോയ ജീവിതങ്ങളെ യേശു തൊട്ടാൽ അവയ്ക്കു ചൈതന്യം വരും. നിരാശ മാറും, പുതിയ ശാന്തിയും സമാധാനവും കൈവരും. യേശു തൊട്ടു ജീവൻ പ്രാപിച്ച് യേശുവിനോടു കൂടെ ചേർന്നു നടക്കുന്നവരാണ് സീയോൻ യാത്രക്കാർ. അവർ മാത്രമേ സന്തോഷഭവനമായ സ്വർഗ്ഗവീട്ടിൽ എത്തുകയുള്ളൂ. പാട്ടുകാരൻ ഇങ്ങനെ പാടി.

"ജീവിതയാത്രക്കാരാ....
കാലടികളെങ്ങോട്ട്?
നാശത്തിൻ പാതയോ, ജീവന്റെ മാർഗ്ഗമോ
ലക്ഷ്യം നിൻ മുൻപിലെന്ത്?"

യേശു കാൽവറിയിൽ ജീവന്റെ പാത തുറന്നിരിക്കുന്നു. അവൻ നിന്റെ പാപങ്ങൾക്കു പരിഹാരം വരുത്തിയിരിക്കുന്നു. പാപത്തിന്റെ ശിക്ഷയായ മരണം അവൻ നമുക്കു വേണ്ടി രുചി നോക്കി. സഹോദരാ, നീ ഇനി പാപത്തിൽ ജീവിക്കേണ്ട. പാപത്തോടു യാത്ര പറയൂ. ജീവന്റെയും വിശുദ്ധിയുടെയും പാതയിലേക്കു കടന്നു വരൂ. എന്തിനു നശിക്കുന്നു മകനേ? യേശു നിന്നെ വിളിക്കുന്ന സ്വരമാണ് നീ കേൾക്കുന്നത്. അതി വേഗം മനം തിരിയുക.

നയിൻ റോഡ് യേശു അത്ഭുതം പ്രവർത്തിച്ച റോഡാ

ണ്. മരണം മാറി ജീവൻ വന്നു. കരച്ചിൽ മാറി സന്തോഷം വന്നു. വിലാപഭവനം ആനന്ദം അലതല്ലുന്ന ഭവനമായി മാറി.

പ്രിയപ്പെട്ടവനേ, നിന്റെ ജീവിതം ഇന്നു യേശുവിനു സമർപ്പിക്കുക. സാത്താനോട് യാത്ര പറയുക. യേശുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുക. പുതിയ ജീവിതം തുടങ്ങുക. നിന്റെ സ്ഥിതി അവൻ മാറ്റും. സ്വർഗ്ഗത്തിലെ സകല വിധ അനുഗ്രഹങ്ങളാലും അവൻ നിന്നെ നിറയ്ക്കും. അവൻ നിന്നെ സ്വർഗ്ഗരാജ്യത്തിലെത്തിക്കും.

## ആറ്

# കാൽവറി റോഡ്

“അനന്തരം നാടുവാഴിയുടെ പടയാളികൾ യേശുവിനെ ആസ്ഥാനത്തിലേക്കു കൊണ്ടു പോയി പട്ടാളത്തെ എല്ലാം അവന്റെ നേരെ വരുത്തി, അവന്റെ വസ്ത്രം അഴിച്ചു ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു, വലങ്കയ്യിൽ ഒരു കോലും കൊടുത്തു അവന്റെ മുമ്പിൽ മുട്ടുകുത്തി. യെഹൂദന്മാരുടെ രാജാവേ, ജയ ജയ എന്നു പരിഹസിച്ചു പറ ഞ്ഞു. പിന്നെ അവന്റെ മേൽ തുപ്പി, കോൽ എടുത്ത് അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചു തീർന്നപ്പോൾ മേലങ്കി നീക്കി

> അവന്റെ സ്വന്ത വസ്ത്രം ധരിപ്പിച്ചു, ക്രൂശി
> പ്പാൻ കൊണ്ടുപോയി.”
>
> മത്തായി 27:27–31.

പീലാത്തോസിന്റെ മണ്ഡപത്തിൽ വെച്ചാണ് യേശുവിന്റെ തോളിൽ ക്രൂശു എടുത്തു വയ്ക്കുന്നത്. കുരിശു വഹിച്ച യേശുവിനെ അവിടെ നിന്നു പടയാളികൾ കാൽവറി മലയിലേക്കു നയിച്ചു. യെരുശലേമിന്റെ വടക്കു കിഴക്കു ഭാഗത്താണ് കാൽവറി മല. മരണത്തിന്നു വിധിക്കപ്പെട്ട യേശു കുരിശു ചുമന്നുകൊണ്ട് പരവശനായി ഗോൽഗോഥായിലേക്കു നടന്നു നീങ്ങിയ പാതയാണ് കാൽവറി റോഡ്.

മുപ്പത്തിമൂന്നര വർഷം മനുഷ്യജാതിക്കു നന്മ മാത്രം ചെയ്തു കൊണ്ടു ദേശങ്ങൾ തോറും സഞ്ചരിച്ച പുണ്യപുരുഷനു അന്നത്തെ ജനസമൂഹം എപ്രകാരമാണ് യാത്രയയപ്പു നല്കിയതെന്നു മത്തായി ശ്ലീഹാ വർണ്ണിക്കുന്നു.

പടയാളികൾ അവന്റെ വസ്ത്രം അഴിച്ചു, ഒരു ചുമന്ന മേലങ്കി ധരിപ്പിച്ചു. മുള്ളു കൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു. വലങ്കയ്യിൽ ഒരു കോലും കൊടുത്തു. അവന്റെ മുമ്പിൽ മുട്ടുകുത്തി, യെഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെ മേൽ തുപ്പി, കോൽ എടുത്ത് അവന്റെ തലമേൽ അടിച്ചു. അവനെ പരിഹസിച്ചു തീർന്നപ്പോൾ മേലങ്കി നീക്കി അവന്റെ സ്വന്ത വസത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടുപോയി.

ചുട്ടുപൊള്ളുന്ന വെയിലിൽ ഭാരമേറിയ മരക്കുരിശും പേറിക്കൊണ്ടു യെരുശലേം വീഥിയിലൂടെ മന്ദം മന്ദം നടന്നുപോയ കർത്താവിന്റെ കാലടികളെ നമുക്കും അനുധാവനം

ചെയ്യാം.

പാട്ടുകാരൻ ഇപ്രകാരം പാടി:

“യെരുശലേമിൽ തെരുവിലൂടെ-
കുരിശുമരം ചുമലിലേന്തി,
മന്ദം മന്ദം നടന്ന നിന്റെ-
കാലടി ഞാൻ പിന്തുടരും”

യേശുവിന്റെ ശിഷ്യന്മാർ അവന്റെ കാലടികളെ പിൻതുടർന്നു. കർത്താവിനു വേണ്ടി ജീവിക്കുവാനും, രക്തസാക്ഷികളാകുവാനും അവർ സന്നദ്ധരായി. കർത്താവിന്റെ പങ്കപ്പാടുകളെ ഓർത്തു സഹതാപത്തിന്റെ കണ്ണുനീർ ഒഴുക്കുന്ന ഒരു ജനക്കൂട്ടത്തെയല്ല, പ്രത്യുത ഗോൽഗോഥായിലേക്കുള്ള പാതയിൽ സ്വന്തം ക്രൂശെടുത്തു കർത്താവിനെ അനുഗമിക്കുന്ന ഒരു കൂട്ടം ശിഷ്യന്മാരെയാണ് യേശുവിനു ആവശ്യം. ഒരു ദൈവപൈതൽ കഷ്ടതയുടെ കഠിന ശോധനകളിൽ വിശ്വാസം നഷ്ടപ്പെട്ടു പോകാതെ നിലനില്ക്കുന്നവനായിരിക്കണം. അവൻ ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളിയാകുന്നതിൽ സന്തോഷിക്കുന്നവനായിരിക്കണം.

പാട്ടുകാരന്റെ അചഞ്ചലമായ തീരുമാനം ഇതാണ്.

“യേശുവിന്റെ പിന്നാലെ ഞാൻ-
പോകുവാനെന്നാത്മാവിൽ,
തീരുമാനം ചെയ്തു മേലിൽ-
പിന്നിലേക്കില്ലല്പവും.”

സഹോദരാ, യേശു നിന്നെയും ഈ പാതയിലേക്കു ക്ഷണിക്കുകയാണ്. വചനം ഇങ്ങനെ പറയുന്നു:

> “പിന്നെ അവൻ പുരുഷാരത്തെയും തന്റെ ശിഷ്യന്മാരെയും അരികെ വിളിച്ചു അവരോടു പറഞ്ഞതു: ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ”
>
> മർക്കൊസ് 8:34.

യേശുവിന്റെ ശിഷ്യനാകണമെങ്കിൽ അവൻ നടന്നതു പോലെ നടക്കേണ്ടതാകുന്നു. ഒരു വ്യവസ്ഥയും വെച്ചുകൊണ്ട് യേശുവിനെ പിൻപറ്റുവാൻ സാദ്ധ്യമല്ല. സ്വന്ത ഇഷ്ടങ്ങളൊക്കെയും ഉപേക്ഷിക്കുന്നവനു മാത്രമേ യേശുവിനെ അനുഗമിപ്പാൻ കഴിയൂ.

യേശുവിനെ അനുഗമിക്കുവാൻ മുന്നോട്ടു വന്ന മൂന്നു പേരെ നാം ലൂക്കോസിന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. യേശുവും ശിഷ്യന്മാരും ശമര്യരുടെ ഒരു ഗ്രാമത്തിൽ ചെന്നതിനു ശേഷം മറ്റൊരു ഗ്രാമത്തിലേക്കു പോകുന്ന വഴി ഒരുവൻ യേശുവിനോടു പറഞ്ഞു.

> “അവർ വഴി പോകുമ്പോൾ ഒരുത്തൻ അവനോടു: നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. യേശു അവനോടു: കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ട്, മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല എന്നു പറഞ്ഞു.”
>
> ലൂക്കൊസ് 9: 57, 58

> "വേറൊരുത്തനോടു: എന്നെ അനുഗമിക്ക എന്നു പറഞ്ഞാറെ അവൻ: ഞാൻ മുമ്പെ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു. അവൻ അവനോടു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ. നീയോ പോയി ദൈവരാജ്യം അറിയിക്ക എന്നു പറഞ്ഞു."
>
> ലൂക്കൊസ് 9:59, 60.

മൂന്നാമതൊരുവനോടു :

> "മറ്റൊരുത്തൻ: കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം, ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞു. യേശു അവനോടു: കലപ്പെക്കു കൈ വെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല എന്നു പറഞ്ഞു."
>
> ലൂക്കൊസ് 9:61, 62

കർത്താവു അവരോടു പറഞ്ഞതിന്റെ ചുരുക്കം ജീവിതത്തിലെ സുഖസൗകര്യങ്ങളും ഭൗതിക ബന്ധങ്ങളോടുള്ള സ്നേഹവും ത്യജിക്കാതെ ഒരുവനു യേശുവിനെ അനുഗമിപ്പാൻ സാദ്ധ്യമല്ല എന്നാണ് യാതൊരു വ്യവസ്ഥയും കൂടാതെ ജീവിതത്തിൽ പ്രഥമസ്ഥാനം യേശുവിനു കൊടുക്കുവാൻ നമുക്ക് മനസ്സാകണം. കുടുംബബന്ധങ്ങളേക്കാൾ ഉപരി യേശുവിനു മുൻഗണന കൊടുക്കണം.

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണം മത്തായിയുടെ സുവിശേഷത്തിലും നമുക്കു കാണാം.

> "പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ."
>
> മത്തായി 16:24

സി.എ കോട്സ് പറഞ്ഞു: ക്രിസ്തുവിനെ അനുഗമിക്കുക എന്നതു അപമാനത്തിന്റെയും നിന്ദയുടെയും മാർഗ്ഗമാണ് എന്ന്.

ദൈവത്തിന്റെ അരുളപ്പാടു അനുസരിച്ച് യിസഹാക്കിനെ യാഗം അർപ്പിക്കുവാൻ അബ്രാഹാം യിസഹാക്കിനെ കൂട്ടി മോറിയാമല നടന്നു കയറുകയാണ്. അബ്രാഹാം ഹോമയാഗത്തിനുള്ള വിറക് എടുത്തു യിസഹാക്കിന്റെ ചുമലിൽ വച്ചു; ഇരുവരും ഒന്നിച്ചു നടന്നു എന്നു ഉല്പത്തി ഇരുപത്തിരണ്ടാം അദ്ധ്യായം ആറാം വാക്യത്തിൽ നാം വായിക്കുന്നു.

അബ്രാഹാം നടന്നതുപോലെ ക്രൂശും ചുമന്നു കാൽവറിയിലേക്കു നടക്കുന്ന കർത്താവിനോടു ചേർന്നു നമുക്കും നടക്കാം. ക്രൂശിന്റെ പാത സഹനത്തിന്റെ പാതയാണ്. ക്രൂശിന്റെ പാത പരിഹാസത്തിന്റെ പാതയാണ്. ക്രൂശിന്റെ പാത തിരഞ്ഞെടുക്കുമ്പോൾ എല്ലാവരും നമ്മെ നിന്ദിച്ചു തുടങ്ങും.

ക്രൂശിന്റെ പാതയിലൂടെ അരുമനാഥനോടു ചേർന്നു നടക്കുമ്പോൾ യേശുവിന്റെ സ്വഭാവവും മനസ്സും നമുക്ക് സ്വായ

ത്തമാക്കാം. യേശുവിന്റെ സാന്നിദ്ധ്യം നമ്മെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കും. നമ്മുടെ ജീവിതത്തിൽ നിന്ന് പാപങ്ങൾ ഓടി മറയും, പാപചിന്തകൾ മാറും. മനോഭാവങ്ങൾ മാറും, കാഴ്ചപ്പാടുകൾ മാറും, ഹൃദയ പാപങ്ങൾ മാറും. യേശുവുമായുള്ള നിരന്തര സാമീപ്യം നമ്മെ വിശുദ്ധിയിലേക്കു കരം പിടിച്ച് നയിക്കും. ഈ വിശുദ്ധിയോട് നാം എത്രമാത്രം അടുക്കുന്നുവോ അത്രമാത്രം സ്വർഗ്ഗീയ ശാന്തിയും സമാധാനവും നമ്മിൽ നിറഞ്ഞുകൊണ്ടിരിക്കും. ഈ സന്തോഷാനുഭൂതിയാണ് ജീവിതപ്രയാണത്തിൽ നേരിടുന്ന ക്രൂശിന്റെ എല്ലാ അനുഭവങ്ങളെയും പിറുപിറുപ്പു കൂടാതെ പൂർണ്ണസന്തോഷത്തോടെ സ്വാഗതം ചെയ്യാൻ ഒരു യഥാർത്ഥവിശ്വാസിയെ പ്രാപ്തനാക്കുന്നത്.

ക്രൂശിന്റെ ഈ പാതയ്ക്ക് ദൈവവചനം നല്കുന്ന പേരു ‘വിശുദ്ധ വഴി’ എന്നാണ്.

> “അവിടെ ഒരു പെരുവഴിയും പാതയും ഉണ്ടാകും, അതിന്നു വിശുദ്ധ വഴി എന്നു പേരാകും. ഒരു അശുദ്ധനും അതിൽ കൂടി കടന്നു പോകയില്ല.”
>
> യെശയ്യാവു 35:8

ആ വഴി യേശു തന്നെയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശു ഇപ്രകാരം വെളിപ്പെടുത്തുന്നുണ്ട്.

> “യേശു അവനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ

എത്തുന്നില്ല."

യോഹ. 14:6

ക്രിസ്തുവിന്റെ ഹിതം തിരിച്ചറിഞ്ഞ് അതിൻപ്രകാരം ജീവിക്കുന്നതാണ് വിശുദ്ധിയുടെ മാർഗ്ഗം. കാൽവറി റോഡിൽ കൂടി പോവുക എന്നാൽ ക്രിസ്തുവിന്റെ ഹിതാനുവർത്തികളായി ജീവിക്കുക എന്നാണ് അർത്ഥമാക്കേണ്ടത്. ക്രിസ്തുവിന്റെ ഹിതം പ്രവർത്തിക്കണമെങ്കിൽ നാം ക്രിസ്തുവിന്റെ മനസ്സുള്ളവരായിത്തീരണം.

കാൽവറിപ്പാതയിലൂടെ നടക്കുവാൻ നാം യെരുശലേമിലേക്കു പോകേണ്ട. എന്തുകൊണ്ടെന്നാൽ കുരിശു ചുമന്നവൻ, കുരിശിൽ മരിച്ചവൻ ഉയർത്തെഴുന്നേറ്റവനായി നമ്മുടെ സമീപത്തു തന്നെയുണ്ട്. നമ്മുടെ ഹൃദയങ്ങളിൽ അവനെ നിക്ഷേപിക്കണം. കുരിശിന്റെ പാതയിൽ നിന്നു മാറാതെ അവനെ പിന്തുടരണം.

കർത്താവു രാജ്യം സ്ഥാപിക്കുമ്പോൾ അവന്റെ ഇടത്തും വലത്തും ആയി ഇരിക്കാൻ യാക്കോബും യോഹന്നാനും ആഗ്രഹിച്ചു. എല്ലാ ക്രിസ്ത്യാനികളുടെയും ആഗ്രഹം മിക്കവാറും അങ്ങനെ തന്നെയാണ്. ഗുരുവിനോടൊപ്പം ഇരിക്കണമെങ്കിൽ ഗുരുവിന്റെ കാസാ കുടിക്കുകയും ഗുരുവിന്റെ കഷ്ടതയുടെ സ്നാനം ഏല്ക്കുകയും വേണം.

കർത്താവിന്റെ പീഢാനുഭവത്തോടും ക്രൂശു മരണത്തോടും അടുത്തപ്പോൾ ഓരോരുത്തരുടെയും തനിസ്വഭാവം വെളിപ്പെട്ടുവന്നു. യൂദാ വഞ്ചനയുടെ ചുംബനത്താൽ ഗുരുവിനെ ഒറ്റിക്കൊടുത്തു. ശിഷ്യന്മാർ യേശുവിനെ ഉപേക്ഷിച്ച് ഭയന്ന് ഓടിയൊളിച്ചു.

തിരുവചനത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

> "വാളേ, എന്റെ ഇടയന്റെ നേരെയും എന്റെ കൂട്ടാളിയായ പുരുഷന്റെ നേരെയും ഉണരുക എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു; ആടുകൾ ചിതറിപ്പോകേണ്ടതിന്നു ഇടയനെ വെട്ടുക"
>
> സെഖര്യാവു 13:7

> "യേശു അവരോടു: ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും; ഞാൻ ഇടയനെ വെട്ടും; കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും."
>
> മത്തായി 26:31.

പത്രോസ് 'ഞാൻ അവനെ അറിയുന്നില്ല.' എന്ന് ആണയിട്ടു മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞു. അനുഗ്രഹങ്ങൾ ഏറെ അനുഭവിച്ച ജനം 'അവനെ ക്രൂശിക്ക, ക്രൂശിക്ക' എന്നു ആക്രോശിച്ചു. പുരോഹിതന്മാർ യേശുവിന്റെ നേരെ ദൂഷണം പറഞ്ഞ് കുറ്റം ആരോപിച്ചു. പീലാത്തോസ് "ഞാൻ ഇവനിൽ കുറ്റം ഒന്നും കാണുന്നില്ല" എന്നു പറഞ്ഞ് കുറ്റം ഇല്ലാത്തവനെ ക്രൂശിപ്പാൻ വിധിച്ചു.

യൂദാ സ്കറിയോത്ത ഒരു പ്രാവശ്യം മാത്രം ഗുരുവിനെ ഒറ്റിക്കൊടുത്തു. പത്രോസ് യേശുവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞു. പടയാളികൾ മൂന്നാണികൾ കൊണ്ട് യേശുവിനെ ക്രൂശിച്ചു.

എന്നാൽ എന്റെയും നിങ്ങളുടെയും പാപങ്ങൾക്കു വേണ്ടി പങ്കപ്പാട് ഏറ്റ് ക്രൂശിൽ മരിച്ച യേശുവിനെ നാം എത്ര

ത്തോളം നമ്മുടെ അധർമ്മ പ്രവൃത്തികളാലും, നികൃഷ്ട പാപങ്ങളാലും വേദനിപ്പിച്ചു പോയി. നാം അനേക പ്രാവശ്യം അവനെ ഒറ്റിക്കൊടുത്തവരാണ്. അനേക തവണ അവനെ തള്ളിപ്പറഞ്ഞവരാണ്. എത്രയോ ആണികൾ, അവന്റെ ശരീരത്തിൽ നാം ആഞ്ഞു തറച്ചു. മാത്രമല്ല, ഇന്നും ആ ദിവ്യസ്നേഹത്തെ നാം മുറിപ്പെടുത്തുന്നില്ലേ?

സഹോദരങ്ങളേ, നമുക്ക് ആ ക്രൂശിനെ ഒന്നു കെട്ടിപ്പിടിച്ച് അനുതപിച്ചു കരയാം. നാം അടിച്ച ആണികൾ ഓരോന്നായി നമുക്കു ഊരിയെടുക്കാം. ആ മുറിവുകളെ ഒന്നു ഊതി ആശ്വസിപ്പിക്കാം.

നമ്മുടെ പാപവും മരണവും വഹിച്ചുകൊണ്ട് ഗോഗുൽത്തായിലേക്കു കയറിപ്പോയ കർത്താവിനെ നമുക്കു പിന്തുടരാം. കുറേനക്കാരനായ ശീമോനെ പോലെ നമുക്കും കർത്താവിന്റെ ആ ഭാരമുള്ള ക്രൂശു ഒന്നു താങ്ങി ആശ്വസിപ്പിക്കാം. യെശുശലേം പുത്രിമാരെപ്പോലെ ആ വിലാപയാത്രയിൽ ചേർന്നു നടന്ന് നമുക്കും കരയാം.

കർത്താവിനോടു ചേർന്നു ദിനമ്പ്രതി നമ്മുടെ ക്രൂശു സന്തോഷത്തോടെ എടുത്തുകൊണ്ട് അവന്റെ പിന്നാലെ പുറപ്പെടാം. കാൽവറിയിൽ എത്തി ക്രൂശു മരണത്തിൽ നാമും അലിഞ്ഞു ചേരുമ്പോൾ ക്രൂശിൽ തുറന്ന സ്വർഗ്ഗവാതിലിൽ കൂടി നമുക്ക് പ്രവേശനം ലഭിക്കും. മരണം മാറി നിത്യജീവനു നാം അവകാശികളായിത്തീരും. പാപപരിഹാരം നൽകുന്ന ഏകബലിയുടെ സമീപത്തേക്കു ചെന്ന് ക്രൂശാകുന്ന ആ ബലിപീഠത്തിൽ നിന്ന് ആത്മീയ ഭക്ഷണം അനുഭവിച്ച് നമുക്കു ജീവിക്കാം.

ക്രൂശിൽ രക്തം വാർന്നു കിടക്കുന്ന കർത്താവിനെ കണ്ടു കൊണ്ട് പാപികൾ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നു അട്ടഹസിച്ചു പറയണം.

"ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ"

കാൽവറി പാതയിലൂടെ കർത്താവിനെ അനുധാവനം ചെയ്യുന്നവൻ തന്നെത്തന്നെ മറന്ന് സ്വന്ത ക്രൂശെടുത്തു കൊണ്ട് പിൻചെല്ലണം. കർത്താവിന്റെ ക്രൂശല്ല നാം എടുക്കേണ്ടത്. അവനവന്റെ ക്രൂശാണ്.

ക്രൂശിന്റെ പാത കഷ്ടത നിറഞ്ഞതാണ്. വേദനയും ദുഷിയും തിങ്ങിയതാണ്. നമ്മുടെ കർത്താവു ക്രൂശിനെ സന്തോഷത്തോടെ വഹിച്ച് നമുക്കു ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. നമുക്കും പീഢകൾ വരുമ്പോൾ നമ്മുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ ഇങ്ങനെയുള്ള വിരോധം സഹിച്ച കർത്താവിനെ മാത്രമേ ധ്യാനിക്കാനുള്ളൂ.

വചനം ഇങ്ങനെ പറയുന്നു.

> "പിന്നെ അവൻ എല്ലാവരോടും പറഞ്ഞതു എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ."
>
> ലൂക്കൊസ് 9:23.

ക്രൂശിന്റെ പാത ഇടുക്കമുള്ള പാതയാണ്. കാണുന്നവ

നെല്ലാം പഴിക്കും, ശകാരിക്കും, വെറുപ്പോടെ നോക്കും, പരിഹസിക്കും. "എന്റെ നിമിത്തം എല്ലാവരും നിങ്ങളെ പഴിക്കും" എന്നാണ് കർത്താവ് പറഞ്ഞത്. എല്ലാവരും നിന്നെ ഒറ്റപ്പെടുത്തുമ്പോഴും നിന്റെ ക്രൂശു സന്തോഷത്തോടെ വഹിച്ചു കൊണ്ടു മുമ്പേ പോകുന്ന ക്രിസ്തുവിനെ മാത്രം നോക്കി അനുഗമിക്കുവാൻ തക്കവണ്ണം യേശു വിലയേറിയവനും പ്രിയനുമായി നിനക്ക് തോന്നിയിട്ടുണ്ടോ?

യേശുവിന്റെ ക്രൂശാരോഹണത്തെക്കുറിച്ച് യേശു ക്രിസ്തു ജനിക്കുന്നതിന് 750 വർഷം മുമ്പ് പ്രവാചകൻ ഇങ്ങനെ പ്രവചിച്ചു.

> "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു, അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു."

യെശയ്യാവു 53:3–5.

ഈ പീഢ ആർക്കു വേണ്ടിയായിരുന്നു എന്ന് വാസ്തവമായി നാം വിശ്വസിക്കുമ്പോൾ വേദനയുടെ ആഴം വർദ്ധിക്കും. യഹോവ എന്റെയും നിന്റെയും അകൃത്യം അവന്റെ മേൽ ചുമത്തി. മകനെ, നിന്റെ പാപത്തിന്റെ ശിക്ഷയാണ് യേശു കുരിശിൽ വഹിച്ചത്. അതിനാൽ നിന്റെ പാപത്തിന്നു പരിഹാരം വന്നുമിരിക്കുന്നു. മകനെ നീ അതു വിശ്വസിച്ചാൽ നിനക്ക് സൗഖ്യം പ്രാപിക്കാം, സമാധാനം അനുഭവിക്കാം.

നിന്ദയുടെയും പരിഹാസത്തിന്റെയും പാതയാണ് കർത്താവു തിരഞ്ഞെടുത്തത്. യേശുവിനെ പിൻതുടരുവാൻ ആഗ്രഹിക്കുന്ന നാമും സ്വന്ത സുഖത്തെയും സന്തോഷത്തെയും മറ്റുള്ളവർക്കു വേണ്ടി ത്യജിക്കുവാനും അർപ്പണം ചെയ്യാനും മനസ്സു കാണിക്കണം. അധിക്ഷേപങ്ങളും ശകാരങ്ങളും ക്ഷമാപൂർവ്വം സന്തോഷത്തോടെ സഹിക്കണം.

ക്രൂശു ഒഴിവാക്കണമെന്ന് പത്രോസ് ശ്ലീഹാ യേശുവിനെ ഉപദേശിച്ചപ്പോൾ, പത്രൊസിനെ കർത്താവു 'സാത്താനേ' എന്നാണ് വിളിച്ചത്. Crossless religion is satanic. കഷ്ടത ഒഴിവാക്കാൻ ഉപദേശിച്ച പത്രൊസ് പിന്നീട് സ്വന്ത അനുഭവത്തിൽ നിന്ന് എഴുതി.

> "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ, മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ. നിങ്ങളിൽ

> ആരും കൊലപാതകനോ കള്ളനോ ദുഷ്പ്ര വൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടതു; പരകാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല; ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്"
>
> 1 പത്രൊസ് 4:13–16.

ക്രിസ്തുവിനു വേണ്ടി കഷ്ഠത അനുഭവിക്കുന്നതു ഒരു വരമായിട്ടാണ് പൗലോസ് ശ്ലീഹാ പറയുന്നത്.

> "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നല്കിയിരിക്കുന്നു"
>
> ഫിലിപ്പിയർ 1: 29

അതിനാൽ ക്രൂശിനെ ഒഴിവാക്കുന്നതു ക്രിസ്തീയമല്ല. ക്രിസ്തു പാളയത്തിനു പുറത്തുവെച്ച് കഷ്ടം സഹിച്ചു. ക്രിസ്തുവിന്റെ പിന്നാലെ പോകാൻ ഉറച്ചാൽ പല രംഗങ്ങളിൽ നിന്നും പുറത്താക്കി എന്നു വരാം. "എന്റെ നിമിത്തം എല്ലാവരും നിങ്ങളെ പഴിക്കും." എന്നു യേശു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് വി: പാതാക്കന്മാർ ഇപ്രകാരം പാടിയത്:

> "ജീവകരം മൃതികരമെന്നേവം
> കണ്ടിരുസരണികൾ സഹദേന്മാർ
> നൂതനമാം – ജീവിതമാർജ്ജിപ്പാൻ
> ദുർഘട മാർഗ്ഗം കാംക്ഷിച്ചാർ

ദുഷ്ടാത്മാവൊടു പടവെട്ടി
ജയമോടേറി പറയുന്നു
ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം–
കർത്താവിൻ നാമം ധന്യം."

അശുദ്ധാത്മാക്കളോടു പടവെട്ടി, പരാജയമറിയാത്ത യൂദ യുടെ സിംഹത്തെ നോക്കിക്കൊണ്ടുള്ള ജൈത്രയാത്രയാണ് ക്രിസ്തീയ ജീവിതം.

കർത്താവായ യേശുക്രിസ്തു തന്റെ ആദ്യത്തെ പ്രസം ഗത്തിൽ – ഗിരിപ്രഭാഷണത്തിൽ – പറഞ്ഞു.: ഇടുക്കുവാതി ലിലൂടെ അകത്തു കടപ്പിൻ. നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കട ക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളതു. അതു കണ്ടെ ത്തുവന്നവർ ചുരുക്കമത്രെ എന്ന്. ക്രൂശിന്റെ വഴി ഈ ലോക ത്തിന്റെ ഒഴുക്കിനെതിരായുള്ള പോരാട്ടയാത്രയാണ്, കാൽവറി പാത രക്തം പുരണ്ട വഴിയാണ്.

യേശു തന്റെ ദേഹമെന്ന തിരശ്ശീല കാൽവരിയിലെ മര ക്കുരിശിൽ ചീന്തി തുറന്ന, ജീവനുള്ള പുതുവഴിയാണ്. (എബ്രാ: 10:19) സ്വർഗ്ഗത്തിലെ ദൈവം മനുഷ്യജാതിക്കു തന്റെ പുത്രൻ മുഖാന്തിരം തുറന്ന ഏകവഴിയാണ് ക്രൂശിന്റെ വഴി. ഈ വഴി ക്രിസ്തുവാണ്, ക്രിസ്തു മാത്രമാണ്. ക്രിസ്തു വിശുദ്ധിയുടെ പൂർണ്ണതയിലേക്കുള്ള വഴിയാകുന്നു.

സ്വർഗ്ഗത്തിലേക്കുള്ള പല വഴികളിൽ ഒരു വഴിയല്ല

ക്രിസ്തു; പല നല്ല വഴികളിൽ ഒരു പ്രധാന വഴിയുമല്ല. ക്രിസ്തു മാത്രമാണ് വഴി. ജീവനുള്ള ഏക സത്യവഴി യേശുവാണ്. ഈ വഴിയുടെ പ്രോൽഘാടനം നടന്നത് കാൽവരി ക്രൂശിലാണ്.

ജീവിതയാത്രക്കാരാ, നിന്റെ കാലടികൾ ഏതു പാതയിലൂടെയാണ് പോകുന്നത്? വിശാലമായ പാതയിലൂടെയോ, ഇടുക്കവും ഞെരുക്കവുമുള്ള പാതയിലൂടെയോ? ക്രൂശിന്റെ പാത ഇടുക്കവും ഞെരുക്കവും ഉള്ളതാണ്. സന്തോഷ പരിപൂർണ്ണമായ സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുവാനും ദൈവം വെച്ചിരിക്കുന്ന ജീവന്റെ വഴി നിനക്ക് ചൂണ്ടിക്കാണിച്ചു തരികയാണ്. അതു ക്രൂശിൽ തുറന്ന ജീവന്റെ വിശുദ്ധ വഴി തന്നെ.

> “ജീവന്റെ വഴി നീ എനിക്കു കാണിച്ചു തരും.; നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും നിന്റെ വലത്തു ഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ട്.”
>
> സങ്കീർത്തനങ്ങൾ 16:11

ഇന്ന് അനേകർക്ക് തീർത്ഥാടന കേന്ദ്രങ്ങളിലേക്കും, പുണ്യസ്ഥലങ്ങളിലേക്കും ആരാധനാ സ്ഥലങ്ങളിലേക്കുമുള്ള വഴികളറിയാം. എന്നാൽ ക്രൂശിന്റെ വഴി അനേകർക്കും മറഞ്ഞിരിക്കുകയാണ്, ശത്രു മറച്ചിരിക്കുകയാണ്. ക്രിസ്തു മാത്രമായ രക്ഷയുടെ വഴിയിൽ കൂടി നമുക്ക് യാത്ര ചെയ്യാം.

ഈ ലോകത്തിൽ വിവിധ തരത്തിൽ യാത്ര ചെയ്യുന്നവർ ഉണ്ട്. വിമാനയാത്രക്കാർ, ട്രെയിൻ യാത്രക്കാർ, കപ്പൽ

യാത്രക്കാർ, മറ്റു വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ എന്നിങ്ങനെ പല വിധത്തിൽ. ഈ വക യാത്രക്കാരിൽ വഴി തെറ്റിപ്പോകുന്നവർ വളരെ വിരളമാണ്. എന്നാൽ ആത്മീയ ഗോളത്തിലുള്ള യാത്രക്കാരിൽ – "സീയോൻ യാത്രക്കാരിൽ" – വഴി അറിയാത്തവരും വഴി തെറ്റുന്നവരും അനേകമാണ്. ഈ സത്യം അവർ അറിയുന്നുമില്ല എന്നതാണ് ഏറ്റവും ദുഃഖകരം.

കുരിശു വഹിക്കുന്നതിനു മുൻപ് കിരീടം അണിയാനും; കുരിശു കൂടാതെ കിരീടം ചൂടാനുമുള്ള ആഹ്വാനങ്ങൾ എങ്ങും മുഴങ്ങിക്കേൾക്കുന്ന ഈ കാലഘട്ടത്തിൽ കർത്താവു കാണിച്ചു തന്ന ക്രൂശിന്റെ പാതയിലൂടെ നമുക്കു മുന്നേറാം. കർത്താവിന്റെ കാലടികളെ പിൻതുടരാം. അതിവിശിഷ്ടവും അനുകരണീയവുമായ ഒരു മാതൃക അവൻ വെച്ചേച്ചു പോയിരിക്കുന്നു. യേശു നടന്നതുപോലെ നമുക്കും നടക്കാം.

മാന്യ സ്നേഹിതാ, നീ വിശ്വാസത്തോടെ നിന്റെ മുമ്പിൽ നിൽക്കുന്ന യേശുവിനെ നോക്കുമോ? പാപ വഴികളോടും ലോകസ്നേഹത്തോടും യാത്ര പറഞ്ഞ് ജീവിതം ഇപ്പോൾ തന്നെ യേശുവിനായി സമർപ്പിക്കുമെങ്കിൽ ദമസ്കോസ് റോഡിലൂടെ യാത്ര ചെയ്തിരുന്ന യേശുവിന്റെയും ക്രിസ്തുഭക്തരുടേയും ശത്രുവായിരുന്ന ശൗലിനെ മാനസാന്തരപ്പെടുത്തിയ യേശുക്രിസ്തു നിനക്കും ഒരു സത്യമാനസാന്തരം തരും.

യരുശലേമിൽ നിന്ന് യെറീഹോയിലേക്കുള്ള റോഡിലൂടെ യാത്ര ചെയ്ത് കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട് മുറിവേറ്റ് അർദ്ധപ്രാണനായി കിടന്ന വഴിയാത്രക്കാരനെപ്പോലെ

പാപത്താൽ ബന്ധിക്കപ്പെട്ട് പിശാചിന്റെ അടിമത്വത്തിൽ ഞെരിഞ്ഞമരുന്ന നിന്നെയും യേശു രക്ഷിക്കും.

യെറീഹോ റോഡിൽ ഭിക്ഷയാചിച്ചിരുന്ന ബർത്തിമായി എന്ന കുരുടനെപ്പോലെ ആത്മകണ്ണുകൾ അടഞ്ഞ് അരിഷ്ട തയിൽ കഴിയുന്ന നിനക്ക് യേശു ക്രിസ്തു ആത്മകണ്ണു തുറന്നു തരും.

ഉയരം കുറഞ്ഞ ചുങ്കക്കാരൻ സക്കയിയെ സമൂഹ മദ്ധ്യ ത്തിൽ ഉയർത്തിയവനായ സ്നേഹനിധിയായ യേശു നിന്നെയും വാലല്ല, തലയാക്കി ഉയർത്തും.

പാപത്തിന്റെ ശമ്പളമായ ആത്മാവിന്റെ മരണം സംഭവി ച്ചു പ്രത്യാശയില്ലാതെ ശവക്കുഴിയിലേക്ക് നീങ്ങിക്കൊണ്ടി രിക്കുന്ന നിന്നിൽ, നയീനിലെ വിധവയുടെ മകന് വഴിയിൽ വച്ചു ജീവൻ പകർന്നവൻ നിത്യ ജീവൻ തന്നു വഴി നടത്തും.

സഹോദരാ, സഹോദരീ, നിന്റെ പാപത്തേയും വഹിച്ചു കൊണ്ട് കാൽവറി റോഡിലൂടെ നടന്നുപോയ യേശു ക്രിസ്തു വിന്റെ പിന്നാലെ പാപത്തിനു ക്രൂശിക്കപ്പെടുവാൻ തന്റെ ക്രൂശുമെടുത്തുകൊണ്ട് ഇപ്പോൾ യാത്ര തുടങ്ങുമോ? എങ്കിൽ ഹാലേലൂയ്യാ വീട്ടിൽ നിനക്കു മണവറ പൂകാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

## ഏഴ്

## ദൈവീക കൈമാറ്റം (DEVINE EXCHANGE)

"യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം
അവന്റെ മേൽ ചുമത്തി"

യെശയ്യാവു. 53 : 6

ക്രിസ്തുസഭയുടെ കേന്ദ്രബിന്ദു ക്രിസ്തുവിന്റെ ക്രൂശാണ്. യേശുക്രിസ്തു ക്രൂശിൽ നമ്മുടെ ഓരോരുത്തരുടെയും അകൃത്യങ്ങൾ വഹിക്കുക മാത്രമല്ല പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കുകയും ചെയ്തു. പാപത്തിന്റെ ശിക്ഷ നമ്മുടെ മേൽ ഒരിക്കലും തിരികെ വരാതവണ്ണം അവൻ നമ്മുടെ സ്ഥാനത്ത് ശിക്ഷ വഹിച്ചു.

പാപം ഇല്ലാത്തവനായ യേശു ക്രൂശിൽ പാപത്തിന്റെ

ശമ്പളമായ മരണം സന്തോഷത്തോടെ ഏറ്റെടുത്തുകൊണ്ട് പാപിയുടെ സ്ഥാനം സ്വീകരിച്ചു. പാപിയായ മനുഷ്യനുമായി ഒരു സ്ഥാന വിനിമയം നടത്തുകയാണ് ക്രിസ്തു ചെയ്തത്.

ക്രിസ്തീയ ജീവിതത്തെ ഒരു കെട്ടിടത്തോട് ഉപമിക്കാം. കെട്ടിടത്തിനു പ്രധാനമായും രണ്ടു ഭാഗങ്ങളാണ് ഉള്ളത്. ഒന്ന് : അതിന്റെ അടിസ്ഥാനം – Foundation, രണ്ട്: അതിന്റെ ഉപരിസൗധം – Super Structure, അടിസ്ഥാനം ദൈവം നമുക്കുവേണ്ടി ചെയ്ത കാര്യങ്ങളാണ്. ഉപരിസൗധം നാം ദൈവത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങളാണ്.

ക്രൂശിലെ യേശുവിന്റെ മരണം ഒരു പ്രാതിനിധ്യ മരണമായിരുന്നു. അതാണ് പുരാതന സഭയിലെ പിതാക്കൻമാർ പാടിയത്.

“നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ
ഖേദിക്കേണ്ട നിൻ പാപത്തെ ഓർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ,
ഏദൻ കനി നീ തിന്നതിനാൽ കൈപ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ നീ ഇലകൾ ചാർത്തി,
നഗ്നതയോടെന്നെ അവർ തൂക്കി,
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ”

നമുക്ക് അർഹതപ്പെട്ട എല്ലാ ശിക്ഷകളും യേശു ക്രിസ്തുവിന്റെ മേൽ വന്നു. പകരം യേശുവിനു അർഹതപ്പെട്ട എല്ലാ നന്മകളും നമുക്ക് വാഗ്ദാനം ചെയ്യുകയും ചെയ്തു. നാം വീണ്ടെടുക്കപ്പെട്ടവരോടു കൂടെ എണ്ണപ്പെടേണ്ടതിന്നു യേശു അതിക്രമക്കാരോടു കൂടെ എണ്ണപ്പെട്ടു.

ക്രൂശിൽ നടന്ന കൈമാറ്റങ്ങൾ എന്തെല്ലാമെന്നു നമുക്കു അല്പമായി വിചിന്തനം ചെയ്യാം. The exchange that took place on the cross. യേശു എന്തെടുത്തുമാറ്റി ? പകരം എന്തു നല്കി?

ഒന്ന് : യേശു നമ്മുടെ പാപം എടുത്തു, തന്റെ നീതി നമുക്കുതന്നു.

The exchange from sin to righteousness

> "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കു വേണ്ടി പാപം ആക്കി."
>
> 2 കൊരിന്ത്യർ : 5: 21

> "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു"
>
> 1 പത്രൊസ് : 2:24

യേശുക്രിസ്തു കേവലം നമ്മുടെ പാപം വഹിക്കുക മാത്രമല്ല, നമുക്കു പകരം പാപം ആക്കപ്പെടുകയാണ് ചെയ്തത്. ക്രിസ്തുവിന്റെ നീതിയാൽ നാം നീതികരിക്കപ്പെടേണ്ടതിനു ക്രിസ്തുവിനു പങ്കില്ലാത്ത കുറ്റത്തിന്റെ ശിക്ഷാവിധി ഏല്ക്കുവാൻ അവൻ തന്നെത്താൻ വിട്ടുകൊടുത്തു. ക്രിസ്തുവിന്റെ വിലയേറിയ ദാനമായ നിത്യജീവൻ നാം പ്രാപിക്കേണ്ടതിനു നാം അനുഭവിക്കേണ്ട

മരണം അവൻ വരിച്ചു. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.

ക്രിസ്തുവിന്റെ ക്രൂശിൽ നിന്നു തിരസ്ക്കാരത്തിന്റെ ഒരു ദീനപ്രരോദനം നമുക്ക് മക്കോസിന്റെ സുവിശേഷത്തിൽ കാണാം.

> "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്..........."
>
> മർക്കോസ് : 15 : 34

പാപമില്ലത്ത രക്ഷകൻ മരിക്കുന്നു. തന്മൂലം പാപിയായ മനുഷ്യനു ശാപം നീങ്ങി രക്ഷ ഉദിക്കുന്നു. ദൈവപുത്രൻ ത്യജിക്കപ്പെടുന്നു, മനുഷ്യപുത്രൻമാർ കൈക്കൊള്ളപ്പെടുന്നു. പാപമില്ലാത്ത പരിശുദ്ധൻ പാപിയുടെ സ്ഥാനം സ്വമനസ്സാ ഏറ്റെടുക്കുന്നു. പാപിയുടെ തിന്മ യേശുവിന്റെ മേൽ വന്നതിനു പകരം യേശുവിന്റെ നന്മ പാപിക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

> "ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു; പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു"
>
> റോമർ : 8:3

കർത്താവിന്റെ ക്രൂശിലെ മരണം അങ്ങനെ ഒരു പ്രാതിനിധ്യമരണം തന്നെയായിരുന്നു. Every pang upon the cross was subsitutionary, നമ്മുടെ പാപം അവനെ പാപം ആക്കി. അവന്റെ നീതിയാൽ നാം നീതീകരിക്കപ്പെട്ടു.

പാപം യേശുവിനു കൊടുക്കുക, വിശ്വാസത്താൽ നീതീകരണം ഏറ്റു വാങ്ങുക. ഈ ദൈവീക കൈമാറ്റത്തിന്റെ മർമ്മം വചനത്തിൽ കാണാം.

> "എന്നാൽ അവനെ തകർത്തു കളവാൻ യഹോവെക്കു ഇഷ്ടം തോന്നി ; അവൻ അവന്നു കഷ്ടം വരുത്തി.........."
>
> യെശയ്യാവു : 53:10

ദൈവം യേശുക്രിസ്തുവിന്റെ പ്രാണനെ ഒരു അകൃത്യയാഗമാക്കിത്തീർത്തു. സർവ്വലോകത്തിന്റെ സർവ്വപാപങ്ങളും കാൽവരിയിലെ ക്രൂശിൽ യേശു ക്രിസ്തുവിന്റെ പ്രാണനിലേക്കു കൈമാറ്റം ചെയ്തു.

യേശുക്രിസ്തുവിന്റെ നീതീകരണത്താൽ നാം നീതീകരിക്കപ്പെടുവാൻ നമ്മുടെ പാപത്തെ അവന്റെ പാപമാക്കി മാറ്റി. യേശുവിന്റെ പരമയാഗത്തെ അംഗീകരിക്കുന്ന ഏവനും യേശു ഇപ്പോൾ നിത്യജീവിൻ വാഗ്ദത്തം ചെയ്യുകയാണ്. പാപി ഇനി നീ നിത്യനരകത്തിൽ പോകുന്നു എങ്കിൽ അതിന്റെ കാരണം നിന്റെ പാപം അല്ല, പ്രത്യുത യേശുവിന്റെ പാപപരിഹാര യാഗത്തിൽ നീ വിശ്വസിക്കാത്തതാണ്.

രണ്ട് : പാപത്തിന്റെ ശമ്പളമായ മരണം ഏറ്റെടുത്ത് നിത്യജീവൻ നമുക്ക് തന്നു, The exchange form death to life.

> "പാപത്തിന്റെ ശമ്പളം മരണമത്രെ, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യ

ജീവൻ തന്നേ”

റോമർ : 6: 23

“പാപം ചെയ്യുന്ന ദേഹി മരിക്കും..........”

യെഹെസ്കേൽ : 18: 20

‘‘മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു, പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു”

യാക്കോബ് : 1:15

ഫാ. ജെയിംസ് എം ലുഡ്ലോ – Fr. James M. Ludlo എന്ന ദൈവീക ശ്രേഷ്ഠൻ തന്റെ അനുഭവ സാക്ഷ്യത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

“എനിക്ക് കർത്താവിനോടുള്ള കടപ്പാട് എന്തെന്നു എന്റെ അമ്മയാണ് എന്നെ പഠിപ്പിച്ചത്”

ഫാദർ ജെയിംസിനെ അമ്മ ഗർഭം ധരിച്ചിരുന്ന കാലം, പൂർണ്ണ ഗർഭിണിയായി പ്രസവവേദന ആരംഭിച്ചപ്പോൾ ആശുപത്രിയിലെത്തി പ്രസവമുറിയിൽ പ്രവേശിപ്പിച്ചു, എന്നാൽ പ്രസവം നടക്കുന്നില്ല. സമയം ഏറെ മുന്നോട്ടു നീങ്ങി. വളരെ നിർണ്ണായകമായ അവസ്ഥയിൽ എത്തിയിരിക്കുന്നു എന്നു ഡോക്ടർമാർ അറിയിച്ചു. തികച്ചും ഗുരുതരമായ അവസ്ഥ. കുട്ടിയെയും അമ്മയെയും ഒരുമിച്ചു ജീവനോടെ കിട്ടുക തികച്ചും അസാദ്ധ്യം എന്നു അവർ വിധിയെഴുതി. ആരുമരിക്കണം, ആരു ജീവിക്കണം എന്നു

ഉടൻ തന്നെ പറയണം. അല്ലെങ്കിൽ രണ്ടുപേരും നഷ്ടപ്പെടും.

വിവാഹശേഷം ഏറെക്കാലം കുഞ്ഞുങ്ങളില്ലാതിരിക്കെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി നടന്ന ഒരു ഗർഭധാരണമാണ്. ഈ വാർത്ത അറിഞ്ഞ ഉടനെ വേദനകൊണ്ട് പുളയുന്ന അമ്മ പറഞ്ഞു: ഞാൻ മരിച്ചുകൊള്ളാം, എന്റെ കുഞ്ഞു ജീവിക്കണം. അങ്ങനെ ആ അമ്മ മരിച്ചു, കുഞ്ഞ് ജീവിച്ചു ആ കുഞ്ഞാണ് പിൽക്കാലത്ത് ഫാദർ ജെയിംസ് എം. ലുഡ്ലോ എന്നറിയപ്പെടുന്ന ശ്രേഷ്ഠനായ വൈദികൻ. അദ്ദേഹം പറഞ്ഞു: ഞാൻ ജീവിച്ചത് എന്റെ അമ്മ മരിച്ചതുകൊണ്ടാണ്. അമ്മയുടെ ജീവൻ എനിക്കു കൈമാറിയിട്ട് അമ്മ എന്റെ മരണം ഏറ്റെടുത്തു. ക്രൂശിൽ നടന്നതും ഇതുതന്നെയാണ്.

ക്രിസ്തുവിന്റെ ജീവൻ നാം നേടേണ്ടതിന്നു നമ്മുടെ മരണം ക്രിസ്തു ഏറ്റെടുത്തു. യേശു വന്നത് നമുക്കു ജീവൻ നൽകുവാനും സമൃദ്ധിയായി ജീവൻ നല്കുവാനും ആണ്. യേശുവിന്റെ ജീവൻ ക്രൂശിൽ രക്തമായി നമുക്ക് ഊറ്റിത്തന്നു. അവന്റെ സ്നേഹം എത്ര അവർണ്ണനീയം! അവൻ നമ്മെ സ്നേഹിച്ചതുപോലെ നമുക്ക് തിരിച്ച് അവനെ സ്നേഹിക്കാം.

മൂന്ന് : യേശു ശാപം ഏറ്റെടുത്തു, നമുക്ക് അനുഗ്രഹം നല്കി. The exchange from curse to blessing.

> “മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്നെഴുതിയിരിക്കുന്നതു പോലെ ക്രിസ്തു നമുക്കു വേണ്ടി ശാപമായി

ത്തീർന്നു..................”

ഗലാത്യർ 3:13

“സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹ ത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹി ച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ”

എഫെസ്യർ 1:3

നമ്മെ അനുഗ്രഹിക്കുവാൻ യേശു ശാപമായിത്തീർന്നു. മനുഷ്യന്റെ പാപപ്രവൃത്തികൾ നിമിത്തവും, തലമുറതല മുറയായി പകർന്നു കിട്ടിയതുമായ വിവിധ ശാപങ്ങളാൽ മനുഷ്യൻ പൊറുതി മുട്ടി വലയുകയാണ്. ഒരിറ്റു സമാധാനത്തിനുവേണ്ടി മനുഷ്യൻ കൊതിക്കുകയാണ്.

“...........കാരണം കൂടാതെ ശാപം പറ്റുകയില്ല”

സദൃശവാക്യങ്ങൾ 26:2

For every curse there is a cause. ശാപം വരുത്തിവച്ച തടസ്സങ്ങൾ നീക്കിക്കളഞ്ഞാൽ മാത്രമേ ക്രിസ്തുവിലൂടെ ദൈവം തന്ന അനുഗ്രഹങ്ങൾ നമ്മിലേക്കു ഒഴുകുകയുള്ളൂ. ക്രിസ്തു ശാപം മുറിക്കുന്നവനാണ്. ദൈവം അബ്രഹാമിനെ അനുഗ്രഹിക്കുക മാത്രമല്ല, അവനെ ഒരു അനുഗ്രഹമാക്കി മാറ്റുകയും ചെയ്തു.

കുടുംബത്തിനും സമൂഹത്തിനും ശാപമായി ജീവിക്കുന്ന ആർക്കും ഒരനുഗ്രഹമായി മാറാവുന്നതാണ്. ശാപം ക്രിസ്തുവിനു കൊടുക്കുക, അനുഗൃഹം ഏറ്റുവാങ്ങുക.

അനുഗൃഹത്തിന്റെ ശ്രീഭണ്ഡാരം തുറന്ന സ്ഥലമാണ് കാൽവരി ക്രൂശ്. സകല ആത്മീകാനുഗ്രഹത്തിന്റെയും ഉറവയായ ക്രിസ്തുവിനോട് ചേർന്നു നിന്നു അനുഗൃഹ സമൃദ്ധി പ്രാപിക്കണം.

നാല്. യേശു നമ്മുടെ രോഗം വഹിച്ചു നമുക്കു സൗഖ്യം തന്നു. The exchange from sickness to healing.

> "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു............അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു"
>
> യെശയ്യാവു : 53: 4, 5

ദൈവീക കൈമാറ്റത്തിലെ അനുഗൃഹീത യാഥാർത്ഥ്യത്തെക്കുറിച്ച് അപ്പൊസ്തലനായ പത്രോസ് ഇങ്ങനെ പറഞ്ഞു.

> "നാം പാപം സംബന്ധിച്ചു മരിച്ച് നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിൻമേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു"
>
> 1 പത്രൊസ് : 2:24

He himself bore our sins in his body on the tree that we might die to sin and live to righteousness by his wounds you have been healed.

ഒട്ടനവധി രോഗങ്ങൾക്കു കാരണം പാപം ആണ്. പാപത്തിൽ നിന്നുള്ള മോചനം ക്രൂശിൽ വരുത്തിയപ്പോൾ രോഗത്തിനു ശാന്തിയും പകർന്നു കിട്ടി. യേശു ക്രൂശിൽ രണ്ടു കാര്യങ്ങളാണ് നിവർത്തിച്ചത്.

> "..............സകല ദീനക്കാർക്കും സൗഖ്യം വരുത്തി, അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു........."
>
> മത്തായി. 8 : 16, 17

അവൻ പാപങ്ങളെ ചുമന്നു, രോഗങ്ങളെ വഹിച്ചു. നാം സൗഖ്യം പ്രാപിക്കേണ്ടതിനു യേശു മുറിവേറ്റു. Jesus was wounded that we might be healed. മനുഷ്യവർഗ്ഗത്തിന്റെ പാപരോഗത്തിനും ശരീരരോഗത്തിനും സൗഖ്യം നല്കുവാൻ തുറന്ന ചികിത്സാ കേന്ദ്രമാണ് കാൽവരിക്രൂശ്.

യേശു ഗിലയാദിലെ നല്ല വൈദ്യനാണ്. ക്രൂശിൽ ചൊരിഞ്ഞ രക്തമാണ് ഗിലയാദിലെ തൈലം. ആ രക്തം ഇന്നു ഗുണകരമായി സംസാരിക്കുകയാണ്. ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന യേശുവിന്റെ പുണ്യാഹ രക്തം തന്നെ.

യേശുക്രിസ്തുവിന്റെ തിരുരക്തത്തിനു മോചനം തരുവാൻ കഴിയാത്ത ഒരു പാപവും ഇല്ല. ആ പരിശുദ്ധ രക്തത്തിനു സൗഖ്യം തരുവാൻ കഴിയാത്ത ഒരു രോഗവും ഉള്ളവരായി ആരും തന്നെ ഇല്ല. വിശ്വസിച്ച് നീ ദൈവമഹത്വം കാണുക.

അഞ്ച് : യേശു ദാരിദ്ര്യം വഹിച്ചു നമുക്ക് സമൃദ്ധി തന്നു. The exchange from poverty to richness.

> "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ"
>
> 2 കൊരിന്ത്യർ : 8:9

നമ്മുടെ ദാരിദ്യം അവൻ ഏറ്റെടുത്തു, പകരം അവന്റെ സമ്പത്തു നമുക്കു തന്നു. ഈ സമ്പത്ത് ദൈവീക കൃപയുടെ അടിസ്ഥാനത്തിലുള്ള ഒരു കൈമാറ്റമാണ്. നമ്മുടെ സമാധാനത്തിന്റെ ദാരിദ്ര്യം, സ്നേഹത്തിന്റെ ദാരിദ്ര്യം, ഐക്യതയുടെ ദാരിദ്ര്യം ഇവയൊക്കെയും ക്രിസ്തുവിന് നമ്മിൽ ഇടം കൊടുത്താൽ നീങ്ങിപ്പോകും. പകയും വിദ്വേഷവും വെറുപ്പും കൊണ്ട് വറ്റിവരണ്ടുപോയ ജീവിതത്തെ യേശുവിൻ കരങ്ങളിൽ വച്ചുകൊടുക്കൂ. അമർത്തിക്കുലുക്കി കവിയുന്ന നല്ലോരളവു സമാധാനം കൊണ്ടും സ്നേഹം കൊണ്ടും അവൻ നിറച്ചു തരും. ദരിദ്രനെ സമ്പന്നനാക്കുന്ന ദൈവകൃപ എത്ര ശ്രേഷ്ഠമാണ്.

യേശുക്രിസ്തു അപമാനം സഹിച്ച സ്ഥാനത്ത് ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യമഹത്വം നൽകുകയാണ് ദൈവത്തിന്റെ പദ്ധതി. ജീവിതത്തിലെ കൈപ്പിനെ വലിച്ചെടുത്ത് പകരം മധുരം തരുന്ന വെട്ടപ്പെട്ട മരക്കൊമ്പാണ് ക്രൂശ്. ജീവിതത്തിൽ നിന്നും ശാപദോഷങ്ങൾ

മുറിച്ചുമാറ്റി സ്വർഗ്ഗീയ നന്മകളാൽ നിറയ്ക്കുന്ന രംഗമാണ് കാൽവരിക്രൂശ്.

രക്ഷകനായ കർത്താവ് ക്രൂശിൽ ചെയ്ത ശ്രേഷ്ഠകരമായ കാര്യങ്ങൾ നമുക്കു നോക്കാം.

- യേശു ശിക്ഷയേറ്റു, നമുക്കു രക്ഷ തന്നു
- യേശു മുറിവേറ്റു, നമുക്ക് സൗഖ്യം തന്നു
- യേശു പാപമാക്കപ്പെട്ടു, നമുക്ക് നീതി ലഭിച്ചു.
- യേശു ജീവൻ വെടിഞ്ഞു, നമുക്കു നിത്യജീവൻ ലഭിച്ചു
- യേശു കൈവിടപ്പെട്ടു, നാം കൈകൊള്ളപ്പെട്ടു.
- യേശു ശാപമാക്കപ്പെട്ടു, നാം അനുഗ്രഹിക്കപ്പെട്ടു.
- യേശു നിന്ദിക്കപ്പെട്ടു, നാം മാനിക്കപ്പെട്ടു.
- യേശു ദരിദ്രനാക്കപ്പെട്ടു, നാം സമ്പന്നരാക്കപ്പെട്ടു.

ഈ വലിയ സ്നേഹം എത്ര അവർണ്ണനീയം! ഈ രക്ഷ എത്ര മഹത്വമേറിയത്! ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?

ഈ രക്ഷ സ്വന്തമാക്കാൻ കുടുംബ ജീവിതം ഉപേക്ഷിക്കേണ്ട; നിന്റെ ജോലി രാജി വയ്ക്കണ്ട, നിന്റെ പണം കൊടുക്കണ്ട, നിന്റെ സമ്പത്ത് ഉപേക്ഷിക്കണ്ട, എന്നാൽ ഒന്നു മാത്രം മതി നിന്റെ പാപം ഉപേക്ഷിക്കുക. പാപവഴികൾ വിട്ടോടുക. എന്നാൽ ഈ രക്ഷ വിശ്വാസത്താൽ നിനക്കു സ്വന്തമാക്കാം. ഇപ്പോൾ തന്നെ ക്രൂശിൽ നിവർത്തിച്ച ദൈവീക കൈമാറ്റത്തിന്റെ അനുഗൃഹങ്ങൾ നിനക്കു

നേടിയെടുക്കാം.

അതിനായി സഹോദരാ, സഹോദരീ, നീ ക്രൂശിൻ ചുവട്ടിലേക്കു അടുത്തുവരിക. അതിനു നീ കാൽവരിവരെ യാത്ര ചെയ്യണ്ടാ. നീ ആയിരിക്കുന്ന രംഗത്തു നീ മുട്ടുകുത്തുക. യേശു നിന്റെ അരികിലേക്ക് ഇറങ്ങിവരും. ദൈവപൈതലേ, നിന്റെ പാപവും, മരണവും, രോഗവും, ശാപവും ദാരിദ്ര്യവും എല്ലാം കർത്താവിന്റെ കാൽക്കൽ വെക്കുക. അവനിൽ നിന്നു സൗജന്യമായി നീതീകരണവും നിത്യജീവനും സൗഖ്യവും അനുഗ്രഹവും സ്വർഗ്ഗീയ സമ്പത്തും നീ ഏറ്റു വാങ്ങുക. പുതിയ ജീവിതം തുടങ്ങുക. നിറഞ്ഞ നന്ദിയോടെ അവനെ ആരാധിച്ചാരാധിച്ച് ആമോദത്തോടെ ദൈവ നാമത്തെ മഹത്വപ്പെടുത്തി ജീവിക്കുക.

## എട്ട്

## നല്ല ഇടയൻ (23-ാം സങ്കീർത്തനം)

“യഹോവ എന്റെ ഇടയനാകുന്നു, എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു, സ്വസ്ഥതയുള്ള വെള്ളത്തി ന്നരികത്തേക്ക് എന്നെ നടത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു, തിരുനാമം നിമിത്തം എന്നെ നീതി പാതകളിൽ നടത്തുന്നു. കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല, നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ. നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു.

എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു. എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു. നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും, ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും”

സങ്കീർത്തനങ്ങൾ 23: 1–6

കേവലം ആറു വാക്യങ്ങൾ മാത്രം അടങ്ങിയ ഈ സങ്കീർത്തനം അതിമനോഹരവും അർത്ഥസംപുഷ്ടവും ആണ്. സ്വർഗ്ഗീയ ഇടയനെ ആധാരമാക്കിയുള്ള ഈ കീർത്തനം യിസ്രായേലിന്റെ മധുര ഗായകനായ ദാവീദ് അന്നു രുചിച്ചറിഞ്ഞ് പാടി. പിൻ തലമുറകൾ കാലാകാലങ്ങളിൽ അതേറ്റുപാടി ആശ്വാസം കൊണ്ടു. ഈ തലമുറയിൽ ജീവിക്കുന്ന നാമും ഈ കീർത്തനം പാടി നല്ല ഇടയന്റെ സാന്ത്വനവും തലോടലും പ്രാപിക്കുന്നു.

ജീവിതത്തിനും മരണത്തിനും ഇടയ്ക്കുള്ള നൂറ്റമ്പതു പടികളാണ് നൂറ്റമ്പത് സങ്കീർത്തനങ്ങൾ. അതിൽ ഏറ്റവും ഹൃദയാവർജ്ജകമായ ഒന്നാണ് ഇരുപത്തി മൂന്നാം സങ്കീർത്തനം. ഒരു വിധത്തിൽ ഈ സങ്കീർത്തനം ഒരു ചെറു വേദപുസ്തകമാണ്.

ഇത് സങ്കീർത്തനങ്ങളുടെ റാണിയാണ്, ദാവീദിന്റെ സ്വർഗ്ഗീയ ഇടയഗീതമാണ്. ജീവിത നൈരാശ്യത്തിൽ വറ്റിവരണ്ടുപോയ അനേക കോടികൾക്കു ഈ ഗീതം ശാന്തിമന്ത്രം തന്നെയാണ്. ദൈവാശ്രയത്തിന്റെ മഹത്വത്തെ ഇതു ഉയർത്തിക്കാട്ടുന്നു.

ഗോഡ്സ് സൈക്കിയാട്രി – God's Psychiatry എന്ന ഗ്രന്ഥത്തിൽ ഡോ. ചാൾസ് എൻ അല്ലൻ - Dr. Charles N. Allen - തന്നെ സമീപിച്ച ഒരു മാനസിക രോഗിക്കു ചികിത്സാവിധി നിർണ്ണയിച്ചത് ഇരുപത്തിമൂന്നാം സങ്കീർത്തനം ദിവസം അഞ്ചു നേരം വായിച്ചു ധ്യാനിക്കണമെന്നതായിരുന്നു.

യഹോവയായ ദൈവത്തെ നല്ല ഇടയനോടു ഉപമിച്ചാണ് ഈ സങ്കീർത്തനത്തിൽ വർണ്ണിച്ചിരിക്കുന്നത്. എന്നാൽ പുതിയ നിയമത്തിലാകട്ടെ ക്രിസ്തുവാണ് ഈ നല്ല ഇടയൻ. കർത്താവിനെ ഒരു ഇടയനോടും മനുഷ്യനെ ആടിനോടും സങ്കീർത്തനക്കാരൻ ഉപമിച്ചിരിക്കുന്നു.

നേർവഴികാട്ടി നടത്തുവാനും, മുട്ടു കൂടാതെ സമൃദ്ധിയിൽ പോറ്റിപുലർത്തുവാനും, തൈലക്കൊമ്പിനാൽ അഭിഷേകം ചെയ്തു അനുഗ്രഹിക്കുവാനും ഈ ലോകജീവിതകാലത്ത് നമുക്ക് ഒരു നല്ല ഇടയൻ ആവശ്യമാണ്. ആ നല്ല ഇടയനെയാണ് നാം ഇവിടെ കണ്ടുമുട്ടുന്നത്. പൊതുവായി ബാധിക്കുന്ന ചില കാര്യങ്ങൾ പൊതുവിൽ പ്രസ്താവിക്കുന്ന അനുഭവമല്ല ഇതിന്റെ ഉള്ളടക്കം. മറിച്ച് ദൈവമായ കർത്താവിനെ ആട്ടിടയനായ ദാവീദ് സ്വന്ത ഇടയനായി അനുഭവിക്കുന്ന സാക്ഷ്യമത്രെ ഈ സങ്കീർത്തനം.

ബഹുവചന പ്രസ്താവനകളെ തീർത്തും ഇവിടെ അവഗണിച്ചിരിക്കയാണ്. എന്റെ, എനിക്ക്, ഞാൻ എന്നിങ്ങനെ വ്യക്തിപരമായി ബാധിക്കുന്ന പ്രയോഗങ്ങൾ പതിന്നാലു പ്രാവശ്യം ഈ സങ്കീർത്തനത്തിൽ കാണുന്നുണ്ട്. This is an

affirmation of relationship. ഒരു വിശ്വാസിക്ക് ക്രിസ്തുവിനോട് ഉണ്ടായിരിക്കേണ്ടതായ ആത്മബന്ധം, വ്യക്തിപരമായ കൂട്ടായ്മ ഈ സങ്കീർത്തനത്തിൽ മനോഹരമായി വിവരിച്ചിരിക്കുന്നു.

ദൈവം ലോകത്തെ സ്നേഹിച്ചു എന്നതിലുപരി എന്നെ സ്നേഹിച്ചു എന്നു കണ്ടെത്തുകയും രുചിച്ചറിയുകയും ചെയ്യുന്നതാണ് ക്രിസ്തീയ ജീവിത സാക്ഷ്യം.

ഉമിത്തീ പോലെ നീറി നീറി പുകയുന്ന അനേകം ഹൃദയങ്ങൾക്കു സ്വസ്ഥത നല്കി നവ ചൈതന്യം പകരുവാൻ ഈ സങ്കീർത്തനം മുഖാന്തരമായിട്ടുണ്ട്. കേവലം ചെറുതെങ്കിലും അനേകായിരങ്ങളെ ആകർഷിച്ച് രൂപാന്തരപ്പെടുത്തിയിട്ടുള്ള മഹത്ഗീതമാണ് ഇത്.

യേശുക്രിസ്തു ലോകരക്ഷിതാവ് എന്ന തത്വത്തെക്കാൾ എന്റെ സ്വന്തം രക്ഷിതാവ് എന്ന അനുഭവത്തിനു ഒരു പ്രത്യേക മാധുര്യം ഉണ്ട്. യഥാർത്ഥ ക്രിസ്ത്യാനിത്വം താത്വിക പ്രസ്താവനകളുടെ കൂമ്പാരമല്ല, പ്രത്യുത അനുഭവങ്ങളുടെ ആരോമൽ ഗീതങ്ങളാണ്.

ഇരുപത്തിമൂന്നാം സങ്കീർത്തനത്തിന്റെ അതുല്യമായ വശ്യതയെ സംബന്ധിച്ച് സുപ്രസിദ്ധ ബൈബിൾ കമന്ററായ ഡോ. വില്യം ബാർക്കളെ - Dr. William Barkley – ഒരു സംഭവകഥ വിവരിക്കുന്നത്:

എൺപതു വയസ്സായ ഒരു വല്യപ്പച്ചന്റെ ജന്മദിനം ആഘോഷിക്കുവാൻ കൊച്ചുമക്കൾ ഒന്നിച്ചു കൂടി. സന്തോഷാധിക്യത്താൽ ഇരുപത്തിമൂന്നാം സങ്കീർത്തനം അവർ ഒരു നാടകരൂപത്തിൽ അവതരിപ്പിച്ചു, എല്ലാവർക്കും

വളരെ ഇഷ്ടപ്പെട്ടു.

അഭിനയം കഴിഞ്ഞ ഉടനെ ഇരുപത്തിമൂന്നാം സങ്കീർത്തനം ഒന്നു തന്നെത്താൻ വായിക്കുവാനുള്ള ആഗ്രഹം വല്യപ്പച്ചൻ പ്രകടിപ്പിച്ചു. ആ പിതാവ് ഗദ്ഗദ സ്വരത്തിൽ നല്ല ഇടയനെ സ്വന്തം ജീവിതത്തിൽ വ്യക്തിപരമായി അനുഭവിച്ചുകൊണ്ട് ആ സങ്കീർത്തനം ആലപിച്ചു. കേട്ടിരുന്ന എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. അഭിനയിച്ചു കാണിച്ച കുട്ടികൾ പറഞ്ഞു. "ഞങ്ങൾക്കു ഇരുപത്തിമൂന്നാം സങ്കീർത്തനം അഭിനയിച്ചു കാണിക്കാനറിയാം; ഞങ്ങളുടെ വല്യപ്പച്ചൻ ഇതിലെ നല്ല ഇടയനെ സ്വന്തമായി അനുഭവിച്ച് അറിയുന്നു" എന്ന്.

ഒരു സൺണ്ടേ സ്ക്കൂൾ അദ്ധ്യാപകൻ കുട്ടികളെ ഇടയസങ്കീർത്തനം പഠിപ്പിക്കുകയായിരുന്നു. യഹോവ എന്റെ ഇടയനാകുന്നു എന്നു അനുഭവമുള്ളവർ ഇടതു കയ്യിലെ മോതിരവിരലിൽ വലതു കൈകൊണ്ട് മുറുകെ പിടിച്ച് സ്വന്ത അനുഭവം ഉറക്കെ സാക്ഷിക്കുവാൻ ആവശ്യപ്പെട്ടു. കുട്ടികൾ പലരും അപ്രകാരം ചെയ്തു.

ചില നാളുകൾക്കു ശേഷം അതിൽ ഒരു കുട്ടി ആകസ്കമികമായി മരണമടയാൻ ഇടയായി. മരണക്കിടക്കയിൽ ആ കുട്ടി മോതിരവിരലിൽ മുറുകെ പിടിച്ചിരിക്കുന്നതായി കണ്ടെത്തി. യഹോവ എന്റെ ഇടയനാകുന്നു എന്ന പ്രത്യാശയോടെ നല്ല ഇടയനായ യേശുവിന്റെ ആണിപ്പഴുതുള്ള കരത്തിൽ മുറുകെ പിടിച്ചു കൊണ്ട് സ്വർഗ്ഗസീയോനിലേക്ക് ആ ബാലൻ പറന്നു പോയി.

''ഏകസത്യദൈവമായ നിന്നെയും നീ

അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു"

യോഹന്നാൻ : 17:3

ക്രിസ്തുവിനെ അറിയുക എന്നുള്ളതായിരുന്നു പൗലോസ് ശ്ലീഹായുടെ ജീവിതോദ്ദേശം. യേശുവിനെ അറിയുക എന്നത് യേശുവിനെ സംബന്ധിച്ച ചില സത്യങ്ങൾ ഗ്രഹിക്കുന്നതും, ചില വസ്തുതകൾ മനസ്സിലാക്കുന്നതും അല്ല. "യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ" എന്നു സ്വന്തം അനുഭവം പാടിയ ദാവീദിന്റെ യഥാർത്ഥ അനുഭവസമ്പത്ത് നാം പ്രാപിക്കണം.

പഞ്ചസാരയുടെ രാസഘടനയെക്കുറിച്ചുള്ള അറിവ് നമുക്ക് അല്പം പോലും മധുരം പ്രദാനം ചെയ്യുന്നില്ല. എന്നാൽ ഒരു തരി പഞ്ചസാര നാവിലിട്ടാൽ അതിന്റെ മധുരം നമുക്ക് അനുഭവവേദ്യമാകും, ഇതുപോലെ യഹോവ നല്ലവനെന്നു രുചിച്ചറിയുന്ന വ്യക്തിജീവിതത്തിലെ അനുഭവ പരമ്പരകളാണ് ക്രിസ്തീയ ജീവിതത്തിന്റെ മാധുര്യം.

'യേശുവിനെ അറിയുക' എന്നാൽ അവന്റെ സ്വഭാവ ത്തോട് നാം അനുരൂപരാകുക എന്നതാണ് നാം അർത്ഥ മാക്കേണ്ടത്. യേശു എങ്ങനെയുള്ളവൻ എന്നു ലോകം അറിയേണ്ടത് നമ്മെ നോക്കിയാണ്. സമൂഹം യേശുവിനെ വായിക്കുന്ന പത്രമായി ക്രിസ്ത്യാനികൾ ജീവിക്കേണ്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ യേശുവിന്റെ സ്വഭാവം പ്രാപിക്കുന്ന താണ് 'യേശുവിനെ അറിയുക' എന്ന അനുഭവം.

ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളോ സ്ഥാനമാന

ങ്ങളോ പദവികളോ അല്ല ഒരുവനെ ആത്മീയനാക്കുന്നത്, ആത്മീയതയുടെ അളവുകോൽ സ്നേഹബന്ധങ്ങളാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും. ഈ കാര്യം കർത്താവു വളരെ ഗൗരവത്തോടെ വിശദമാക്കുന്ന ഒരു വേദഭാഗം നമുക്ക് പരിശോധിക്കാം.

> "……...നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം, ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം; കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം"
>
> മത്തായി. 22:37–39

ഒരു പരീശൻ കർത്താവിനെ പരീക്ഷിച്ച് ചോദിച്ചു: "ന്യായ പ്രമാണത്തിലെ ഏതു കല്പനയാണ് വലിയത്"? അതിന്നു യേശു പറഞ്ഞ ഉത്തരമാണ് നാം ഇപ്പോൾ വായിച്ചത്. ഇതു പറഞ്ഞതിനുശേഷം കർത്താവു ചെയ്ത ശ്രദ്ധേയമായ ഒരു പ്രസ്താവന, ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നാണ്. വേദപുസ്തകം മുഴുവൻ ഈ രണ്ടു സ്നേഹബന്ധങ്ങളെ കേന്ദ്രീകരിച്ചു സ്ഥിതി ചെയ്യുന്നു എന്നതാണ് കർത്താവു പറഞ്ഞതിന്റെ പൊരുൾ. ഈ രൂചിക്കുന്ന സ്നേഹമാണ് സാക്ഷാൽ അറിവ്.

ഫുൾട്ടൺ ജെ. ഷീൻ ഒരിക്കൽ പറഞ്ഞു. നിങ്ങൾ

ക്രിസ്തുവിനെ അറിയുന്നു എങ്കിൽ മറ്റൊന്നും നിങ്ങൾക്കറിഞ്ഞു കൂടാ എന്നതു നിസ്സാരകാര്യമാണ്. എന്നാൽ ക്രിസ്തുവിനെ അറിയുന്നില്ല എങ്കിൽ മറ്റെല്ലാം നിങ്ങൾ അറിയുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നും ഇല്ല. സ്നേഹമാണ് ഈ അറിവിന്റെ അടിസ്ഥാനം.

ക്രിസ്തുവിനെ ക്രൂശിൽ താങ്ങി നിർത്തിയത്, യഹൂദന്മാർ അടിച്ചു കയറ്റിയ മൂന്നു ആണികളല്ലാ, പ്രത്യുത പാപിയോടുള്ള സ്നേഹമാണ്.

നമ്മെ സ്നേഹിച്ചതിനു നാം തിരിച്ചു പകരം നൽകേണ്ടത് സ്നേഹമാണ്. സ്നേഹം സ്നേഹം കൊണ്ടു മാത്രമേ തൃപ്തിപ്പെടുകയുള്ളൂ. സ്നേഹം ഒരേ ദിശയിൽ മാത്രമായി വ്യാപരിക്കുന്നില്ല. Love is not a one way traffic. വേദ പുസ്തകത്തിൽ ദൈവജനത്തെ ആടുകളായും ക്രിസ്തുവിനെ നല്ല ഇടയനായും ചിത്രീകരിച്ചിരിക്കുന്നു. ഈ സങ്കീർ ത്തനത്തിലെ മുഖ്യ പ്രതിപാദ്യ വിഷയം നല്ല ഇടയനായ യേശു ആണ്. അജഗണമായ മനുഷ്യർക്കു വേണ്ടിയാണ് അവൻ ലോകത്തിൽ അവതരിച്ചത്.

നല്ല ഇടയൻ ആടുകളെ പേർ ചൊല്ലി വിളിക്കുന്നു. നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുന്നതു വരെയും അന്വേഷിക്കുന്നു. രോഗമുള്ളതിനെ എണ്ണ പൂശി സൗഖ്യമാക്കുന്നു. ബലഹീനതയുള്ളതിനെ തോളിലേറ്റി നടക്കുന്നു. ഈ നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.

> "............. ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു, തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടു

പോകുന്നു....ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു"

യോഹന്നാൻ : 10:3–4

നല്ല ഇടയൻ ആടുകളെ അറിയുന്നു ആടുകൾ അവനെ അനുഗമിക്കുന്നു. യേശുക്രിസ്തു നമ്മെ ഓരോരുത്തരേയും വ്യക്തിപരമായി അറിയുന്നു എന്നുള്ളത് എത്രയോ ആശ്വാസകരമാണ്. നമ്മുടെ പ്രശ്നങ്ങൾ യേശു അറിയുന്നു. നമ്മുടെ നെടുവീർപ്പുകൾ യേശു അറിയുന്നു. നമ്മുടെ രോഗങ്ങൾ യേശു അറിയുന്നു. എന്തിനു, നമ്മുടെ തലയിലെ തലമുടിനാരിഴകളുടെ എണ്ണവും യേശു അറിയുന്നു. ലോകപ്രകാരം നാം അവഗണിക്കപ്പെട്ടവരോ നിന്ദിക്കപ്പെട്ടവരോ ആകാം. എന്നാൽ നല്ല ഇടയനായ യേശു നമ്മെ പെറ്റ തള്ളയെക്കാൾ ഉപരിയായി സ്നേഹിച്ചു പരിപാലിക്കുന്നു.

"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടു കൊൾവിൻ"

1 പത്രൊസ്. 5:7

ഇടയന്റെ സാന്നിദ്ധ്യത്തിൽ ആടുകൾക്കു നിറഞ്ഞ സംതൃപ്തിയും തികഞ്ഞ സുരക്ഷിത ബോധവും ഉണ്ട്. ഇടയൻ സ്നേഹിക്കുന്നു, ഇടയൻ കരുതുന്നു എന്നത് അവ ഓരോന്നിന്റെയു അനുഭവം ആണ്. ഇടയൻ കൂടെ ഉണ്ടെങ്കിൽ ഭയപ്പാടിനോ, ആശങ്കയ്ക്കോ അല്പം പോലും ഇടമില്ല. ക്രിസ്തു ആകുന്ന നല്ല ഇടയൻ കൂടെ ഉണ്ടെങ്കിൽ, ഏതു വിശ്വാസിയുടെ അവസ്ഥയും ഇതു തന്നെയാണ്. അന്ധകാര

മേടുകളിൽ വലഞ്ഞുഴലുമ്പോൾ അവൻ പ്രകാശമാണ്. ജീവിത യാത്രയിൽ അവൻ നല്ല സഖിയാണ്. നല്ല ഇടയനായ യേശുവിനോടുള്ള സ്നേഹത്തിൽ നാം എന്നുമെന്നും ജ്വലിച്ചു നിൽക്കണം.

കാണാതെ പോയ ആടിനെ അന്വേഷിച്ച് അവൻ കാൽവരി ക്രൂശുവരെ ചെന്നു. ഇന്നും അവന്റെ പൊന്നു പാദങ്ങൾ ലോകത്തിന്റെ അഞ്ചു വൻ കരയിലും നടന്നു നീങ്ങുന്നുണ്ട്. വഴിതെറ്റി പോയവർ തിരിച്ചു വരുന്നതു കാത്തിരിക്കുക മാത്രമല്ല, അവരെ കണ്ടുകിട്ടുന്നതുവരെ അന്വേഷിച്ചു അലയുകയും ചെയ്യുന്നു.

വി. ലൂക്കോസ് എഴുതിയ സുവിശേഷം 15–ാം അദ്ധ്യായം 4 മുതൽ 7 വരെ വാക്യങ്ങളിൽ കർത്താവു പറഞ്ഞ ഉപമയിൽ 100 ആടുകളുള്ള ഇടയന്റെ ഒരെണ്ണം കാണാതെ പോയപ്പോൾ, ഒന്നല്ലെ കാണാതെ പോയുള്ളൂ ബാക്കി 99 –ം ഉണ്ടല്ലൊ; സാരമില്ല, എന്നല്ല ഇടയൻ കരുതിയത്. 99നേയും വിട്ടേച്ചു കാണാതെ പോയതിനെ കണ്ടെത്തും വരെ അന്വേഷിച്ചു ചെന്നു. ചുമലിൽ എടുത്തു തിരികെ കൊണ്ടുവന്നു.

നാം ഓരോരുത്തരും കർത്താവിന് വിലയേറിയവരാകുന്നു. പ്രിയ ദൈവപൈതലേ, നിന്നെ ആർക്കും വിലയില്ലെങ്കിലും നല്ല ഇടയനു നീ മാന്യനും വിലയേറിയവനുമാണ്. ഇടയനെ കൂടാതെ കാട്ടിൽ അലഞ്ഞു നടന്നപ്പോൾ ഉണ്ടായ മുറിവുകളെ കെട്ടുകയും എണ്ണയും വീഞ്ഞും പകർന്നു ആശ്വസിപ്പിക്കുകയും ചെയ്യുന്നവനാണ് ഇടയൻ. ദീനം പിടിച്ചതിനെ ഇടയൻ ചികിത്സിക്കുന്നു. നല്ല വൈദ്യനായ യേശുവിനു സൗഖ്യമാക്കുവാൻ കഴിയാത്ത ആത്മീകമോ ശാരീരികമോ ആയ ഒരു രോഗവും നമുക്കില്ല.

യേശുക്രിസ്തു ആടുകളുടെ വാതിൽ ആകുന്നു. ഞാൻ വാതിൽ ആകുന്നു എന്നു ക്രിസ്തു ഒരിക്കൽ അരുളിച്ചെയ്തു. സ്വർഗ്ഗരാജ്യത്തിലേക്ക് പല വാതിലുകൾ ഇല്ല. ഏക വാതിൽ ആകുന്ന ക്രിസ്തുവിലൂടെ പ്രവേശിക്കുന്നവർ മാത്രമേ സ്വർഗ്ഗ സോപാനത്തിൽ എത്തുകയുള്ളൂ. മനുഷ്യന്റെ രക്ഷയ്ക്കുള്ള ഏക മാർഗ്ഗം തലയോടിടം എന്നു പേരുള്ള മലമുകളിൽ രണ്ടു കള്ളന്മാരുടെ നടുവിൽ മുൾക്കിരീടധാരിയായി, മൂന്നാണിമേൽ മരക്കുരിശിൽ തൂക്കപ്പെട്ടവനായ ക്രിസ്തുവത്രേ!

കർത്താവിന്റെ ചില അരുളപ്പാടുകൾ നമുക്ക് പരിശോധിക്കാം.

> "യേശു അവനോടു : എന്റെ ആടുകളെ മേയ്ക്ക"
>
> യോഹന്നാൻ : 21:18
>
> "..............ആട്ടിൻ കൂട്ടത്തിനു മാതൃകകളായിത്തീർന്നു കൊണ്ടും അദ്ധ്യക്ഷത ചെയ്വിൻ"
>
> 1 പത്രൊസ് : 5:3
>
> "എന്നാൽ ഇടയ ശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും"
>
> 1 പത്രൊസ് : 5: 4

എന്റെ ആടുകളെ മേയ്ക്ക എന്നു പറഞ്ഞു കൊണ്ട് കർത്താവ് പത്രൊസിനെ ആടുകളുടെ ഇടയ സ്ഥാനത്തേക്ക്

ഉയർത്തി. യേശുവിനെ അനുഗമിക്കുന്ന ശിഷ്യർ ഓരോരുത്തരും യേശുവിന്റെ അജഗണത്തെ പാലിക്കുന്നവരായിരിക്കണം. അതിനു യേശുവിന്റെ ഹൃദയ വിശുദ്ധിയും ഭാവവും ഉൾക്കൊണ്ട് നാം പുതിയ സൃഷ്ടിയായി രൂപാന്തരം പ്രാപിക്കണം. യേശുവിന്റെ മനസ്സ് അഥവാ ഹൃദയം പ്രാപിച്ചാലേ യേശുവിന്റെ ഹിതപ്രകാരം അജഗണങ്ങളെ നയിക്കാൻ കഴിയൂ. മാത്രമല്ല ആട്ടിൻ കൂട്ടത്തിനു മാതൃകയായിത്തീർന്നു കൊണ്ട് അദ്ധ്യക്ഷത ചെയ്യുക കൂടി വേണം. എങ്കിൽ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും.

> "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്, അവയെയും ഞാൻ നടത്തേണ്ടതാകുന്നു........."
>
> യോഹന്നാൻ : 10 : 16

ഇന്ന് നല്ല ഇടയന്റെ ശബ്ദം തിരിച്ചറിയാത്ത, രക്ഷകനെക്കുറിച്ച് കേട്ടിട്ടു പോലുമില്ലാത്ത അനേകം ആടുകൾ ആലയുടെ വെളിയിൽ നിൽക്കുന്നുണ്ട്. ജന ലക്ഷങ്ങൾ വഴിയറിയാതെ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അവരെയും ഈ നല്ല ഇടയന്റെ അടുക്കൽ എത്തിക്കാൻ സേവനസന്നദ്ധതയോടെ നമുക്കും പുറപ്പെടാം.

ക്രൈസ്തവ സഭകൾ തമ്മിൽ ആചാരാനുഷ്ഠാനങ്ങളിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. എന്നാൽ ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിൽ കൂടിയുള്ള രക്ഷ എന്ന കാതലായ ആശയത്തിൽ എല്ലാവരും ഒരു പോലെ ഉറച്ചു നിൽക്കുന്നു.

നല്ല ഇടയനായ ക്രിസ്തു മുഖാന്തരം സകല വിശ്വാസികളും ഒരു ആട്ടിൻതൊഴുത്തിൽ ചെന്നെത്തുന്നു. സ്വർഗ്ഗം ഒന്നു മാത്രം. കുഞ്ഞാടിന്റെ രക്തത്താൽ അങ്കി അലക്കി വെളുപ്പിച്ച വിശുദ്ധൻമാരെല്ലാം അവിടെ ചെന്നു ചേരും. അവിടെ ഭൂമിയിലെ സഭാവിഭാഗങ്ങൾക്കൊന്നും ഒരു പ്രസക്തിയുമില്ല.

> "നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു, ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായ വങ്കലേക്കു മടങ്ങി വന്നിരിക്കുന്നു"
>
> 1 പത്രൊാസ് : 2: 25

ഇതു വായിക്കുന്നവർ ആരെങ്കിലും യേശുക്രിസ്തു വാകുന്ന നല്ല ഇടയനെ വിട്ട് ലോകത്തിലേക്ക് ഇറങ്ങി പ്പോയിട്ടുണ്ടെങ്കിൽ, അവന്റെ വിളികേട്ട്, അതിവേഗം മടങ്ങിവരുവാൻ ബുദ്ധി പറഞ്ഞു തരികയാണ്.

കാണാതെ പോയ ആടായ മനുഷ്യനെ കണ്ടെത്തി യഥാ സ്ഥാനപ്പെടുത്തുന്നതിനാണ് യേശുക്രിസ്തു ഒരു ഇടയനായി ഈ ലോകത്തിൽ അവതരിച്ചത്.

> "വിട്ടു പോരുവിൻ, അവിടെ നിന്നു പുറപ്പെട്ടു പോരുവിൻ, അശുദ്ധമായതൊന്നും തൊടരുത്, അതിന്റെ നടുവിൽ നിന്നു പുറപ്പെട്ടു പോരുവിൻ"
>
> യെശയ്യാവു : 52 : 11

ഇടയ ശ്രേഷ്ഠൻ പ്രത്യക്ഷപ്പെടാറായി. വലിയ ഇടയനായ ക്രിസ്തുവിന്റെ പുനരാഗമനത്തിങ്കൽ തന്റെ പ്രഭാവത്തി

ന്റെയും ബഹുമതിയുടെയും അനശ്വരതേജസ്സിന്റെ വാടാത്ത കിരീടം പ്രതിഫലമായി ലഭിക്കാറായി.

യേശുവിനു മൂന്നു ഇടയസ്ഥാനങ്ങളാണുള്ളത്.

ഒന്ന് : നല്ല ഇടയൻ – യോഹന്നാൻ : 10 : 11
ബേത്‌ലഹേം മുതൽ കാൽവറി വരെ

രണ്ട് : വലിയ ഇടയൻ – എബ്രായർ : 13:20
പുനരുത്ഥാനം മുതൽ പുനരാഗമനം വരെ

മൂന്ന് : ശ്രേഷ്ഠ ഇടയൻ – 1 പത്രൊസ് : 5: 4
മടങ്ങി വരുന്ന ഇടയൻ

യഹോവ ഇടയനായിരിക്കുന്ന ജനം ഭാഗ്യമുള്ളത്. മകനെ, ഇടയനായ യേശു നിന്നോടു കൂടെയുള്ളതിനാൽ ഒരനർത്ഥവും ഭയപ്പെടേണ്ടതില്ല. ധൈര്യപ്പെടുക, ഉറച്ചുനില്ക്ക. കർത്താവു നമ്മുടെ ഇടയൻ മാത്രമല്ല, വിശ്വസ്ഥനായ രക്ഷകൻ കൂടിയാണ്.

സഹോദരാ, സഹോദരീ, ഇന്നു നീ പരിഭ്രമത്തോടും ഭയത്തോടും, ആകുലചിന്തയോടും കൂടി കഴിയുകയാണോ? ചിന്തിച്ചു നോക്കൂ – യഹോവ നിന്റെ ഇടയനാണോ? ഇല്ലെങ്കിൽ അതിവേഗം ഈ നല്ല ഇടയനുമായി ഒരു സ്നേഹബന്ധത്തിലേക്കു വരൂ.

യേശു നിന്നെ പേർ ചൊല്ലി വിളിക്കുന്നു. മടങ്ങി വരിക, ശൂനേം കാരത്തി മടങ്ങിവരിക. നിന്നെ ഒരു നാളും കൈവിടാത്തവൻ, എല്ലാ നാളും കൂടെയിരിക്കുന്നവൻ, പെറ്റ തള്ള മറന്നാലും മറക്കാത്തവൻ, നരക്കുവോളം

ചുമക്കുന്നവൻ, നിന്നെ വാലല്ല തലയാക്കാമെന്ന് വാക്കു തന്നവൻ, മകനെ – മകളെ നിന്നെ ഓമനപ്പേർ ചൊല്ലി വിളിക്കുന്ന ഈ നല്ല സമയം പാഴാക്കിക്കളയരുതേ!

നല്ല ഇടയന്റെ അരികിലേക്കു ഓടി വരിക, പാപമോചനത്തിന്റെ സൗഖ്യം അനുഭവിക്കുക, സ്വർഗ്ഗീയ സന്തോഷവും സമാധാനവും സ്വന്തമാക്കിക്കൊൾക.

ഇടയ സങ്കീർത്തനത്തിലെ ആറു വാക്യങ്ങൾ ചിന്താവിഷയമാക്കിക്കൊണ്ടു അതിന്റെ ഉള്ളറകളിലേക്ക് ഒന്നെത്തി നോക്കാം.

**ഒന്ന് : "യഹോവ എന്റെ ഇടയനാകുന്നു എനിക്കു മുട്ടുണ്ടാകയില്ല"**

നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ കർത്താവായ യേശുവിനെ ഈ വാക്യത്തിൽ നാം കണ്ടുമുട്ടുന്നു. ഇടയൻ എന്ന വാക്ക് കർത്താവിനു നമ്മോടുള്ള സ്നേഹവും കരുതലും വ്യക്തമാക്കുന്നു.

ആട് ഒരു വന്യമൃഗമല്ല, വളർത്തു മൃഗമാണ്. ആട് ഒരു ബലഹീന ജീവിയാണ്, പ്രതിരോധ ശക്തിയില്ലാത്ത മൃഗമാണ്. എന്നാൽ ഇപ്രകാരമുള്ള ആടുകളുടെ സമ്പൂർണ്ണ പരിപാലകനായ കർത്താവിനെ ഈ സങ്കീർത്തനത്തിൽ നാം കണ്ടുമുട്ടുന്നു.

ഈ വാക്യത്തിലെ ഏറ്റവും മധുരമായ പ്രയോഗം "എന്റെ" എന്നുള്ളതാണ്. യഹോവ ഇടയനാകുന്നു എന്നല്ല, യഹോവ എന്റെ ഇടയനാകുന്നു എന്നാണ്. ഇത്

വ്യക്തിപരമായ ബന്ധത്തെയും അനുഭവത്തെയും കാണിക്കുന്നു. ചില കുഞ്ഞുങ്ങൾ അമ്മയെക്കുറിച്ച് പറയുമ്പോൾ "മോന്റെ മമ്മി" എന്നു വിശേഷിപ്പിക്കുന്നതു കേൾക്കാം. മമ്മി എന്നല്ല 'മോന്റെ' എന്നു കൂട്ടിച്ചേർത്താണ് പറയുന്നത്. കുട്ടിയുടെ സ്വന്തം മമ്മി എന്ന ബന്ധം സ്ഥാപിക്കുവാൻ ഉദ്ദേശിച്ചാണ് "മോന്റെ" എന്നു ചേർത്തു പറയുന്നത്.

അപ്രകാരം എന്റെ സ്വന്തം രക്ഷിതാവ്, എന്റെ സ്വന്തം ഇടയൻ എന്നു പറയത്തക്കവണ്ണം ആത്മനിഷ്ഠമായ അനുഭവമാണ് നമുക്ക് ആവശ്യം. നാം ഓരോരുത്തരും തന്റെ മേൽ കൈവച്ച് യേശു എന്റെ സ്വന്തം ഇടയൻ എന്നു പറയുന്നതു വരെ നമ്മെ സംബന്ധിച്ചിടത്തോളം കർത്താവു തൃപ്തനാകയില്ല.

എനിക്ക് ആരുണ്ട് ? എന്നെ ആരു സഹായിക്കും? എന്റെ ഭാവി എന്താകും ? – ഇതെല്ലാം നാം എപ്പോഴും കേൾക്കുന്ന നിരാശ മുറ്റിയ വാക്കുകളാണ്. എന്നാൽ യേശുവിനെ വ്യക്തിപരമായി അനുഭവിച്ചറിഞ്ഞവർ 'എനിക്കൊരു ഇടയനുണ്ട്, അതുകൊണ്ട് എനിക്കു മുട്ടുണ്ടാകയില്ല' എന്ന പ്രത്യാശയുള്ളവരായിരിക്കും. എനിക്കു ധാരാളം പണവും നല്ല ആരോഗ്യവും, നല്ല സ്വാധീനവും ഉള്ളതു കൊണ്ടല്ല, ഞാൻ യേശുവിന്റെ ആടായതുകൊണ്ട് എനിക്കൊന്നിനും മുട്ടുണ്ടാകയില്ല.

> "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട്
> ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തി
> നൊത്തവണ്ണം ക്രിസ്തു യേശുവിൽ പൂർണ്ണ

മായി തീർത്തു തരും”

ഫിലിപ്പിയർ : 4:19

ഹഡ്സൺ ടെയ്ലർ ഈ സങ്കീർത്തനത്തെപ്പറ്റി എഴുതിയിരിക്കുന്ന ശ്രദ്ധേയമായ ഭാഗം ഇങ്ങനെ സംഗ്രഹിക്കാം.

യഹോവ എന്റെ ഇടയനാകുന്നു. ഞായറാഴ്ച മാത്രമല്ല തിങ്കളാഴ്ചയും ചൊവ്വാഴ്ചയും ആഴ്ചയുടെ എല്ലാ ദിവസങ്ങളിലും അവൻ എന്റെ ഇടയനാകുന്നു. ജനുവരി മുതൽ ഡിസംബർ വരെ എല്ലാ മാസങ്ങളിലും യഹോവ എന്റെ ഇടയനാകുന്നു. സ്വദേശത്തും വിദേശത്തും അവൻ എന്റെ ഇടയനാകുന്നു. സമാധാനകാലത്തും യുദ്ധകാലത്തും, സമൃദ്ധിയിലും ദാരദ്ര്യത്തിലും യഹോവ എന്റെ ഇടയനാകുന്നു. ഈ ശബ്ദം ഒരു ദൈവ പൈതലിന്റെ വിശ്വാസത്തിന്റെ കാഹള ധ്വനിയാണ്.

അവൻ നമ്മുടെ ഇടയനാകയാൽ നാം അനാഥരല്ല. അവൻ നമ്മോടു കൂടെ ഇരുന്ന് നമ്മെ നടത്തുന്നു, പരിപാലിക്കുന്നു, സംരക്ഷിക്കുന്നു. ഈ നല്ല ഇടയനോടു ചേർന്നുള്ള നടപ്പാണ് ക്രിസ്തീയ ജീവിതം.

**രണ്ട് : “പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് എന്നെ നടത്തുന്നു”**

ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവത്തിന്റെ പരിപാലനം ഈ വാക്യത്തിൽ കാണുന്നു. ഇടയൻ ഈ ആടുകളെ പുൽപുറങ്ങളിലേക്ക് കൊണ്ടു പോകുന്ന കാഴ്ച

വളരെ മനോഹരം തന്നെ.

ഏതാണ് ഈ പച്ചയായ പുല്പുറം ? തിരുവെഴുത്തുകൾ തന്നെ. ആടുകൾക്കു പച്ചപ്പുൽ എന്നപോലെ വിശ്വാസിക്ക് തിരുവചനം പോഷകാഹാരമാണ്. ഇന്നു പല ഇടങ്ങളിലും വിഷം കലർന്നതും മായം ചേർന്നതുമായ വചനമാണ് പ്രഘോഷിക്കപ്പെടുന്നത്.

> ‘‘നല്ല മേച്ചൽപ്പുറത്ത് ഞാൻ അവയെ മേയിക്കും, യിസ്രായേലിന്റെ ഉയർന്ന മലകൾ അവെക്കു കിടപ്പിടം ആയിരിക്കും, അവിടെ അവ നല്ല കിടപ്പിടത്തു കിടക്കുകയും യിസ്രായേൽ മലകളിലെ പുഷ്ടിയുള്ള മേച്ചൽപുറത്തു മേയുകയും ചെയ്യും. ഞാൻ തന്നെ എന്റെ ആടുകളെ മേയിക്കയും കിടത്തുകയും ചെയ്യും...... ”
>
> യെഹസ്ക്കേൽ : 34 : 14, 15

കർത്താവായ യേശുക്രിസ്തു കാണാതെ പോയതിനെ അന്വേഷിക്കുകയും ചിതറിപ്പോയതിനെ തിരിച്ചു വരുത്തുകയും ഒടിഞ്ഞതിനെ മുറിവുകെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കുകയും ചെയ്യുന്നു.

ജീവന്റെ വചനം, ക്രൂശിന്റെ വചനം പാപിയുടെ മാനസാന്തരവും ദൈവനാമ മഹത്വവും മാത്രം ലാക്കാക്കി ഘോഷിക്കുന്ന ഇടങ്ങൾ തുലോം ചുരുക്കമാണ്.

സ്വസ്ഥതയുള്ള വെള്ളം അനന്തമായ ആത്മീയ ശാന്തതയെ കാണിക്കുന്നു. ആത്മാവു തരുന്ന ശാന്തതയും

സമാധാനവും ശാശ്വതമാണ്. അവൻ എന്നെ നടത്തുന്നു, കിടത്തുന്നു എന്നുള്ള പദപ്രയോഗങ്ങൾ എത്രയോ ശ്രദ്ധേയമാണ്.

ഒരു ശിശുവിനെ തൃപ്തനാക്കി കിടത്തുവാൻ കൊണ്ടുപോകുന്ന പെറ്റമ്മയെപ്പോലെ തന്റെ ആടുകളെ ലാളിച്ചു നടത്തുന്ന പൊന്നിടയൻ എത്ര നല്ലവനാണ്. അവനിൽ നമുക്ക് ഭക്ഷണം, വിശ്രമം, സംതൃപ്തി, സമാധാനം, പുതു ചൈതന്യം എന്നിവ എല്ലാമുണ്ട്.

സഹോദരാ, നിന്റെ ജീവിതത്തിൽ നീ ഇന്നു സംതൃപ്തനാണോ? സഹോദരീ, ക്രിസ്തു ഇന്നു നിന്റെ യാഥാർത്ഥ്യമായോ? ക്രിസ്തുവിലായിക്കഴിയുമ്പോൾ നമുക്ക് യഥാർത്ഥ ശാന്തി ലഭിക്കും

**മൂന്ന് : "എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു, തിരുനാമം നിമിത്തം എന്നെ നീതി പാതകളിൽ നടത്തുന്നു"**

എന്റെ പ്രാണനെ അവൻ പുതുക്കുന്നു, യഥാസ്ഥാനപ്പെടുത്തുന്നു, പുനർജ്ജീവിപ്പിക്കുന്നു. നമ്മുടെ ദുഃഖത്തിൽ അവൻ ആശ്വസിപ്പിക്കുന്നു. ബലഹീനതയിൽ ശക്തീകരിക്കുന്നു.

നീതി പാതയിൽ എന്നുള്ളത് ശരിയായ പാതയിൽ എന്നു ഭാഷാന്തരം ചെയ്യാവുന്നതാണ്. He guides me in the right tracks. നേരായ പാതയിൽ കൂടി നാം നടക്കുകയല്ല. അവൻ നടത്തുകയാണ്. ശാശ്വത സങ്കേതത്തിലേക്കുള്ള പാത ഇടുക്കവും ഞെരുക്കവും ഉള്ളതാണ്.

"നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോ

യിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു"

യെശയ്യാവ് : 53:6

എങ്കിലും നമ്മുടെ നല്ല ഇടയൻ തിരുനാമം നിമിത്തം നമ്മെ സത്യപാതയിൽ നടത്തുന്നു. അവന്റെ ശബ്ദം കേട്ട് അവനെ അനുഗമിച്ചാൽ മതി. ഇവിടെ ഒരു ചോദ്യം ഉയരുന്നുണ്ട്. നീതി പാതകളിൽ നടത്തപ്പെടാൻ സമ്മതമാണോ? കാരണം ഈ പാത ലോകനീതിക്കെതിരാണ്.

**നാല് : "കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരർത്ഥവും ഭയപ്പെടുകയില്ല, നീ എന്നോടു കൂടെയിരിക്കുന്നുവല്ലോ, നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു."**

ഒരു വിശ്വാസിയുടെ ജീവിതയാത്രയിൽ ആദ്യ സമൃദ്ധിയുടെ അനുഭവങ്ങൾ മാത്രമല്ല, ജീവിത മദ്ധ്യത്തിൽ കൂരിരുൾ താഴ്വരയുടെയും മരണനിഴൽ താഴ്വരയുടെയും അനുഭവങ്ങൾ ഉണ്ടാകും. കാരണം സീയോൻ പാതയിൽ ധാരാളം കണ്ണുനീർ താഴ്വരകളും കൂരിരുൾ താഴ്വരകളും ഉണ്ട്. സീയോൻ സഞ്ചാരികൾ വഴി മദ്ധ്യേ ധാരാളം പരീക്ഷകളെയും പ്രതിസന്ധികളെയും നേരിടേണ്ടിവരും. കൂരിരുൾ താഴ്വരയിൽ നാം വിശ്രമിക്കുകയോ, അന്തി ഉറങ്ങുകയോ അല്ല പ്രത്യുത നടക്കുകയാണ്. ഈ താഴ്വര പാർക്കുവാനുള്ളതല്ല, പാർപ്പിടത്തിലേക്കുള്ള വഴി മാത്രമാണ്. ഇവിടെ തറ്റുനില്ക്കാതെ കൂടെയുള്ള ഇടയന്റെ കരംപിടിച്ച് മുന്നോട്ടു നടന്നു നീങ്ങുക.

"നൊടി നേരത്തേക്കുള്ള ഞങ്ങളുടെ

> ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു"
>
> 2 കൊരിന്ത്യർ : 4:17

ക്രൂശിന്റെ ചുവട്ടിൽ ആദ്യപാദം വെച്ച് ആരംഭിച്ചു ദൈവസിംഹാസനത്തിൻ മുമ്പിൽ അവസാനിക്കുന്നതാണ് സിയോൻ പാത. ഇതു ഇടുക്കവും ഞെരുക്കവും വൈഷമ്യമേറിയതും ആണ്. തന്നെത്തന്നെ ത്യജിച്ചും വെറുത്തും കൊണ്ട് മാത്രമേ ഈ പാതയിലൂടെ മുന്നോട്ടു പോകാൻ കഴിയൂ.

ഈ പാത മരണത്തിന്റെ ഇടനാഴിയിൽ കൂടി കടന്ന് അമർത്യരുടെ പ്രകാശത്തിലേക്കു പ്രവേശിക്കുന്നതാണ്. ഇത് മരണത്തിന്റെ താഴ്‌വരയല്ല, മരണനിഴൽ താഴ്‌വരയാണ്. നാം ഭയപ്പെടേണ്ട. ക്രിസ്തു നമ്മോടു കൂടെയുണ്ട്. ഓർക്കുക, നമ്മുടെ ഏറ്റവും വലിയ പ്രശ്നത്തെക്കാളും വലിയവനാണ് നമ്മുടെ കർത്താവ്.

> "ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു, കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ................ നാം ഭയപ്പെടുകയില്ല."
>
> സങ്കീ. 46:1–3

ഇടയൻ ഉപയോഗിക്കുന്ന വടിയും കോലും സംരക്ഷണത്തിന്റെയും വിടുതലിന്റെയും ചിഹ്നങ്ങളാണ്. ശത്രുവിനെ തുരത്താനും ആടിനെ വഴികാട്ടി നടത്താനും ഈ

വടി മതിയായതാണ്. നമ്മുടെ ഇടയനായ യേശുവിന്റെ കയ്യിലെ വടി അവന്റെ വചനം തന്നെയാണ്. ഈ നല്ല ഇടയൻ സത്യവഴി ഏതെന്നു കാണിച്ചു തരികയല്ല, അവൻ തന്നെയാണ് ഏക വഴി. വേറെ വഴികളില്ല. അതിനാൽ അവനോടു കൂടെ പറ്റിചേർന്നു നടന്നാൽ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാം.

**അഞ്ച് : "എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണ കൊണ്ട് അഭിഷേകം ചെയ്യുന്നു എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു"**

ഇവിടെ ഇടയന്റെ കരുതലും സംരക്ഷണവും കാണുന്നു. Providence and Protection. ശത്രുക്കൾ കാൺകെ വിരുന്നൊരുക്കുന്ന ദൈവമാണ് നമ്മുടെ ദൈവം. നാം ചെയ്തു പോയിട്ടുള്ള പാപങ്ങളാണ് നമ്മുടെ ശത്രുക്കൾ. ശത്രുവായ സാത്താനെ പരാജയപ്പെടുത്തി കർത്താവിനോടൊത്ത് സ്വർഗ്ഗീയ വിരുന്നിനു നാമെല്ലാവരും ഒരിക്കൽ ഇരിക്കേണ്ടതാണ്. ക്രിസ്ത്യാനികളുടെ ശത്രുക്കൾ ആരാണെന്ന് പത്രോസു ശ്ലീഹാ പറയുന്നതു നോക്കാം.

> "നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു"
>
> 1 പത്രൊസ് : 5:8

പരിശുദ്ധാത്മാവിന്റെ ഫലങ്ങളും വരങ്ങളും അതുമൂലം ഉളവാകുന്ന പ്രകാശനവും പുതുക്കവുമാണ് എണ്ണ കൊണ്ടുള്ള അഭിഷേകത്തിൽ അന്തർഭവിച്ചിരിക്കുന്നത്.

ശത്രുക്കൾ കാൺകെ യേശു ഒരുക്കുന്ന വിരുന്ന് ഏതാണ് ? കർത്താവായ യേശുക്രിസ്തു തന്റെ മക്കൾക്കു വേണ്ടി നിത്യമായ ഒരു മണവറ സ്ഥാപിക്കുകയും അവരുടെ ഭക്ഷണമായി തന്റെ ശരീരത്തെ അവർക്കു വിഭജിച്ചു കൊടുക്കുകയും പാനീയമായി തന്റെ രക്തത്തെ കലർത്തി കൊടുക്കുകയും ചെയ്തതിനെക്കാൾ വലുതായ ഒരു വിരുന്ന് എന്താണുള്ളത് ? ഞാൻ യഹോവയുടെ ആടു മാത്രമല്ല, അതിലുപരി അവന്റെ അതിഥിയാണ്.

കർത്താവിനോടു കൂടെ ആത്മീയ ഭോജനത്തിൽ പങ്കെടുത്ത് അഭിഷേകത്തിന്റെ അനുഭവത്തിൽ നില നിൽക്കുന്ന ദൈവ പൈതൽ നിറഞ്ഞു കവിയുന്ന അനുഭവത്തിൽ ആയിത്തീരുന്നു.

തലയെ എണ്ണ കൊണ്ട് അഭിഷേകം ചെയ്യുന്നു. പാറയിൽ തട്ടിയും മുള്ളുകളിൽ ഉടക്കി പോറലേറ്റും ആടുകളുടെ തല പലപ്പോഴും മുറവേൽക്കും. വെയിലാറുമ്പോൾ ഇടയൻ ഓരോ ആടിനെയും പരിശോധിച്ച് മുറിവേറ്റവയെ എണ്ണ പുരട്ടി ആശ്വസിപ്പിക്കും. എണ്ണ പൂശി തലോടുന്ന നല്ല ഇടയന്റെ സ്നേഹസ്പർശനം എത്ര ആശ്വാസദായകമാണ്. അവന്റെ ജീവിതം സ്തുതി കൊണ്ട് നിറയുന്നു. സ്വന്ത ആവശ്യത്തിനു മാത്രമല്ല, ആത്മാവിനെ മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാനുള്ള സമൃദ്ധിയുടെ അനുഭവം പ്രാപിക്കുന്നു.

> ‘‘എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു........ ജീവജലത്തിന്റെ നദികൾ ഒഴുകും’’
>
> യോഹന്നാൻ : 7:38

"Christianity includes an inflow and an outflow'' ഈ അനുഭവം സ്വായത്തമാക്കുന്നത് എത്ര ശ്രേഷ്ഠമാണ്.

**ആറ് : നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിൻതുടരും, ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും"**

നല്ല ഇടയനായ യേശുവിനെ പിൻപറ്റുന്നവനെ ആയുഷ്ക്കാലമൊക്കെയും നന്മയും കരുണയും പിൻപറ്റും. Surely your goodness and unfailing kindness will follow me as long as I live". ഇടയന്റെ നന്മ നമ്മുടെ ആവശ്യങ്ങളെ നിർവ്വഹിക്കുന്നു. അവന്റെ കരുണ നമ്മുടെ പാപങ്ങളെ മായിക്കുന്നു.

അവൻ നമ്മെ പോറ്റുന്ന, കരുതുന്ന, നമുക്കായി പൊരുതുന്ന, നമ്മെ നയിക്കുന്ന, ആശ്വസിപ്പിക്കുന്ന നല്ല ഇടയനാണ്. അതുകൊണ്ടാണ് ഒരു കൊച്ചുപെൺകുട്ടി 23–ാം സങ്കീർത്തനം ഇപ്രകാരം ചൊല്ലിയത്. "The Lord is my Shephered, that is all I want." യഹോവ എന്റെ ഇടയനാകുന്നു, അതുമാത്രം എനിക്കു മതി. നമ്മുടെ ജീവിതത്തിലെ എല്ലാ വശങ്ങളെയും കുറിച്ച് ചിന്തയും കരുതലും ഉള്ളവനാണ് നല്ലവനായ കർത്താവ്.

'യഹോവ എന്റെ ഇടയാനാകുന്നു' എന്ന വിശ്വാസ പ്രഖ്യാപനത്തോടെ ആരംഭിക്കുന്ന ഇരുപത്തിയമൂന്നാം സങ്കീർത്തനം ''ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും" എന്ന ഉറച്ച പ്രത്യാശയോടെയാണ് അവസാനിക്കുന്നത്. അതെ, യഹോവയുടെ ആടുകളുടെ അവസാന വിശ്രമ സ്ഥാനം യഹോവയുടെ ആലയം

തന്നെയായിരിക്കും. വാതിലാകുന്ന ഇടയനിലൂടെ അകത്തു കടന്ന് സ്വർഗ്ഗവീട്ടിൽ നിത്യകാലം വാഴുന്ന നിത്യഭാഗ്യം ആടുകൾക്കു ലഭിക്കുന്നു. പിതാവിന്റെ ഭവനത്തിൽ എത്തുന്ന നാം അതിഥികളും ഇപ്പോൾ കർത്താവു ആതിഥേയനുമാണ്.

27–ാം സങ്കീർത്തനം 4–ാം വാക്യം നമ്മുടെ ലാക്കും ലക്ഷ്യവും പ്രാർത്ഥനയും ആയിരിക്കട്ടെ. "ഞാൻ യഹോവ യോടു ഒരു കാര്യം അപേക്ഷിച്ചു, അതുതന്നെ ഞാൻ ആഗ്ര ഹിക്കുന്നു, യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും, എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നെ."

കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ മണ്ണിൽ മറഞ്ഞാലും, മന്നിൽ വസിച്ചാലും വിണ്ണിൻ സന്നിധി ചേരുന്ന വിശുദ്ധന്മാരുടെ നിരയിൽ കാണപ്പെടുവാൻ നാം എപ്പോഴും ഒരുങ്ങിയിരിക്കണം.

യഹോവ ഇടയനായിരിക്കുന്ന ജനം ഭാഗ്യമുള്ളത്. ചിന്തിച്ചു നോക്കു – യഹോവ നിന്റെ ഇടയനാണോ? അല്ലെങ്കിൽ വിശ്വാസത്തോടെ ഈ നല്ല ഇടയനെ ഇപ്പോൾ തന്നെ രക്ഷിതാവായി സ്വീകരിക്കൂ. അവൻ നിന്നെ യഹോവയുടെ ആലയത്തിലേക്കു നടത്തട്ടെ. അതാണ് ഒരു വിശ്വാസിയുടെ നിത്യപാർപ്പിടം. 23–ാം സങ്കീർത്തനത്തിന്റെ അവസാനവാക്യത്തിൽ ദാവീദ് നിശ്ചയദാർഢ്യത്തോടെ "ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും" എന്ന് പറയുന്നു. ഈ അനുഗ്രഹിക്കപ്പെട്ട ഉറപ്പ് നിങ്ങൾക്കും ഉണ്ടായിരിക്കട്ടെ.

“നിത്യ നിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്യാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ. അവന് എന്നേക്കും മഹത്വം. അമേൻ.”

എബ്രായർ: 13:20–21